se No. 1/1117.
d 15—3—1117. / 31—10—1941.
Reg. C. No. 2.

പത്രാധിപന്മാർ. { എം. പി. പോൾ, എം. ഏ.
കെ. ജെ ജോസഫ് തേറാട്ടിൽ, എം. ഏ., ബി. എൽ






പുസ്തകം 1 } 1117 തുലാം { ലക്കം 3


1. അഴലിൽ മൂടിയോരനുരാഗം
വിദ്വാൻ അടയത്തു കൃഷ്ണപിള്ള.

2. ശാസ്ത്രസാഹിത്യം
ടി. സുധാകരമേനോൻ, എം. എസ്സ്. സി.

3. ഭക്ഷ്യഘടകങ്ങൾ
ഡോക്ടർ സി. എൽ. ജോസഫ്.

4. കഥക്കപ്പുറം
മാടശ്ശേരി മാധവവാരിയർ, അരിപ്പാട്.

5. '[illegible]'
പുത്തൻകാവ് മാത്തൻതരകൻ, ബി. ഒ. എൽ.

6. നാട്ടുത്തുകാരൻ
സി. കെ. സെബാസ്റ്റ്യൻ, അരണാട്ടുകര.

7. സ്ത്രീയില്ലാത്ത സാഹിത്യം
ടി. കെ. കുഞ്ഞേലിയാ, ബി. ഏ., ബി. എൽ.

8. [illegible]
പോഞ്ഞിക്കര റാഫി.

9. സാഹിത്യലോകത്തിലെ അപസർപ്പകന്മാർ
എം. പി. പോൾ, എം. ഏ.

10. സോക്രട്ടീസ്
പി. എച്ച്. എസ്.

ഈ മാസികയിലുള്ള ലേഖനങ്ങൾ മാസികാ പ്രൊപ്രയി
ററരുടെ അനുവാദം കൂടാതെ പ്രസിദ്ധപ്പെടുത്താവുന്നതല്ല.

മാസികാ പ്രൊപ്രയററർ.

**യാന്ത്രികയുദ്ധം ചെയ്യാൻ ഭയമുണ്ടോ?**

**ഉം—എന്തിനു ഭയം?**

യന്ത്രങ്ങൾക്കാവശ്യമായ വാർപ്പുകൾ, കടച്ചൽ, പ്ലെയിനിംഗ്, ഓയിൽ ടാങ്കുകൾ ഉണ്ടാക്കൽ, ബോയിലറുകൾ, സ്റ്റീം, പാറഫിൻ യന്ത്രങ്ങൾ നന്നാക്കൽ മുതലായവകൾ ചെയ്യുന്നുണ്ട്. ഒരേ—ഒരു പരീക്ഷണം!!! സമർത്ഥരായ ജോലിക്കാർ. മിതമായ നിരക്ക.

**ദ് സ്റ്റാൻഡേർഡ്**
**എഞ്ചിനീയറിംഗ് വർക്സ്**

ആലുംകടവ്, എറണാകുളം.

**മാന്യരെ,**

**'ഉദയം'** വായിച്ച് തൃപ്തിപ്പെട്ടാൽ മാത്രം പോരാ. ഞങ്ങളേയും കൂടി ഓൎക്കണേ!

രാത്രിയും പകലും ഏതു സമയത്തും ഒരേ വിലക്കു മരുന്നുകൾ കൊടുക്കുന്നതിന്നു തയ്യാറാണ്.

**ജയിംസൺ & കൊ,**
ഇംഗ്ലീഷ് മരുന്നു കച്ചവടം,
ബ്രോഡ് വെ,
എറണാകുളം.

**സിററി ഹാൾ**

ഞങ്ങളുടെ കടയിൽ
പുതിയ മാതിരിയിലുള്ള
എല്ലാത്തരം
**തുണിച്ചരക്കുകളും**
**കുടകളും**
മൊത്തമായും ചില്ലറയായും
വിൽക്കപ്പെടുന്നു.

പ്രൊപ്രൈററർ:
എം. കെ. അബ്ദുൽ
റഹിമാൻ സാഹിബ്,
ബ്രോഡ് വെ, എറണാകുളം.

**സി. എൽ. മാത്തു,** കെമിസ്റ്റ്

ദ് റൗണ്ട്—തൃശ്ശൂർ

രാത്രിയും പകലും ഇംഗ്ലീഷ് മരുന്നുകൾ കൊടുക്കപ്പെടുന്നു.

The Sahridaya Reading Room
Kanjirappally


# ഉദയം

പുസ്തകം 1 | 1117 തുലാം | ലക്കം 3


## അഴലിൽ മൂടിയോരനുരാഗം

(നരനായിങ്ങനെ)

വിദ്വാൻ അടയത്ത് കൃഷ്ണപിള്ള.

വിരഹവാരിധിതൻ തരളകല്ലോല-
നിരയിൽപ്പെട്ടു ഞാനുഴലുമ്പോൾ,
വിരിയാമൊട്ടെന്നു വിരിയുമെന്നോർത്തു
വിരയും വണ്ടുപോലലയുമ്പോൾ,
വിഗതഭാഗ്യത്തിൻ വിജയകാഹള-
വിളിയെൻകർണ്ണത്തിലണയുമ്പോൾ,
വിജനജീവിതഗതിയേ സൽഗതി
വിഫലമന്യമെന്നറിയുമ്പോൾ,
ഇരുളകറ്റുന്ന പുലരിക്കന്യയാൾ
ചൊരിയും രാഗത്തിലഖിലവും
മുഴുകുമ്പോൾ, ഞാനോ തഴുകുന്നുണ്ടാവാ-
മഴലിൽ മൂടിയോരനുരാഗം.

ഭുവനമോഹന കവനമാധുരി-
കവരും വസ്തുക്കൾ വളരവേ,
നവനവോല്ലേഖ മധുവിലാറാടി-
ക്കവിനിവഹങ്ങൾ തെളിയവേ,
വിരവിലാദിത്യനലകം ചെങ്കതിർ-
നിരയിലാറാടിച്ചുകലവേ,
വളരൊളിവാനിൽ വിതറും താരങ്ങ-
ളിളയെ വീക്ഷിച്ചു വിലസവേ,
കിളികളവ്യക്ത മധുര രാഗത്തിൽ
പതിവുപോൽ ഗാനം മൊഴിയവേ,
അരിയകോരക നിരകൾ സുസ്മിതം
ചൊരിയവേ കാന്തിയൊഴുകവേ,
സുരഭിലസുമ പരിമളം വീശി-
യരികിൽ മാരുതനണയവേ,
ഇരുളകറ്റുന്ന പുലരിക്കന്യയാൾ
ചൊരിയും രാഗത്തിലഖിലവും
മുഴുകവേ, ഞാനോ തഴുകുന്നുണ്ടാവാ-
മഴലിൽ മൂടിയോരനുരാഗം.

# ശാസ്ത്രസാഹിത്യം

ടി. സുധാകരമേനോൻ, എം. എസ്സ്. സി.

മററു ഭാരതീയ ഭാഷകളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ, മലയാളഭാഷയ്ക്കു് പറയത്തക്കതായ ഒരു ശാസ്ത്രസാഹിത്യം സിദ്ധിച്ചിട്ടില്ലെന്നു് വ്യസനസമേതം സമ്മതിക്കാതെ തരമില്ല. ഏതെല്ലാം വിധത്തിൽ അഭ്യുന്നതിയുണ്ടായിരുന്നാലുംശരി, നവീനശാസ്ത്രഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ ദുർല്ലഭമായിരിക്കുന്നിടത്തോളംകാലം നമുക്ക് ഭാഷാഭിമാനത്തിന്നു് അവകാശമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ ഭാഷയിലെ സാങ്കേതികപദ ദാരിദ്ര്യമാണു് ശാസ്ത്രസാഹിത്യവളർച്ചയ്ക്കു് ഒരു മുഖ്യ പ്രതിബന്ധമായി നില്ക്കുന്നതു്. സാങ്കേതിക പദ നിർമ്മാണ വിഷയത്തിൽ ഈയ്യിടെ തിരുവിതാംകൂർ സർവ്വകലാശാലക്കാർ ശ്രദ്ധ പതിപ്പിച്ചുകാണുന്നുണ്ടെന്നുള്ളതു് വളരെ ആശ്വാസകരംതന്നെ.

പുതിയ ശാസ്ത്രഗ്രന്ഥങ്ങളെ രചിക്കുന്നതിന്നു് മുമ്പായി, മലയാളഭാഷയിൽ ഇതുവരെ ഉണ്ടായിട്ടുള്ള ശാസ്ത്രഗ്രന്ഥങ്ങളെ തേടിപ്പിടിച്ചു് അവയ്ക്കു് അവ അർഹിക്കുന്ന സ്ഥാനം കൊടുക്കണം. പല ശാസ്ത്രഗ്രന്ഥങ്ങളും തീരെ അപ്രസിദ്ധങ്ങളായിട്ടുണ്ടു്. റവറൻറു് എൽ. ജോഹനാസ് ഫ്രോഹൻ മേയർ പാതിരിയുടെ "പ്രകൃതിശാസ്ത്രം" എന്ന പുസ്തകം ഇത്തരത്തിലൊന്നാകുന്നു. എം. ഉദയവർമ്മ രാജാവിൻെറ "പ്രവേശിക", കൃഷ്ണൻ പണ്ടാലയുടെ "രസതന്ത്രം", ടി. കെ. കൃഷ്ണമേനോൻെറ "ഭൂപ്രകൃതിശാസ്ത്രം", നാലപ്പാട്ടു് നാരായണമേനോൻെറ "മനശ്ശാസ്ത്രം" മുതലായി പല ശാസ്ത്രഗ്രന്ഥങ്ങളും മലയാളഭാഷയിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇനിയും അനവധി ശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്.

അപ്രകാരം തന്നെ, പഴയ മാസികകൾ തേടി നോക്കുന്നപക്ഷം അവയിൽ ശാസ്ത്രസംബന്ധമായ അനവധി ലേഖനങ്ങൾ കാണുന്നതാണു്. ചില ഉദാഹരണങ്ങൾമാത്രം ഇവിടെ ചേർത്തുകൊള്ളട്ടെ. 1072 കന്നിയിലെ 'ഭാഷാപോഷിണി'യിൽ ടി. എൽ. ടി. യുടെ "വിദ്യുച്ഛക്തി", 1093 ധനുവിലെ 'മംഗളോദയ'ത്തിൽ എ. പി. യുടെ "സിനിമ അല്ലെങ്കിൽ ചലനചിത്രം", 1093 മകരത്തിലെ 'കൈരളി'യിൽ എം. സുബ്രഹ്മണ്യയ്യരുടെ "വെളിച്ചത്തിൻെറ പ്രകൃതി", 1098 കന്നിയിലെ 'ഉണ്ണിനമ്പൂതിരി'യിൽ എം. ആർ. കെ. സി. യുടെ "ജ്യോതിർമ്മണ്ഡലം", 1100 മിഥുനം—കർക്കടകത്തിലെ 'സ്വദേശാഭിമാനി'യിൽ ആർ. നാരായണപ്പണിക്കരുടെ "പൗരസ്ത്യവിജ്ഞാനം", 1078 മീനത്തിലെ 'രസികരഞ്ജിനി'യിൽ "വിദ്യുച്ഛക്തി-അതുകൊണ്ടുള്ള അത്ഭുത പ്രയോഗങ്ങൾ", 1078 എടവത്തിലെ 'രസികരഞ്ജിനി'യിൽ എ. ശങ്കരപ്പുതുവാളുടെ "ഒരുതുള്ളി മഷി", 1113 മേടം-എടവത്തിലെ 'എം. എൻ. നായർ മാസിക'യിൽ പ്രഫസർ ജോസഫ് മുണ്ടശ്ശേരിയുടെ "വ്യോമയാനപാത്രങ്ങൾ", 1092 ചിങ്ങത്തിലെ 'കൈരളി'യിൽ എം.

രാജ രാജ വമ്മത്തമ്പുരാൻെറ "ശാസ്ത്രത്തിൻെറ മൂലതത്വങ്ങൾ" മുതലായവ. ഇത്തരം ശാസ്ത്രീയലേഖനങ്ങളെ തേടിപ്പിടിച്ച്, അവയെ പ്രകൃതിശാസ്ത്രം, സസ്യശാസ്ത്രം, രസതന്ത്രം, ഭൂഗർഭശാസ്ത്രം മുതലായ പല വകുപ്പുകളായി തരംതിരിച്ച്, പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുവാൻ കൊച്ചിയിലെ ഭാഷാപരിഷ്കരണക്കമ്മററിക്കാരോ തിരുവിതാംകൂർ സവ്വകലാശാലക്കാരോ ഉത്സാഹിക്കുന്നതായാൽ വളരെ നന്നായിരിക്കും. ഈ ലേഖനങ്ങളെ പരിശോധിയ്ക്കുന്നപക്ഷം അനവധി പുതിയ സാങ്കേതികപദങ്ങളെ സമ്പാദിയ്ക്കുവാനും കഴിയുന്നതാണ്. സാങ്കേതികപദ നിഘണ്ടു രചിയ്ക്കുന്നതിൽ ഈ പദങ്ങൾ വളരെ ഉപകരിയ്ക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സാങ്കേതികപദ ദൗർല്ലഭ്യമാണ് മലയാളഭാഷയുടെ ശാസ്ത്രസാഹിത്യപുരോഗതിക്ക് ഒരു വലിയ തടസ്സമായി നിലകൊള്ളുന്നത്. ഭാഷാഭിമാനികൾ ഒത്തൊരുമിച്ച് പ്രയത്നിക്കുന്നപക്ഷം മലയാളഭാഷയിൽ നിഷ്പ്രയാസം ഒരു വിപുലമായ ശാസ്ത്രസാഹിത്യത്തെ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. മലയാളഭാഷക്ക് ഇന്ന് ഒരു ജീവൽസാഹിത്യത്തേക്കാൾ അത്യാവശ്യമായിരിക്കുന്നത് ഒരു ശാസ്ത്രസാഹിത്യമാണെന്നാണ് എൻെറ വിശ്വാസം.

# ഭക്ഷ്യഘടകങ്ങൾ

ഡോക്ടർ സി. എൽ. ജോസഫ്.

നമ്മുടെ ഭക്ഷ്യപദാൎത്ഥങ്ങളിൽ മുഖ്യമായവ പ്രോട്ടീൻ, ധാന്യന്തു്, കൊഴുപ്പ് ഇവയാകുന്നു. അഗ്നീകരണത്തിന്നു എളുപ്പത്തിൽ വിധേയമാകുന്നതു ഇവയാകുന്നു. അഗ്നീകരണംകൊണ്ടുമാത്രമാണ് ശക്തി ആവിർഭവിക്കുന്നത്. അതുകൊണ്ടാണ് അഗ്നീകാര്യമായ വസ്തുക്കൾമാത്രം ആഹാരമായി പ്രയോജകീഭവിക്കുന്നത്. മൗലികപേശികളുടെ ക്ഷയം പരിഹരിയ്ക്കുവാൻ അത്യാവശ്യമാകുന്നതിനുപുറമെ ശരീരത്തിൻെറ ചൂടു നിലനിൎത്തുന്നതിന്നും അവ ഉപയുക്തമാകുന്നു.

ധാന്യപ്രോട്ടീനെക്കാൾ വിലയേറിയതു ജന്തുപ്രോട്ടീനാകുന്നു. ജന്തുപ്രോട്ടീനിൽ ജന്തുശരീരത്തിന്നാവശ്യമുള്ള എല്ലാ ഘടകങ്ങളും വേണ്ടത്തക്ക അളവിലുണ്ട്. അവയെ വലിയ ശ്രമം കൂടാതെ മൗലികപേശികൾ ഉപയോഗിക്കുന്നു. ധാന്യപ്രോട്ടീനിൽ ഈ ഘടകങ്ങളുടെ പരിമാണത്തിലുള്ള വ്യത്യാസം വിപുലമാകുന്നു. ചിലതിൽ പത്തിനൊന്നുവീതവും മററു ചിലതിൽ ഒന്നിനു പത്തുവീതവുമാണ് കണ്ടുവരുന്നത്. വളരെ ക്ലേശം കൂടാതെ ഇവയെയെല്ലാം അപഗ്രഥിച്ച് ആ

വശ്യമുള്ള തോതിൽ പുനസ്സംഘടിപ്പിച്ച് ഉച്ഛിഷ്ടം വിസജ്ജിക്കുന്നതിനു മൗലികപേശികൾക്കു സാധ്യമല്ല. തന്മൂലം ഈ പ്രവൃത്തിയിൽ ഭക്ഷ്യസാധനങ്ങൾ വ്യത്ഥങ്ങളായി ഭവിക്കുന്നുണ്ട്. ചില അപരിത്യാജ്യമായ പദാത്ഥങ്ങൾ ധാന്യപ്രോട്ടീനിൽ ഇല്ലതാനും. അതുകൊണ്ടു ജന്തുപ്രധാനമായ പ്രോട്ടീൻചേൎന്ന പദാത്ഥങ്ങൾ ആഹാരത്തിന് ഒഴിച്ചുകൂടാത്തതാകുന്നു. ശരീരത്തിന്നാവശ്യമുള്ള ശക്തിക്ക് അമ്ലീകരണം കൂടുതൽ വേണ്ടിവരുന്നതിനാൽ, പ്രോട്ടീൻ വസ്തുക്കൾ അത്യാവശ്യത്തിനുമാത്രം ചെലുത്തിയാൽ മതിയാകുന്നതല്ല. ശീതപ്രദേശങ്ങളിൽ ഇത്തരം ഭക്ഷ്യപദാത്ഥങ്ങൾ അധികം വേണ്ടതാണ്.

ധാന്യന്തുറ് ഏതു നാട്ടിലും സുലഭമാണ്. അതു വിലകുറഞ്ഞതും എളുപ്പത്തിൽ ലഭിക്കാവുന്നതുമാണ്. ധാന്യന്തുറും പഞ്ചസാരയും മൗലികമായി ഒന്നുതന്നെയാണ്. മാത്രമല്ല, രക്തത്തിൽ അതു അനുപേക്ഷണീയമായ ഒരു ഘടകംകൂടിയാകുന്നു. ധാന്യന്തുറ് എളുപ്പത്തിൽ അമ്ലീകരിക്കപ്പെടുന്നതുകൊണ്ടു മൗലികപേശികൾക്കു ശ്രമം കുറയും. ശക്തിയും അതിശീഘ്രം ഉൽപാദിക്കപ്പെടുന്നു. കൊഴുപ്പ് അമ്ലീകരിക്കപ്പെടണമെങ്കിൽ മൗലികപേശികൾക്കു ധാന്യന്തുറിൻെറ സഹകരണം വേണം. കൊഴുപ്പാകട്ടെ അവസാനാംശംവരെ അമ്ലീകരിക്കപ്പെടുന്നില്ലെങ്കിൽ രക്തത്തിൽ അമ്ലം പ്രവേശിക്കുകയും തന്നിമിത്തം ഉന്മാദം പിടിപെടുകയും ചെയ്യും.

കൊഴുപ്പു ശരീരത്തിന് ഒഴിച്ചുകൂടാത്ത ഒരു ഭക്ഷ്യപദാത്ഥമായി കരുതേണ്ടതില്ല. കൊഴുപ്പിൻെറ കത്തവ്യം ധാന്യന്തുറ് നിർവ്വഹിച്ചുകൊള്ളും. ആവശ്യമുള്ളിടത്തോളം കൊഴുപ്പ് ധാന്യന്തുറിൽനിന്നു രൂപാന്തരപ്പെടുത്തി എടുക്കാവുന്നതാണ്. എന്നാൽ കൊഴുപ്പ് ചെലുത്തിയില്ലെങ്കിൽ അതിൽമാത്രം ലയിച്ചുകിടക്കുന്ന ചില ജീവദാംശങ്ങൾ (Vitamins) ജീവിക്കു ലഭിക്കാതെ പോകുന്നു. ഇവയുടെ അഭാവം പരിഹരിക്കുന്നതിനു പച്ചസസ്യങ്ങൾ ധാരാളം കഴിക്കുന്നതായാൽ അതോടുകൂടി വീററാമിനും ലഭിക്കുന്നതാണ്. കൊഴുപ്പിൽ ലയിച്ചുകിടക്കുന്ന ജീവദാംശങ്ങൾ പച്ചസസ്യങ്ങളിലും ലീനമായിരിക്കുന്നു.

എങ്കിലും പ്രായോഗികമായി അല്പം കൊഴുപ്പ് ആവശ്യമാണെന്നു പറയാം. കാരണം, ധാന്യന്തുറ് കൊഴുപ്പാക്കുന്നതിനും പച്ചസസ്യങ്ങളിൽനിന്നു വീററാമിൻസ് വലിച്ചെടുക്കുന്നതിനും അത്യാവശ്യമായ ശ്രമത്തിൽനിന്നു മൗലികപേശികളെ വിമുക്തമാക്കാമെന്നുതന്നെ. സാധാരണ ശരീരത്തിന്നാവശ്യമായ ശക്തിയിൽ മൂന്നിലൊന്നു കൊഴുപ്പിൽനിന്നാണ് സിദ്ധിക്കുന്നത്. അതുകൊണ്ടു കൊഴുപ്പ് അല്പമായിട്ടെങ്കിലും സംഭരിച്ചേ മതിയാവൂ. ധാന്യന്തുറ് ക്ഷണത്തിൽ ദഹനേന്ദ്രിയങ്ങളിൽ നിന്നു വലിക്കപ്പെടുന്നു. ധാന്യന്തുറുമാത്രം ധാരാളം ഭക്ഷിക്കുന്നതായാൽ വേഗത്തിൽ വിശപ്പ് തോന്നുന്നതാണ്. എന്നാൽ കൊഴുപ്പ് ദഹനേന്ദ്രിയങ്ങളിൽനിന്ന് അത്ര ക്ഷണത്തിൽ വലിച്ചെടുക്കപ്പെടുന്നില്ല. അതുകൊണ്ടു വിശപ്പ് അത്രയ്ക്കു വേഗത്തിൽ ഉണ്ടാകുന്നതുമില്ല. കൊഴുപ്പിൽ വെള്ളം മുതലായ അന്യവസ്തുക്കളില്ലാത്തതുകൊണ്ടു ഭക്ഷ്യപദാത്ഥങ്ങളുടെ ഫലം കുറയാതെതന്നെ ഭാരം കുറയുന്നു. വേവിച്ചു പതപ്പെടുത്തി മാത്രമേ ധാന്യന്തുറ് ഉപയോഗിക്കാൻ സാധിക്കയുള്ളു. എന്നുതന്നെ

യല്ല, അതു് ഉടൻതന്നെ പഞ്ചസാരയായി രൂപാന്തരപ്പെട്ടകയുംചെയ്യുന്നു. പഞ്ചസാര വലിച്ചെടുക്കണമെങ്കിൽ ധാന്യനൂറിന്റെ ഇരുപതിരട്ടിവെള്ളം ആവശ്യമാകുന്നു. ധാന്യനൂറിനു ദഹനദ്രവ്യങ്ങൾ വളരെ അധികം വേണം. ഭക്ഷ്യങ്ങളിൽ കൊഴുപ്പു് ചേൎന്നിടത്തോളം ഇതിനെല്ലാം പരിഹാരമുണ്ടാവുന്നതാണ്.

പഞ്ചസാര ധാന്യനൂറിനു തുല്യമാകുന്നു. അതു് എളുപ്പത്തിൽ ആമാശയത്തിൽനിന്നു വലിച്ചെടുക്കപ്പെടുന്നു. അതിൽനിന്നുള്ള ശക്തി ജീവിക്കു നിഷ്പ്രയാസം ലഭ്യമാണ്. പഞ്ചസാര രക്തത്തിന്റെ ഒരു ഘടകം മാത്രമായതുകൊണ്ടു സ്വാഭാവികമായിത്തന്നെ അതു രക്തത്തിൽ ലയിക്കുകയും ശ്രമംകൂടാതെ ജീവിക്കു ഉപയുക്തമായിത്തീരുകയുംചെയ്യുന്നു. ഭടന്മാർ അവിശ്രാന്തമായി യുദ്ധയാത്ര ചെയ്യുമ്പോൾ അവരുടെ ആഹാരത്തിന്റെ മുഖ്യഭാഗമായി നൽകപ്പെടുന്നതു പഞ്ചസാരയാകുന്നു. ശക്തി എളുപ്പം ലഭിക്കാവുന്നതുകൊണ്ടാണ് ഇപ്രകാരം ചെയ്യുന്നതു്.

തുക്കത്തിൽ തുച്ഛമാണെങ്കിലും ഉപയോഗത്തിൽ ഉപരിസ്ഥാനത്തുതന്നെ നില്ക്കുന്ന ഒരു വൎഗ്ഗമാകുന്നു 'വീററാമിൻസ്സ്' എന്നു പറയപ്പെടുന്ന ജീവദാംശങ്ങൾ. ഇവ ശരീരത്തിന്റെ ആരോഗ്യം നിലനിത്തുന്നതിനും ആയുസ്സിനെ സംരക്ഷിക്കുന്നതിനുപോലും ഒഴിച്ചുകൂടാത്തവയാണ്. ഇവയെപ്പോലെതന്നെ ഉപ്പും അനുപേക്ഷണീയമായ ഒരു ഘടകമാകുന്നു. ആവശ്യമുള്ളിടത്തോളം ഉപ്പു് ശരീരത്തിൽ വ്യാപിക്കുന്നില്ലെങ്കിൽ പട്ടിണി കിടക്കുന്നതുകൊണ്ടു സംഭവിയ്ക്കുന്നതിനേക്കാൾ ക്ഷണത്തിൽ ജീവിയ്ക്കു മരണം സംഭവിക്കുന്നു. ഭക്ഷ്യപദാൎത്ഥങ്ങൾ ദഹിക്കുമ്പോൾ, ഉണ്ടാകുന്ന അമ്ലത്തെ ഉടനടി ഉപ്പുകൊണ്ടു് അപാകരിച്ചില്ലെങ്കിൽ ഉന്മാദവും അചിരേണ മൃത്യുവും സംഭവിക്കുന്നു. അതുകൊണ്ടു ഉപ്പു് വീററാമിൻസുപോലെ ശരീരത്തിനു് അപരിത്യാജ്യമായ വസ്തുവാകുന്നു.

# കഥകളപ്പുറം

മാടശ്ശേരിൽ മാധവവാരിയർ, അരിപ്പാട്ട്.

I

"സുന്ദരമായ വസ്തു എന്നും
ആനന്ദസന്ദായകമാണ്."

കീററ്സ്.

**വ**ലിയ ഭാവനയും കെൽപും ഇല്ലാത്ത സാഹിത്യകാരന്മാർ (അക്കൂട്ടരാണ് ഈ വ്യവസായത്തിൽ അധികം ഏപ്പെട്ടന്നതു്.) പുരോഹിതന്മാരെക്കാപ്പം വിവാഹരംഗത്തിൽവച്ച്, ഇതുവരെ കാമുകവൃന്ദത്തിൻെറ സകല ചേഷ്ടകളിലും ഒളിഞ്ഞു നോക്കവാൻ മടിക്കാതെ വത്തിച്ചവരായിരുന്നിട്ടും, അവരെ സ്വമനസ്സാലെ അനുഗ്രഹിച്ചു വിടവാങ്ങുന്നു. അഥവാ ദരിദ്രബന്ധുക്കളെപ്പോലെ വലിയ സദ്യക്കശേഷമുള്ള 'വന്മുറി'ക്ക കാത്തുകെട്ടികിടന്നാലും, അവർ വണ്ണിക്കുന്നതു അല്പം മുൻപ് ഭരതവാക്യം ചൊല്ലി അവസാനിപ്പിച്ച 'കാമുകനാടക'ത്തിൻെറ ഒരു രംഗംതന്നെ ഒന്നോ രണ്ടോ 'ബാലപ്പാർട്ട്' കൂടെ 'ദാമ്പത്യനാടകത്തിൻെറ പ്രസ്താവന'യെന്ന ഭാവത്തിൽ നമ്മെ കാണിപ്പിക്കുവാൻ മാത്രമായിരിക്കും. അല്ലാതെ കാമുകൻ ഭത്താവായും, കാമിനി ദാരങ്ങളായും മാറുമ്പോൾ ഉണ്ടാകുന്ന പരിണാമങ്ങളെന്താണെന്നു നമ്മെ മനസ്സിലാക്കുവാൻ ഇവർ ശ്രമിക്കുന്നില്ല. കഥയുടെ തുടച്ചയാണെന്നു പറഞ്ഞു വേറൊരു ഗ്രന്ഥം രചിച്ചാലും അതിൽ ഈ ദമ്പതിമാരുടെ ജീവിതകഥയല്ല അവരുടെ സന്താനങ്ങളുടെ കഥയായിരിക്കും പ്രതിപാദ്യവിഷയം.

അല്ലാതെ മോഹച്ഛന്തയിൽ 'ആരും മണത്തിട്ടില്ലാത്ത പൂവാണെന്നോ, വിരൽകൊണ്ട് തൊടാത്ത തളിരാണെന്നോ, അണിയാത്ത ആഭരണമാണെന്നോ, ആസ്വദിച്ചുനോക്കിയിട്ടില്ലാത്ത മധുവാണെന്നോ, പുണ്യത്തിൻെറ പൂണ്ണരൂപമാണെന്നോ', എല്ലാം കരുതി തിരഞ്ഞു കൈക്കലാക്കിയ

'ചെമ്പൊൽതാർ ബാണഡംഭപ്രശമന
സുകൃതാപാത്തസൌഭാഗ്യവല്ലീ സമ്പത്തു'

വിചാരിച്ച മേന്മയുള്ളതായി ദാമ്പത്യജീവിതത്തിൽ പ്രത്യക്ഷപ്പെട്ടോ ഇല്ലയോ എന്നു നമുക്ക് അറിവാൻ കുതുകം അനല്പമുണ്ടെങ്കിലും ഈ കൂട്ടർഅതിനു തയ്യാറാകുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നതെന്നു ചോദിച്ചാൽ അതിനു മറുപടി നമ്മുടെ ചോദ്യത്തിൻെറ മാറെറാലിയോ, എങ്ങും തൊടാത്ത 'സ്ത്രീകളുടെ ചിത്തവും, പുരുഷൻെറ ഭാഗ്യവും ദേവന്മാക്കപോലും നിശ്ചയമില്ലാത്തതാണ്. പിന്നെ മനുഷ്യനെങ്ങനെ അറിയും?' എന്ന മറുപടിയോ ആയിരിക്കാം നമുക്ക സിദ്ധിക്കുന്നതു്. മനശ്ശാസ്ത്രത്തിൽ ഫ്രൌഡിൻെറ ചേട്ടന്മാരോ ആശാന്മാരോ ആണെന്നു ഭാവിച്ച് ഏററവും ചെറിയ കാര്യങ്ങൾപോലും വണ്ണിച്ച് അതിനെല്ലാം ഉപബോധ (Sub-consciousness) ത്തിൻെറ പ്രചോദനമുണ്ടെന്ന് വാദിക്കുന്നവരായിരിക്കും ഒടുവി

ൽ ഈ ഉത്തരം തരുന്നതു്. ഇതിൽപരം ഒരു വിഡ്ഢിത്തം വല്ലതുമുണ്ടോ?

II

വാസ്തവമാലോചിക്കുമ്പോൾ ഈ ക്രൂരർ തെററുകാരല്ല. അവരല്ല, അവരുടെ ലോകപരിചയമാണ് അവരെക്കൊണ്ട് മൗനം സ്വീകരിപ്പിക്കുന്നതോ, എങ്ങും തൊടാത്ത മറുപടി പറയിക്കുന്നതോ, എന്നു പറഞ്ഞാൽ വലിയ തെററില്ല. ലത്തീൻഭാഷയിൽ 'Post coitum omne triste' എന്നൊരു ചൊല്ലുണ്ട്. അതിൻെറ പരിഭാഷ 'ദാമ്പത്യബന്ധത്തിനുശേഷം എവരും ക്ഷീണചിത്തരാകുന്നു' എന്നാണ്. മിക്കവാറും ഈ അനുഭവം എഴുത്തുകാക്കും അവക്കു പരിചയമുള്ള ലോകത്തിനും ഉണ്ടായിട്ടുണ്ട്. അതാണ് മനുഷ്യരെക്കൊണ്ട് ഇങ്ങനെ ഈ കാൎയ്യത്തിൽ മൗനം സ്വീകരിപ്പിക്കുന്നതു്. കണ്ടോ കേട്ടോ അറിഞ്ഞു്, അന്യോന്യ ഗുണഗണസമതയാൽ ആകൃഷ്ടരായി, അനുരാഗം തെളിച്ചുകാട്ടുന്ന മാൎഗ്ഗത്തിൽക്കൂടെ സഞ്ചരിച്ചു് ദമ്പതികളായി ചമയുന്ന യുവയുഗ്മത്തിൻെറ ജീവിതപഥം മുഴുവൻ മുള്ളുനിറക്കുവാൻ ദമയന്തീനളന്മാരുടെ ജീവിതത്തിലെന്നപോലെ ഇന്നും 'കലി' എന്ന പിശാചു് തക്കംനോക്കി കാത്തിരിക്കുന്നുണ്ട്. കാലമാകുന്ന മഹാമാന്ത്രികനുപോലും നെടുനാൾ ശ്രമിച്ചിട്ടും ഈ 'ബാധ'യെ അടിച്ചിറക്കി സത്യം ചെയ്യിച്ചു് മേലിൽ വരാത്തവണ്ണം ഒഴിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

ഈ വിശ്വാസം മിക്കവരുടെയും ഹൃദയത്തിൽ സ്ഥിരമായി സ്ഥിതിചെയ്യുന്നുണ്ട്. വൈരാഗ്യം, ത്യാഗം, അതൃപ്തി, പുരോഭാഗിത്വം, വിരസത, ഇങ്ങനെ പല പടിയായി ഈ വിശ്വാസം സാഹിത്യത്തിലും ജീവിതത്തിലും ഒന്നല്ലെങ്കിൽ മറെറാരു രൂപത്തിൽ എന്നും നിഴലിച്ചുകാണുന്നുണ്ട്. ജീവിതകാലത്തിൽ ഏറിയഭാഗവും സ്വാതന്ത്ര്യമില്ലാത്തതും, ഇരുളുനിറഞ്ഞതും, ശുദ്ധവായു സഞ്ചരിക്കുവാൻ ഇടമില്ലാത്തതും, ആയ കാരാഗൃഹത്തിൽ കഴിച്ചുകൂട്ടിയ തടവുകാരന്നു് സ്വാതന്ത്ര്യം അസഹ്യമായിതോന്നുന്നതുപോലെ, ചുററും അശാന്തതയിലും അസ്വാസ്ഥ്യത്തിലും ജനിച്ചു ജീവിക്കുന്ന നമുക്കു മറെറാരു വിധത്തിൽ ചിന്തിക്കുവാൻ സാധിക്കാത്തതിൽ അത്ഭുതപ്പെടുവാനുണ്ടോ?

'അറിയില്ലനുരാഗമേറിയോ-
രറിവോർചുററിട്ടു,മൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം
കുറയും ഹാ സഖി ഭാഗ്യശാലികൾ'

എന്നു പാടിയതു് ഈ വിശ്വാസത്തിൻെറ മാറെറാലിയുടെ പ്രേരണ ഒന്നുമാത്രം കൊണ്ടാണ്.

III

പ്രണയം മരണംവരേയോ അതിനപ്പുറമോ നിലനിന്നാൽകൊള്ളാമെന്ന് എവക്കും ആശയുണ്ട്. അനന്തവും, മരണത്തിനപ്പുറത്തും തന്നെ വിട്ടുപിരിയാത്തതും, സുന്ദരവും, അനന്യസുലഭവും, നിസൎഗ്ഗജവുമാണ് തങ്ങളുടെ അനുരാഗമെന്ന് യുവാക്കന്മാക്ക് ഇന്നും വിചാരമുണ്ട്. പരിഷ്കാരം നമ്മിലും പ്രകൃതിയിലും വരുത്തിവച്ച മാററങ്ങൾ അനവധിയാണ്. അവ നമ്മുടെ കൂടെപ്പിറപ്പായ പല ആശകളെ ശ്വാസംമുട്ടിച്ചു് നശിപ്പിക്കുവാൻ വളരെ ഏറെ ശ്രമിക്കുന്നുമുണ്ട്. എങ്കിലും യുവാക്കന്മാർ ഇന്നും പ്രകൃതിദത്തമായ ശക്തികൊണ്ട് അനുരാഗം വച്ച വലയിൽ കുടുങ്ങുകയും യുവത്വത്തിന്നൊപ്പം

ഉദിക്കുന്ന ഭാവനയിൽ വിശ്വസിച്ച് വലിയ ആശാക്കോട്ടകൾ തയ്യാറാക്കുകയും ചെയ്യുവാൻ മറന്നിട്ടില്ല.

എന്നാലും ഏററവും അഭ്യസ്തവിദ്യരാണെന്നഭിമാനിക്കുന്നവരുടെ ഇടയിലും, കാവ്യമാധുരിയാലാർദ്രമായ മനസ്സാണ് തങ്ങൾക്കുള്ളതെന്ന വിശ്വസിക്കുന്നവരിലും, ഒരു ‘അസ്വസ്ഥത’ ഈ മോഹനചിന്തകളുള്ള ‘പുതുമോടി’യെ ‘പുകപിടിപ്പിച്ച്’ മങ്ങിപ്പിക്കാറുണ്ട്. തങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന ഒരു നൈസർഗ്ഗികനിയമം ഒടുവിൽ അനുരാഗത്തെ നശിപ്പിക്കുമെന്ന വിശ്വാസമാണ് പല നിശ്വാസങ്ങൾക്കും ഈ കൂട്ടരുടെ ഇടയിലും കാരണമുണ്ടാക്കുന്നത്. ഏററവും നല്ല ദാമ്പത്യശാസ്ത്രകാരന്മാരുടെ ഉപദേശങ്ങൾ പോലും അല്പകാലത്തെ സുഖജീവിതത്തിനുമാത്രമേ കെൽപുണ്ടാക്കിത്തീർക്കുകയുള്ളു എന്നും ഇവർ വിശ്വസിക്കുന്നു. നിയതിയുടെ നിശിതമായ നിയമം അല്പാല്പമായി അനുരാഗവൃക്ഷത്തിന്റെ തായിവേരുകളെ വേർപെടുത്തുന്നുണ്ടെന്ന വിചാരം പണ്ടേക്കുപണ്ടേ ഉള്ളതാണ്.

ഇങ്ങനെ ‘ആദർശകാമുകന്മാർ’ അനാകർഷകമായ ദമ്പതീഭാവം സ്വീകരിച്ചും, അന്യോന്യം അകന്നും, തമ്മിൽ ഒടുവിൽ കീരിയും പാമ്പും പോലെ പിണങ്ങിയും ഭയന്നും ജീവിക്കുന്നതു കാണുമ്പോൾ നമ്മളും കണ്ണീർപൊഴിച്ചുപോകും.

ഈ ആശയം സ്ഫുരിക്കുന്ന കവിതയോ കഥയോ ഉപന്യാസമോ ഒരിക്കലെങ്കിലും പ്രസിദ്ധപ്പെടുത്താത്ത ഒരു പത്രവും കാണുവാൻ പ്രയാസമാണ്. വാസ്തവം പറഞ്ഞാൽ ഈ പ്രചരണംകൊണ്ട് മനുഷ്യരുടെ മനസ്ഥിതിക്കുതന്നെ ഒരു മാററം വന്നുപോകും. ഈ അഭിപ്രായത്തിൽ വാസ്തവാംശമുണ്ടെന്നുള്ള വിശ്വാസം ഓരോ തലമുറ കഴിയുന്തോറും ലോകത്തിൽ വർദ്ധിക്കും. ‘തമ്മിലുള്ള ആകർഷണം’ നശ്വരമാണെന്നുവന്നാൽ വിവാഹസൗധത്തിന്റെ അസ്ഥിവാരം തകർന്നുപോകും. ശിശുക്കൾ കടൽക്കരെ പണിയുന്ന മൺകോട്ടകളെ ഒന്നിനൊന്നു മുന്നോട്ടു കുതിച്ചുവരുന്ന, തിരമാലകൾ തല്ലിത്തകർത്തു, മുറക്കുമുറക്ക് കുറേശ്ശയായി നശിപ്പിക്കാൻ തുടങ്ങുന്നതു് തടഞ്ഞില്ലെങ്കിൽ ഇങ്ങനെ ഒന്നുണ്ടായിരുന്നെന്ന രേഖപോലും കടൽക്കരെ കാണാത്തതുപോലെ, നമ്മളും, ഈ കാര്യത്തിൽ അജ്ഞതയും അശ്രദ്ധയും വിചാരിച്ചാൽ വന്നുകൂടുന്ന അബദ്ധം ‘വിവാഹ’ത്തിന്റെ മഹത്വം പാടെ നശിക്കുക എന്നതായിരിക്കും.* മുമ്പുദ്ധരിച്ച തെററായ വിശ്വാസമാണ് ഇതിനു വഴിതെളിച്ചുകൊടുത്തതു്. ആ അഭിപ്രായം തെററാണെന്നു തെളിയിക്കുവാനാണ് ഇവിടെ തുനിയുന്നതും. വാസ്തവം പറഞ്ഞാൽ ചിന്താശക്തിയുള്ളവർ ഈ തെററായ വിശ്വാസത്തെ പാടെ ഖണ്ഡിച്ച്, മനുഷ്യരുടെ ഇടയിൽ ഉണ്ടാകുന്ന വൈക്ലബ്യത്തെ നശിപ്പിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നു.

## IV

‘ദാമ്പത്യബന്ധംകൊണ്ട് മനുഷ്യന്റെ ആസക്തിയും ശക്തിയും ക്ഷയിച്ചുപോകുന്നു. നശിച്ച ശക്തി തിരിച്ചുകിട്ടുംവരെ പ്രണയപാത്രത്തിനോടു അയാൾക്കു ആസക്തി ഇല്ലാതിരിക്കും. മനസ്സിന്റെയും

* ദാമ്പത്യം ഒരു സാമുദായികബന്ധം മാത്രമാകുകയും മതപരമായോ, സന്മാർഗ്ഗികമായോ അതിനുണ്ടായിരുന്ന മഹത്വത്തെ ഇല്ലെന്നു സങ്കല്പിക്കുകയും ഏറെ പുരോഗാമികളാകയും ചെയ്യുന്നതുകൊണ്ടാണ് പാശ്ചാത്യരാജ്യങ്ങളിൽ വിവാഹബന്ധത്തിന് ശാശ്വതാവസ്ഥ നശിക്കുന്നത്.

ദേഹത്തിൻെറയും പ്രചോദനംകൊണ്ട് ഉണ്ടാകുന്ന ഘടനയിൽ മനുഷ്യന് ശക്തിനാശം സംഭവിക്കുന്നു. അതിനാൽ അയാൾ തൽകാലത്തേക്ക് അശക്തനാകയാൽ വിരക്തനായി ഭവിക്കുന്നു' എന്നാണ് മുൻ ഉദ്ധരിച്ച ലത്തീൻ പഴഞ്ചൊല്ലിൻെറ വ്യാഖ്യാനം.

ഈ വിശ്വാസം ഖണ്ഡിക്കുവാൻ ശ്രമിച്ചവർ അധികമില്ല. ഹാവ് ലൊക് എല്ലിസ് തൻെറ ബൃഹത്തായ 'കാമശാസ്ത്രപഠനം' എന്ന ഗ്രന്ഥത്തിൽ അരപ്പായ കടലാസ് ഇതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. 'നല്ല പരിസരം ലഭിക്കുമെങ്കിൽ വേദനയോ, വൈക്ലബ്യമോ, വികാരവിരസതയോ ദാമ്പത്യത്തിൽനിന്ന് ഉണ്ടാവുകയില്ല. രതിസർവ്വസ്വമായ അധരം ചുംബിക്കുന്നതുകൊണ്ട് ശോഷണമല്ല പോഷണമാണുണ്ടാകുന്നതും.' അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടെങ്കിലും ഏതാണ് 'നല്ല പരിസരം' എന്നു വ്യക്തമാകുന്നില്ല. ദാമ്പത്യബന്ധത്തിൽ ആനന്ദത്തിനുള്ള സ്ഥാനം ശാശ്വതമാക്കുവാൻ ആരാണ് കൊതിക്കാത്തത്?

V

'ദാമ്പത്യ'ത്തിൽ യജമാനനെന്നും ദാസിയെന്നും ഉള്ള ഭാവം ഭാര്യാഭർത്താക്കന്മാർ ആദ്യം ഇല്ലാതാക്കണം. സ്ത്രീ, കുടുംബിനിയും, സന്താനദാത്രിയും മാത്രമല്ല, തൻെറ പങ്കാളിയും തോഴിയുംകൂടെ ആണെന്നും ഓരോ ഭർത്താവും വിചാരിക്കണം. ഈ വിചാരം ഇല്ലാത്തതുകൊണ്ടാണ് വിവാഹജീവിതത്തിൽ അസുഖം മെല്ലെമെല്ലെ കടന്നുകൂടുന്നത്.

'ദാമ്പത്യ'ബന്ധം ശാരീരികമായിമാത്രമുള്ളതല്ലെന്ന് ആദ്യം മനസ്സിലാക്കണം. കാമമാണ് സ്നേഹമല്ല പലപ്പോഴും ഇക്കൂട്ടരെ അന്യോന്യാലിംഗനത്തിനു വിധേയരാക്കുന്നത്. അതുകൊണ്ടാണ് അല്പസമയംമാത്രം നീണ്ടുനില്ക്കുന്ന ഘടനക്കുശേഷം മനുഷ്യനു അതൃപ്തിയും മിക്കപ്പോഴും അതേ തുടന്നു തൻെറ കൂട്ടുകാരിയോട് ഒരു വിരക്തിയും തോന്നുന്നത്. അപ്പോഴാണ് നാരി നരൻെറ ശക്തിയെ അപഹരിച്ചുകളഞ്ഞു എന്നുള്ള ഭയം ഉണ്ടാകുന്നതും. ഇങ്ങനെ ഉള്ള വിചാരം കൊണ്ട് ദമ്പതികൾക്കു വിവാഹജീവിതത്തിലെ കാര്യവും അത്യുത്തമമായ ഗുണഗണങ്ങൾ ആസ്വദിക്കുവാനുള്ള ശക്തിപോലും നശിക്കുന്നു.

'ദാമ്പത്യത്തിനുശേഷം ഏവരും ക്ഷീണചിത്തരാകുന്നു' എന്ന തെററിദ്ധാരണക്കു വളംവച്ചുകൊടുത്ത വകകളെ എണ്ണി പറയുകയാണെങ്കിൽ ഒരു മഹാഭാരതംതന്നെ വേണ്ടിവരും. കാവ്യലോകത്തിലും, ശാസ്ത്രസാഹിത്യത്തിലും, വൈദ്യഗ്രന്ഥത്തിലും, സാധാരണരുടെ സംഭാഷണത്തിലും, തെരുവുതെണ്ടി നടക്കുന്ന ചെടവിടന്മാരുടെ അശ്ലീലസംഭാഷണത്തിലും, നാടകരംഗത്തിലും ഈ തെററായ വിചാരത്തിൻെറ പ്രതിഫലനം നമ്മൾ നിത്യവും കാണാറുണ്ട്.

ഈ ദുഷിച്ച ബോധം വെറും തെററിദ്ധാരണകൊണ്ടാണ് ഇത്ര വളന്നത്. വാസ്തവത്തിൽ പുലർകാലത്തും പകലേയും വളരെ വികൃതമായി വളരുന്ന മനുഷ്യൻെറ നിഴൽപോലെ ഇതിനും മനുഷ്യനുമായി വലിയ ബന്ധമില്ല. ശാസ്ത്രീയദൃഷ്ടിയിൽകൂടെ പരിശോധിച്ചാലും ഈ വിശ്വാസത്തിന് യാതൊരു നിൽക്കക്കള്ളിയും കാണുകയില്ല. വിഡ്ഢിത്തത്തിൻെറയും അജ്ഞതയുടേയും സന്താനമായി സംജാതമായ ഈ തെററായവിശ്വാസം മനുഷ്യരുടെ ദുഷിച്ച മനസ്ഥിതികൊ

ണ്ടു വളരെ വേഗം വളരുന്നു. സംസ്കൃതചിത്തരും അഭ്യസ്തവിദ്യരുമായ ദമ്പതിമാർക്കു ഇതു് ഒരു ശാസ്ത്രീയമായ സംഭവമാണെന്നറിയുവാൻ സാധിക്കയില്ല. അജ്ഞത താലോലിച്ചു വളർത്തിയ ഈ ആസുരസന്താനത്തെ നാട്ടുനടപ്പാകുന്ന ആഹാരം കൊടുത്തു പോററാതെ ശാസ്ത്രീയജ്ഞാനമാകുന്ന 'നന്ദക'ത്താൽ നിഗ്രഹിക്കേണ്ടതു് അത്യാവശ്യമാണ്.

തെററിദ്ധാരണയും വിവേചനാശീലമില്ലായ്മയും കൊണ്ടു പെട്ടെന്നു പല ദമ്പതികളുടെ ജീവിതവും അസഹ്യമായിത്തീരും. പ്രകൃതിയുടെ പ്രചോദനത്തെ അവഹേളിച്ചതുകൊണ്ടും, സ്വന്തം മനസ്സിനിണങ്ങത്തക്കവണ്ണം പ്രകൃതിയെ 'വികൃത'യാക്കി മാററിമറിച്ചതുകൊണ്ടും, തെററിദ്ധരിച്ചു്, നേർവഴി ചരിക്കാതിരുന്നതുകൊണ്ടും, അവർ തന്നത്താൻ ആപത്തിലേക്കു എടുത്തു ചാടുകയും അതോടൊപ്പംതന്നെ നരവംശം മുഴുവനേയും തങ്ങളെ വരിച്ചു കഴിഞ്ഞുമറിഞ്ഞ വൈതരണിയിലേക്കു വലിച്ചിടുകയും ചെയ്യുന്നു. അന്ധതാമിസ്രത്തിൽ വഴികാട്ടി അന്ധന്മാരെ രക്ഷിക്കുവാൻ ശ്രമിക്കുന്നവരും ജാത്യാന്ധന്മാരാണെങ്കിൽ ഫലം എന്തായിരിക്കും.?

## VI

ചില ദമ്പതികൾ പ്രപഞ്ചമാതാപിതാക്കന്മാരായ പാർവ്വതീപരമേശ്വരന്മാക്കൊപ്പം വാക്കും അർത്ഥവുംപോലെ പിരിയാതെയുള്ള 'യോഗ'ത്തോടുകൂടെ ജീവിതം മുഴുവനും ആനന്ദമയമായി കഴിച്ചുകൂട്ടുന്നു. അവരുടെ എണ്ണം ഏതുദേശത്തും കൈവിരലുകൾ കൊണ്ടു കണക്കെടുക്കാവുന്നതാണ്. ഇവർക്കു നിത്യാനന്ദസിദ്ധിക്കു് ഈശ്വരാനുഗ്രഹം ഒന്നുമാത്രമാണ് കാരണം എന്നു് മിക്കവരും വിശ്വസിക്കും. ഈ ആദർശദമ്പതിമാരോടു ചോദിച്ചാലും അവർ പറയുന്ന സമാധാനം നമ്മെ സുഖജീവിതത്തിനു തയ്യാറാക്കത്തക്കവണ്ണം പൂർണ്ണവിവരങ്ങളടങ്ങിയതായിരിക്കയില്ല. 'സ്നേഹിക്കുവാനും സ്നേഹം നിലനിറുത്തുവാനും അവർക്കറിയാം' എന്നുമാത്രമായിരിക്കും അവരുടെ സമാധാനം. ആ സമാധാനം നമ്മെ തൃപ്തരാക്കുന്നില്ല. ഏതെല്ലാം മാർഗ്ഗമാണ് അവർ ഇതിനു സ്വീകരിച്ചതെന്നോ, ഏതുവിധമുള്ള ഒരു 'മണിത്താക്കോൽ' ഉപയോഗിച്ചാണ് അനന്തമായ ആനന്ദാരാമത്തിലേക്കുള്ള കവാടം ഉൽഘാടനംചെയ്തതെന്നോ പറഞ്ഞു മനസ്സിലാക്കുവാൻ ദേഹം, മനസ്സ്, ആത്മം എന്ന മൂന്നു സാധനങ്ങളുടെ യോഗത്തിൽനിന്നുണ്ടാകുന്ന മനുഷ്യന്റെ ജീവിതത്തെ ഭരിക്കുന്ന നിയമസംഹിതയുടെ ശരിയായ ജ്ഞാനം ആവശ്യമാണ്. അവ അറിയാൻപാടില്ലാത്തതുകൊണ്ടോ പറഞ്ഞു മനസ്സിലാക്കുവാൻ വേണ്ട ശാസ്ത്രീയജ്ഞാനം ഇല്ലാത്തതുകൊണ്ടോ, 'ആഭാസമോ' 'അലൌകിക'മോ ആണെന്നുള്ള വിശ്വാസംകൊണ്ടോ ആണ് ഈ കൂട്ടർ ഇതിനു തുനിയാത്തതു്.

ജ്ഞാനം ഒരിക്കലും വൈഹാസ്യജനകമോ ആഭാസമോ അല്ല. എന്നാൽ 'ആഭാസവും' 'അലൌകിക'വുമല്ലാത്ത വിധത്തിൽ വ്യാഖ്യാനിക്കുവാൻ, കെൽപുള്ളവർക്കേ സാധിക്കയുള്ളൂ.

'കാണുവാനില്ല കണ്ണതും
കണ്ടാലില്ലറിവാൻമതി
അറിഞ്ഞാലില്ല നാവോതാ-
നഹോ കവികൾ ദുർലഭർ'

എന്ന അഭിപ്രായം ഈ കാര്യത്തിലും ശരിയാണ്.

ആനന്ദം, ആത്മജ്ഞാനം, സുഖകരമായ കുടുംബജീവിതം, ഇവയെല്ലാം ജീവിതകാലം മുഴുവൻ നിലനില്ക്കണമെന്നു മനുഷ്യരെല്ലാരും ആഗ്രഹിക്കുന്നു. ഈ രത്നത്രയങ്ങൾ നേടുവാൻ ചെയ്യുന്ന യത്നം വിഫലമല്ല. ഈ മൂന്നു കാര്യങ്ങളിലാശ്രയിച്ചാണു് സമുദായത്തിന്റെ 'അത്താണി'യായ ഗൃഹവും അതിന്റെ മേന്മയെ വളർത്തുന്ന ജനതയുടെ ആരോഗ്യവും ആനന്ദവും സ്ഥിതിചെയ്യുന്നതു്.

അതുകൊണ്ടു് സമുദായത്തിന്റെ ഗുണത്തിനും, മനുഷ്യന്റെ നന്മക്കും, ജനതയുടെ ആരോഗ്യത്തിനും, ദേഹത്തിന്റെ ഭാഗങ്ങളായ മാംസം, ഹൃദയം, ആത്മാവു് ഇവയുടെ നിയമങ്ങളെ ശരിയായി പ്രതിപാദിക്കുന്ന* ദാമ്പത്യശാസ്ത്രം അറിയേണ്ടതു് അത്യാവശ്യമാണു്. ശാസ്ത്രവർണ്ണനകൊണ്ടു മനസ്സിലാക്കാൻ കുഴപ്പമില്ലാത്തതും, 'വികൃതി'യിലും 'അപവാദ'ങ്ങളിലും തലമറന്നെണ്ണതേക്കാത്തതും ശുദ്ധവും ഗുണപൂർണ്ണവുമായ പ്രായോഗികജ്ഞാനം കലർന്നതുമായ ഒരു ഗ്രന്ഥം മലയാളഭാഷയിൽ പണ്ഡിതന്മാരാരെങ്കിലും രചിക്കേണ്ടതു് അത്യാവശ്യമാണു്. അതു പഠിച്ചാൽ മാത്രമേ നമ്മുടെ അന്ധവിശ്വാസവും തലതിരിഞ്ഞ പോക്കും മാറുകയുള്ളൂ. അതിനു തക്ക കൈക്കരുത്തും മനശ്ശക്തിയും ഉള്ള ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടി ഈ വിഷയത്തിൽ പതിയുവാൻ ഇടയാകട്ടെ.

* രതിശാസ്ത്രമെന്നും, കാമശാസ്ത്രമെന്നും ഉള്ള പേരിൽ പല ഗ്രന്ഥങ്ങളും മലയാളത്തിലും ഉണ്ടായിട്ടുണ്ടെന്ന കാര്യം ഞാൻ മറക്കുന്നില്ല. രതത്തിലും രതരീതികളിലും 'വികൃതി'യിലുമെല്ലാം വേണ്ടതിൽ കൂടുതൽ വഷളത്തം കലർത്തി ആളുകളെ വഴിതെററിക്കുവാനുപയുക്തങ്ങളായ ഇവയെ സാധാരണർ വായിക്കാതിരിക്കയാണു് ഭേദം. ആംഗലഭാഷയിലാണെങ്കിൽ 'Dr. Havelock Ellis' എഴുതിയ ഗ്രന്ഥങ്ങൾ പ്രാമാണികങ്ങളാണു്. എന്നാൽ മിക്കവാറും വലിയ വിലകൊണ്ടും ശാസ്ത്രചർച്ചയുടെ വൈപുല്യം ഹേതുവായും ഇവ സാധാരണക്കു ഉപയോഗ്യമായിത്തീരുന്നില്ല. എന്നുമാത്രമല്ല അനേകം തലമുറകളായി പററിച്ചേർന്ന അഴുക്കു പുരണ്ടു 'കാമ'മെന്ന വാക്കുതന്നെ നമ്മിൽ അറപ്പുണ്ടാക്കിത്തുടങ്ങിയിട്ടുണ്ടു്. 'ദാമ്പത്യ'മെന്ന വാക്കാണു് നമ്മൾക്കു കുറെക്കൂടെ ഇണങ്ങുന്നതും. കാമശാസ്ത്രത്തിന്റെ പരിധിയിലുൾപ്പെടുത്താൻ കഴിവില്ലാത്ത പല വിവരവും അടങ്ങിയ ശാസ്ത്രം വേണമെന്നുവച്ചാണു് ദാമ്പത്യശാസ്ത്രത്തിന്റെ കാര്യം ഊന്നിപറഞ്ഞതും. (മാ. വാ.)

# 'സൈററടി'

പുത്തൻകാവ് മാത്തൻതരകൻ, ബി. ഒ. എൽ.

പണ്ടൊക്കെ ഇതിന്ന കടാക്ഷവിക്ഷേപമെന്നോ ഒളികണ്ണേറെന്നോ ഒക്കെ പറഞ്ഞു വന്നിരുന്നു. അങ്ങനെയുള്ള പ്രയോഗങ്ങളൊന്നും ഇന്നത്തെ ചെറുപ്പക്കാർ സ്വീകരിക്കുകയില്ല. 'കണ്ണിണകൊണ്ടു കട്ടുകൊ വറക്കുക' എന്നു കുഞ്ചൻനമ്പ്യാർ പ്രയോഗിച്ചിട്ടുണ്ടു്. പക്ഷേ അതും പെട്ടെന്നു പറഞ്ഞുതീക്കാൻ ബുദ്ധിമുട്ടാണു്. അതുകൊണ്ടു് ആംഗ്ലോവെണ്ണാക്യുലർ സിസ്റ്റത്തിൽ 'സൈററടി' എന്നു തന്നെയിരിയ്ക്കട്ടെ.

കടാക്ഷവിക്ഷേപത്തിനും സൈററടിക്കും അത്ഥത്തിൽ വലിയ വ്യത്യാസമില്ലെങ്കിലും, പണ്ടത്തെ കടാക്ഷവിക്ഷേപത്തിലുണ്ടായിരുന്നേടത്തോളം അന്തശ്ശുദ്ധി ഇന്നത്തെ സൈററടിയിലില്ല. കടാക്ഷവിക്ഷേപം കൂടാതെതന്നെ പണ്ടുള്ള വക്ക് ഒരു തരത്തിൽ കാര്യങ്ങൾ കഴിച്ചുകൂട്ടാമായിരുന്നു. ഇന്നാകട്ടെ, സൈററടി ആഹാരംപോലെ ജീവസന്ധാരണത്തിന്നു് അത്യന്താപേക്ഷിതമായി തീന്നിരിക്കുകയാണു്. സമ്മേളനസൈററടി, കോളേജ് സൈററടി, പട്ടണസൈററടി, പാക്ക് സൈററടി, ബീച്ചുസൈററടി, റെയിൽവേസ്റ്റേഷൻ സൈററടി, ഷോപ്പ് സൈററടി, ഗ്രാമീണ സൈററടി, ഇങ്ങനെ സൈററടിക്കു അനേകംവിഭാഗങ്ങളും അവാന്തരവിഭാഗങ്ങളുമുണ്ടു്. ഇവയ്ക്കു തന്നെ 'വിററാമിനു'ള്ള സൈററടിയെന്നും, വെറും 'സ്റ്റാച്ച്'മാത്രമുള്ള സൈററടിയെന്നും പൊതുവെ രണ്ടു പിരിവുകളുമുണ്ടു്.

സൈററടി കൂടുതൽ പ്രചാരത്തിലിരിക്കുന്നതു് വീട്ടുവിട്ടു ദൂരദേശങ്ങളിലുള്ള കോളേജുകളിൽ പഠിക്കാനെന്നുംപറഞ്ഞു പോകുന്ന വിദ്യാത്ഥിനീ വിദ്യാത്ഥികളിലാണു്. ഇവരിൽതന്നെ ആൺകുട്ടികൾക്കാണു് പെൺകുട്ടികളെ സൈററടിക്കണമെന്നുള്ള തീവ്രമായ നേതൃദാഹം കാണുന്നതു്.* സ്കൂൾഫൈനൽ ക്ലാസ്സിൽ പാസ്സായതിൻെറശേഷം ഒരു ബ്രഹ്മചാരി ഏതെങ്കിലും പട്ടണത്തിലുള്ള ഒരു കോളേജിൽ ചെന്നു ചേരുന്നു. കോളേജിലെ അഡ്മിഷൻ ശരിയായെന്നുകണ്ടാൽ പിന്നീടു് അവൻെറ അന്വേഷണം സൈററടിക്കാൻ പാററിയ ഒരു ലോഡ്ജിനെക്കുറിച്ചായിരിക്കും. പണം കൂടുതലായാലും, വഴിയരികിലോ നാലുംകൂടിയ റോഡിൻെറ മുക്കിലോ ഉള്ള ഒരു കെട്ടിടത്തിൻെറ ഒരു മുറി അവൻ കൂലിക്കെടുക്കുന്നു. താമസത്തിനുള്ള സൗകര്യങ്ങളെല്ലാം ശരിപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ അവൻ പഠിത്തത്തേക്കാൾ സൈററടിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചുതുടങ്ങുന്നു. ഒരാഴ്ച കഴിഞ്ഞിട്ടു് അവൻെറ ഡയറി എടുത്തു നാം പരിശോധിച്ചാൽ (അങ്ങനെ അന്യൻെറ ഡയറി പരിശോധിക്കുന്നതു് 'എററിക്കെററി'നു വിരോധമാണെന്നു് സായിപ്പന്മാർ പറയുന്നുണ്ടെങ്കിലും) ഒരുപക്ഷേ കാണുന്നതിങ്ങനെയായിരിക്കും: ജൂൺ ഒന്നാംതീയതി, ലിസിയെ സൈററടിച്ചു; രണ്ടാം തീയതി മീനാക്ഷിയമ്മയെ സൈററടിച്ചു; മൂന്നാംതീ

* ? പ.

യതി ഏലിക്കുട്ടിയെ; നാലിൽ, അയിഷയെ; അഞ്ചിൽ ആശുപത്രി നേഴ്സിനെ (സാധുവിന്റെ പേരറിഞ്ഞുകൂടാ); ആറിൽ സിസ്റ്റർ മാത്തയെ; ഏഴിൽ ലേഡിഡോക്ടറെ; ........അങ്ങനെ പോകും ആ ഡയറി. ആണ്ടവസാനമാകുമ്പോൾ തോട്ടക്കാരനും ബാങ്കറും കച്ചവടക്കാരനും, പേരേട്ടും, നാൾവഴിയും, ഡയറിയും, പാസ്സ്ബുക്കും നോക്കി തന്നാണ്ടിൽ രണ്ടു ലക്ഷമോ മൂന്നുലക്ഷമോ രൂപാ മിച്ചമുണ്ടെന്നു കണക്കാക്കുമ്പോൾ, നമ്മുടെ ബ്രഹ്മചാരി അയാളുടെ ഡയറി പരിശോധിച്ച് തന്നാണ്ടിൽ മൊത്തമായി രണ്ടായിരം യുവതികളെ സൈററടിക്കാൻ സാധിച്ചിട്ടുണ്ടെന്നു സമാധാനപ്പെടുന്നു. വൈകീട്ട് ഉറങ്ങാൻ കിടക്കുമ്പോൾ "എന്റെ സഹസ്രാക്ഷ! മേലാലും സൈററടിക്കാൻ വേണ്ട സൗകര്യം ഉണ്ടാക്കിത്തരണേ!" എന്ന് അവൻ പ്രാർത്ഥിക്കുകയുംചെയ്യും. ഉറങ്ങിക്കിടക്കുമ്പോൾ പകൽ സൈററടിക്കപ്പെട്ടവരിൽ മൂന്നുനാലുപേരെങ്കിലും അവനെ ചെന്ന് സന്തോഷിപ്പിക്കാതിരിക്കുകയില്ല. 'ഓ മൈ ഡീയർ, ഹല്ലൊ! കമോൺ! സിററ് ഡൗൺ, മൈ കുഞ്ഞാണ്ടമ്മെ!' എന്നൊക്കെ അവൻ രാത്രിയിൽ കിടന്നു പുലമ്പുന്നുണ്ടാവും.

പിറേറന്നു രാവിലെ ഉണരുമ്പോൾ, 'ഭഗവാനേ! ഇന്ന് എങ്ങോട്ടു പോകുന്നു സൈററടിക്കാൻ,' എന്നാണ് അവന്റെ ശ്രദ്ധ. വിഷാദമഗ്നനായി കാപ്പികുടിച്ചുകഴിയുമ്പോൾ എങ്ങനെയെങ്കിലും ഒരു സിനിമാനോട്ടീസ് അവന്റെ കൈയിൽ കിട്ടും. അവൻ പെട്ടെന്നു നോക്കും അതിൽ അശോക്കുമാറുണ്ടോ എന്ന്. അവന്റെ ഭാഗ്യത്തിന്ന് അന്ന് അശോക്കുമാർ അഭിനയിച്ച ഹിന്ദിഫിലിമായിരിക്കും അടുത്തുള്ള തിയേററിൽ പ്രദർശിപ്പിക്കുന്നതു്. സൈററടിയിൽ മോണിട്ടർസ്ഥാനം പ്രാപിച്ചിട്ടുള്ളവരിൽനിന്ന് അവൻ കേട്ടിട്ടുണ്ട്, പെൺകുട്ടികൾക്ക് അശോക്കുമാറിനോടു ഒരു പ്രത്യേക പ്രേമമുണ്ടെന്ന്. അതുകൊണ്ടു് സകല ലേഡീസ് ഹോസ്റ്റലുകളിലേയും ,പെൺകുട്ടികൾ അന്നു തിയേററിൽ വരുമെന്ന് അവൻ നിശ്ചയിക്കും. കാലേക്കൂട്ടിത്തന്നെ കോളേജിൽനിന്നു വന്നിട്ട് അവൻ ശരീരത്തിലും, വസ്ത്രത്തിലും സുഗന്ധം പൂശും. അരമണിക്കൂറിന്നുമുമ്പുതന്നെ സെററുകൂടി അവൻ തിയേറററിലെത്തും. കുലകുലയായിട്ട്, അല്ലെങ്കിൽ പററംപററമായിട്ട്, പെൺകുട്ടികളും വന്നു അതിൽ കയറും. നമ്മുടെ സൈററടിക്കാരൻ പടവും മറക്കും, പാട്ടും മറക്കും, നടീനടന്മാരെയും മറക്കും. ലൈററു വീഴണേ എന്നു പ്രാർത്ഥിക്കും. ഇൻറർവല്ലിന്നു ലൈററിടുമ്പോൾ അവൻ ജിറാഫിനേപ്പോലെ തലപൊക്കി, കഴുത്തുതിരിച്ച്, ഭർത്താക്കന്മാരുടെ അടുത്തിരിക്കുന്ന ഭാര്യമാരേയും, ആങ്ങളമാരുടെ അടുത്തിരിക്കുന്ന പെങ്ങന്മാരേയും, തള്ളമാരുടെ അടുത്തിരിക്കുന്ന പെൺമക്കളേയും, എന്നുവേണ്ടാ പെണ്ണെന്നു തോന്നിക്കുന്ന എല്ലാവരേയും അല്പനിമിഷംകൊണ്ടു് സൈററടിച്ചുതീർക്കും. ഈ സൈററടിയേക്കുറിച്ച് ഭർത്താക്കന്മാരോ, ആങ്ങളമാരോ, തള്ളമാരോ, ഹോസ്റ്റൽ സെക്രട്ടറിമാരോ പരിഭവിച്ചിട്ടു കാര്യമില്ല. തിയേററിലെ സൈററടിക്കു 'വിററാമിൻ' തീരെ ഇല്ലെന്നും അതുകൊണ്ടു ആ സൈററടി ഏററ് ആരും വീണുപോകാൻ ഇടയില്ലെന്നുമാണ് സിനിമാശാലകളുടെ ഉടമസ്ഥന്മാർ പറയുന്നതു്.

ഏതായാലും സൈററടിയേക്കുറിച്ചു ഒരു കാര്യം തീർത്തു പറയാം. ഇത്രമാത്രം സത്വഗുണപ്രധാനമായ ഒരു പ്രസ്ഥാനം

ലോകത്തിൽ വേറെയില്ല. ജാതിമതഭേദമോ, ഉച്ചനീചാവസ്ഥയോ സമുദായപ്രാതിനിധ്യവാദമോ സൈററടിപ്രസ്ഥാനത്തെ ബാധിച്ചിട്ടില്ല. നാലുമണിക്കു, നമുക്ക് ഏററവും പരിചിതനായ ഒരു ചെറുപ്പക്കാരനോട് "എങ്ങോട്ടു പോകുന്നു?" എന്നു ചോദിച്ചാൽ, അയാൾ ശങ്കകൂടാതെ ഇങ്ങനെ പറയും: "എന്താ സാറെ, ഒന്നു സൈററടിച്ചില്ലെങ്കിൽ ഇന്നത്തെ വായനയ്ക്കു് ഒരു സുഖവും കാണുകയില്ല." "ആരെ സൈററടിക്കാനാണ്?" എന്നു നാം വീണ്ടും ചോദിച്ചാൽ, "ആരെയെന്നില്ല—കൈ സൌകര്യംപോലെ" എന്ന് അവൻ വീണ്ടും പറയും. ഇതു വളരെ പരമാൎത്ഥമാണ്. നാലുമണിയാകുമ്പോഴേക്കും സൈററടിക്കാൻ പോകുന്ന ചെറുപ്പക്കാരുടെ ബഹളം ചില്ലറയൊന്നുമല്ല. പെൺകുട്ടികൾ നടക്കുന്ന വഴികളുടെ ഓരങ്ങളിലും, അവർ കയറുന്ന ഷോപ്പുകളിലും, അവർ കയറുന്ന പാൎക്കിന്റെ വേലിയരികിലും, അവർ ഇരിക്കുന്ന ബീച്ചിലും സൈററടിക്കാൻ ലാക്കുനോക്കിനില്ക്കുന്ന അനേകം ചെറുപ്പക്കാരെ കാണാം. ഈ സൈററടികൊണ്ടു് ദാഹകാലത്ത് എന്തെങ്കിലും സാധിക്കാമെന്ന് അവൎക്കാൎക്കും മോഹമുണ്ടോ എന്നു തോന്നുന്നില്ല. അങ്ങനെയുള്ള മോഹത്തോടുകൂടിയ സൈററടിക്കു് വിററാമിൻ കൂടുതലുണ്ടെന്നു പറയപ്പെടുന്നു. സുന്ദരനായ ഒരു യുവാവ് വഴിയരികിലുള്ള ഭിത്തിയിലോ വേലിയിലോ ചാരി, ഒരു ഗോൾഡ് ഫ്ളേക്ക് സിഗരററും കത്തിച്ചു വലിച്ചുകൊണ്ടു് അങ്ങനെ നില്ക്കുന്നു എന്നിരിക്കട്ടെ. അവന്റെ ഭാഗ്യത്തിന് അതുവഴി സാമാന്യം സൌന്ദൎയ്യമുള്ള ഒരു യുവതി തനിച്ചു വരുന്നുവെന്നുമിരിക്കട്ടെ. പിന്നത്തെ അവന്റെ സംഭ്രമം ഒട്ടും ചില്ലറയല്ലായിരിക്കും. ഒരു ഫർലോംഗ് അകലത്തിൽ അവൾ വരുമ്പോഴേ അവൻ നോട്ടം തുടങ്ങും. അവൾ അവന്റെ സംഭ്രമങ്ങളും, സിഗരററുപിടിത്തവും കാണുന്നതേ ഇല്ല. ഏകദേശം അടുത്തുകഴിയുമ്പോൾ അവൻ ഒന്നു ചുമയ്ക്കും. യാദൃച്ഛികമായി യുവതി അവനെ ഒന്നു നോക്കിയെന്നുംവരും. അവൻ അതിനോടെ സംതൃപ്തനാകും. അവന്റെ സിഗരററിന്റെ മണമേററും സൈററടികൊണ്ടും അവൾ വലയിൽ വീണെന്നുതന്നെ അവൻ തീരുമാനിക്കും. പക്ഷെ ആ യുവതി അതൊന്നും മനസ്സിലാക്കുന്നില്ല. "പോടാ, നിന്നേക്കാൾ എത്ര വലിയ തടിമാടന്മാരെ ഞാൻ കണ്ടിരിക്കുന്നു!" എന്നായിരിക്കും അവളുടെ നോട്ടത്തിന്റെ അൎത്ഥം.

മദ്രാസ് മുതലായ വലിയ പട്ടണങ്ങളിലാണെങ്കിൽ റെയിൽവേസ്റ്റേഷൻ സൈററടിയുടെ ഒരു മൊത്തക്കച്ചവടസ്ഥലമായി നമ്മുടെ വിദ്യാൎത്ഥികൾ തെരഞ്ഞെടുക്കാറുണ്ട്. കോളേജു കഴിഞ്ഞാൽ ഉടൻതന്നെ ഈവിനിംഗ്ഡ്രസ്സും ധരിച്ച് തനി നാടന്മാരായ പഠിത്തക്കാർ റെയിൽവേസ്റ്റേഷനിലെത്തും. അവിടെ തീവണ്ടിയിൽ വന്നിറങ്ങുകയും, തീവണ്ടിയിൽ കയറിപ്പോവുകയും ചെയ്യുന്ന എല്ലാത്തരം സ്ത്രീകളേയും ആ ചെറുപ്പക്കാർ ഒന്നൊവിടാതെ സൈററടിക്കും. അവരുടെ വിചാരം, പിന്നീടൊരു കാലത്ത് തീവണ്ടി ആഫീസിൽവച്ച് സൈററടിക്കപ്പെട്ടവരിൽ ആരെയെങ്കിലും കാണാൻ സൌകര്യപ്പെട്ടാൽ, പണ്ടത്തെ കഥ പറഞ്ഞു കശലപ്രശ്നം ചെയ്യാമല്ലോ എന്നാണ്.

ഉൾനാട്ടിൽ സൈററടിക്കു വലിയ സൌകര്യമില്ല. എങ്കിലും അവിടെയും ചെറുപ്പക്കാരായ വിദ്യാൎത്ഥികൾ സൈററടിക്കു സൌകര്യം നോക്കാറുണ്ട്. നാലുമണി സ

മയത്തും മററും നടക്കാനെന്നുള്ള വ്യാജേന വീട്ടിൽനിന്നുമിറങ്ങി മുൻക്രൂട്ടി അറിവുള്ള ഏതെങ്കിലും വീട്ടിൽ ബീഡികത്തിക്കാനോ വെള്ളം കുടിക്കാനോ അവർ കയറും. ബീഡിയും കത്തിച്ചിട്ട് അവിടെയിരുന്ന് "രം നരം നരനരം" എന്ന് പഠിക്കുന്ന വല്ല ഒൻപതാം ക്ലാസ്സു വിദ്യാത്ഥിനിയേയും ഉപായത്തിൽ സൈററടിച്ചിട്ട് ഇറങ്ങിപ്പോരും. വേറെ ചിലർ, മഴ പെയ്യുമെന്നുണ്ടെങ്കിലും കുടയെടുക്കാതെതന്നെ ഇറങ്ങും. വഴിക്കുവച്ച് മഴ പെയ്താൽ ആദ്യം കാണുന്ന വീട്ടിൽ അവർ കയറുകയില്ല. സൈററടിക്കാൻ ലാക്കുള്ള ഏതെങ്കിലും വീടുവരെ ഓടിയിട്ട് ആ വീട്ടിൽ കയറി അവിടെയുള്ള യുവതികളെ സൈററടിച്ചുകൊണ്ട് മഴ തീരുന്നതുവരെ നില്ക്കും.

സൈററടികൊണ്ട് നമ്മുടെ നാട്ടിലെ ആൺകുട്ടികൾക്കു പല ഗുണങ്ങളുമുണ്ടാകുന്നുണ്ട്. ഒന്നാമതു്, നാലുകൊല്ലംകൊണ്ടു ജയിക്കാവുന്ന പരീക്ഷ എട്ടുകൊല്ലംകൊണ്ട് ജയിക്കാൻ സാധിക്കും. രണ്ടാമതു്, ഒരു കോളേജിലെ പഠിത്തംകൊണ്ടുതന്നെ വിദ്യാഭ്യാസം പൂത്തിയാക്കാനിടവരാതിരിക്കുകയും, സൗകയ്യമുള്ള എല്ലാ സ്ഥലത്തും കോളേജുകളിൽ ചേരുന്നതിന് അവകാശം കിട്ടുകയും ചെയ്യും. മൂന്നാമതു്, ചില അവസരങ്ങളിൽ മാതാപിതാക്കന്മാരുടെയും ബന്ധുമിത്രാദികളുടെയും സഹായസഹകരണങ്ങൾ കൂടാതെതന്നെ ഏതെങ്കിലും അന്യജാതിയിൽ പെട്ട ഒരു യുവതിയെ ഭാൎയ്യയായി ലഭിക്കുന്നതിനും ഭാഗ്യം സിദ്ധിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ട് ആൺകുട്ടികൾക്കുമാത്രമേ ഈ സൈററടിരോഗം ബാധിച്ചിട്ടുള്ളു എന്നു ധരിക്കേണ്ടാ. പെൺകുട്ടികൾക്കുമുണ്ട്. എന്നുതന്നെയുമല്ല, അവരുടെ സൈററടിക്കു വിററാമിൻ വളരെ കൂടുതലുമുണ്ടെന്നാണ് വിദഗ്ദ്ധാഭിപ്രായം. പക്ഷേ അവക്ക് ആൺകുട്ടികളേപ്പോലെ അത്രയധികം സൗകയ്യങ്ങളും സന്ദർഭങ്ങളും സൈററടിക്കുവാൻ കിട്ടുന്നില്ല. കണ്ണാടി ധരിക്കുന്ന പെൺകുട്ടികൾക്കാണെങ്കിൽ അധികമാരും അറിയാതെ ഒരുവിധം നന്നായി സൈററടിക്കാൻ സാധിക്കും. എന്നാൽ കാൎയ്യത്തിൽ അവക്ക് ആൺകുട്ടികളേക്കാൾ ബുദ്ധിയുണ്ട്. ആൺകുട്ടികളെ ആവശ്യമുള്ളപ്പോഴൊക്കെ പിന്നാലെ നടത്തുന്നതിനുള്ള എല്ലാ കൗശലങ്ങളും അവക്കറിയാം. പ്രേമവും മററും ആൺകുട്ടികളേപ്പോലെ പെൺകുട്ടികൾ അത്ര നിസ്സാരമായി കരുതാറില്ല. അതുകൊണ്ട് പലപ്പോഴും അവക്കു ആൺകുട്ടികളെ വെറും പാവകളാക്കി കളിപ്പിക്കുന്നതിനു സാധിക്കും. അങ്ങനെയാണ് സാധാരണ നടക്കുന്നതും. പ്രേമഭ്രാന്തനായ കോളേജുവിദ്യാത്ഥി സൈററടിച്ചുകൊണ്ട് കണ്ണും കുഴിഞ്ഞു്, മുടിയും നരച്ചു്, പണവും നശിച്ചു്, പരീക്ഷയും കളഞ്ഞു്, കഷ്ടപ്പെടുമ്പോൾ, അവനാൽ പല പ്രാവശ്യം സൈററടിക്കപ്പെട്ട വിദ്യാത്ഥിനി ശമ്പളക്കാരനായ ഭത്താവിനോടൊന്നിച്ച് കുടുംബജീവിതം നയിച്ചുതുടങ്ങും.

# സർവ്വത്തുകാരൻ

സി. കെ. സെബാസ്റ്റ്യൻ, അരണാട്ടുകര

ഉദ്ദേശം എട്ടുനാഴികയോളം നീണ്ടു കിടക്കുന്ന ആ വയൽ ഏതു കാലത്തും സുന്ദരമായ ഒരു സ്ഥലമാണ്. വർഷത്തിൽ അതിൽ പത്തുപതിനാറടിയോളം വെള്ളമുണ്ടാകും. അപ്പോൾ അതിൽ, കല്ലോലജാലങ്ങളോടൊപ്പം തലകളാട്ടുന്ന ആമ്പൽപൂക്കൾക്കിടയിൽക്കൂടി മീൻ പിടുത്തക്കാരുടെ ചെറുതോണികൾ ഓടിക്കൊണ്ടിരിക്കും. മകരമാസമായാൽ, ആ വയൽ പച്ചപ്പരവതാനിപോലുള്ള നെൽക്കണ്ടങ്ങളായി രൂപാന്തരപ്പെടും. അവയുടെ ഇടയിൽക്കൂടി ഓടിക്കളിക്കുന്ന നീർച്ചാലുകളിൽ 'പോളിക്കൊക്ക'കളും, 'ഇരണ്ട'കളും വന്നിറങ്ങിക്കൊണ്ടിരിക്കും. മേടമാസമായാൽ അവിടെ സ്വർണ്ണക്കതിരുകൾ നിറയും. താമസിയാതെ അവിടെല്ലാം കൊയ്ത്തുകാരുടെ 'വടക്കൻ പാട്ടു'കൊണ്ട് മുഖരിതമാകും.

ആ വയലിന്നടുത്ത്, കൊല്ലംതോറും, ഒരു അതിഥി വരാറുണ്ട് — സർവ്വത്തുകാരൻ ആലി! ആയാൾ വയൽവക്കത്തുള്ള ഒരു വലിയ 'ഉങ്ങ്' മരത്തിൻെറ ശീതളമായ തണലിൽ, ഒരു പഴയ അത്താണിയുടെ സമീപം സങ്കേതമുറപ്പിക്കും. ആയാളുടെ പീഞ്ഞമേശമേൽ ചുമപ്പ്, പച്ച, മഞ്ഞ എന്നീ നിറങ്ങളിലുള്ള കുപ്പികൾ നിരന്നാൽ, ആ കുഗ്രാമത്തിലെ കുട്ടികൾക്ക് ഒരാഘോഷമായി. അവർ ആ മേശയുടെ ചുറ്റും കൂടിനിന്ന് ആലിയുമായി ചില ചില്ലറ കച്ചവടത്തിലേർപ്പെടും.

ആലിക്ക് സർവ്വത്തുകച്ചവടം മാത്രമല്ല, കുറേശ്ശ കലാവാസനയും, വേണ്ടിടത്തോളം സമയവുമുണ്ടായിരുന്നതിനാൽ, ആയാൾ വിവിധവർണ്ണങ്ങളിലുള്ള കടലാസുകൾ കൊണ്ട് കാററാടികളും, വിശറികളും, തൊപ്പികളും, മററുമുണ്ടാക്കി കുട്ടികൾക്ക് വില്ക്കും. ഒരു സാധനത്തിനും കാലണയിൽ കൂടുതൽ വിലയിടാറില്ല. ഒരു ഗ്ലാസ്സ് സർവ്വത്തിനുകൂടി കാലണയേ വിലയുള്ളു.

അട്ടിക്കിലെ സ്ത്രീകൾക്ക് ആലിയെ വളരെ കാര്യമാണ്. അവർ വല്ല ചില്ലറ ജോലികൾക്ക് പോകുമ്പോൾ, അവരുടെ കുട്ടികളെ ആയാളുടെ അടുക്കലാക്കി പറയും, "ആല്യാപ്ലേ! കുറച്ച് മെതിയ്ക്കാനുണ്ട്, ഇത്തിരിനേരം എൻെറ കുട്ടിയെ ഒന്നു നോക്കണേ! കരയുന്നുണ്ടെങ്കിൽ ഒരു ക്ലാസ്സ് സർവ്വത്ത് കൊടുത്തോളൂ. കാശ് ഞാൻ വൈകീട്ട് തരാം!" മററു ചിലർ വാശിപിടിച്ചു കരയുന്ന കുട്ടികളെ ആയാളുടെ അടുക്കലേക്ക് കൊണ്ടുവന്ന്, "എന്തൊരു ശല്യമാണെൻെറ ആല്യാപ്ലേ" എന്ന് പറയുമ്പൊഴെക്കും, ആലി ആ കുട്ടിക്കു കുറച്ചു സർവ്വത്തും ഒരു ചുമന്ന പൂവും സമ്മാനിക്കും. കുട്ടി പിന്നെ ശബ്ദിക്കയില്ല. അവർ എല്ലാവരും പറയും, "അലി വളരെ നല്ലവനാണ്! കണ്ടാലും നന്ന്; അതുപോലെ സ്വഭാവവും!"

നീണ്ടു ചടച്ച്, മുഖത്ത് രോമമില്ലാത്ത ഒരു യുവാവാണ് ആലി. ആയാളു

ടെ നിറമാണെങ്കിൽ, ചില സ്ത്രീകൾ പറയുംപോലെ, 'തുവവെള്ള' യാണ്. മഹമ്മദീയ സമ്പ്രദായപ്രകാരം ആയാറം മീശവച്ചിട്ടുണ്ട്. പക്ഷേ, ആ കരുത്തില്ലാത്ത ചെമ്പിച്ച മീശ വളരെ അടുത്തുവന്ന സൂക്ഷിച്ചുനോക്കിയാലേ കാണുകയുള്ളു. ആയാറംക്ക വയസ്സ് മുപ്പതായെങ്കിലും കഷ്ടിച്ച് ഇരുപതേ തോന്നിക്കയുള്ളു. ബീടിവലിച്ച് കറുത്ത ചുണ്ടുകൾ വിടരുമ്പോൾ അതി മനോഹരമായ ദന്തനിരകൾ കാണാം. ആയാറംക്ക് ഭംഗിയുള്ള ചുരുളൻമുടിയുമുണ്ട്. ആയാറം എന്നും വൃത്തിയുള്ള വസ്ത്രങ്ങളേ ധരിക്കാറുള്ളു.

ആലിയുടെ രാജ്യം അവിടന്ന് അമ്പതു നാഴിക ദൂരെയാണ്. ആയാറം നാലു കൊല്ലങ്ങൾക്കുമുമ്പ് ഈ കുഗ്രാമത്തിൽ 'ഈത്തപ്പഴ'വും 'ഹല്വാ'യും കൊണ്ടു വന്നു. അതോടുകൂടി ആയാറം സർവ്വത്തു കച്ചവടവുംനോക്കി. ഒടുവിലത്തെ കച്ചവടത്തിലാണ് ആയാറംക്ക മെച്ചമുണ്ടായത്. പിന്നീട്, ആയാറം കൊല്ലംതോറും മീനമാസം അവസാനത്തിൽ വരും; ഇടവപ്പാതി കഴിഞ്ഞാൽ പോകും.

ഇക്കൊല്ലം ആലി മേടമാസത്തിന്റെ മദ്ധ്യത്തിലാണ് വന്നത്. ആയാറം, നീലഗിരിയിലെ ഒരു തേയിലത്തോട്ടത്തിൽ ജോലിയുണ്ടായിരുന്ന ജ്യേഷ്ഠന്റെ അടുക്കലേക്ക് പോയിരുന്നു. ചിങ്ങമാസത്തിൽ അവിടെത്തന്നെ എന്തെങ്കിലും ഒരു ജോലിയുണ്ടാക്കിത്തരാമെന്ന് ജ്യേഷ്ഠൻ പറഞ്ഞതോടുകൂടി ആലി മടങ്ങി. ഈ വേനൽക്കൂടി പഴയ **സർവ്വത്തുകച്ചവടം** നോക്കുവാൻതന്നെ ആയാറം തീർച്ചയാക്കി ആ വയൽഘട്ടത്തിലേക്ക് വന്നു.

കുട്ടികൾ ആർപ്പു വിളിച്ചു, "ആലി വന്നു! ആലി!" നിഷ്കളങ്കമായ ഒരു തുമന്ദഹാസത്താൽ ആയാറം അവരുടെ ആനന്ദത്തിൽ പങ്കുകൊണ്ടു. ആലിയുടെ മേശമേൽ കുപ്പികളും ഗ്ലാസുകളും നിറഞ്ഞു. കററ കൊണ്ടുപോയിരുന്ന സ്ത്രീകൾ, ആയാറം അക്കൊല്ലം വൈകി വരുവാനുള്ള കാരണങ്ങൾ ചോദിച്ചറിവാൻ തുടങ്ങി.

ആലിയുടെ ആഗമനത്തെ തുടിക്കുന്ന ഹൃദയത്തോടുകൂടി പ്രതീക്ഷിച്ചിരുന്ന ഒരാൾ ഉണ്ടായിരുന്നു — ഉദ്ദേശം പതിനേഴു വയസ്സ് പ്രായമുള്ള മീനുവായിരുന്നു അത്. ആലി വന്നിട്ടുണ്ടോ എന്നറിവാൻ അവൾ എട്ടുപത്തുവട്ടം അവിടെ വന്നുപോയി. ആലിയും അവിടെ വന്ന ഉടൻ മീനുവിനെ അന്വേഷിക്കാതിരുന്നില്ല.

## II

പിറേറ ദിവസം പ്രഭാതത്തിൽ മീനു അറിഞ്ഞു, ആലി വന്നിട്ടുണ്ടെന്ന്. അവൾ കുളിച്ചു അവളുടെ പട്ടുബ്ലൗസ് ധരിച്ച്, ഒരു കുങ്കമപ്പൊട്ടും തൊട്ട് പശുവിനെ ആട്ടി യാത്രയായി. മകളുടെ പതിവില്ലാത്ത വസ്ത്രധാരണം കണ്ടപ്പോൾ അമ്മ വിളിച്ചു പറഞ്ഞു: "എടീ മീനാക്ഷി! നീയിന്നു വല്ല ഉത്സവം കാണാൻ പോവാണോ? അതോ, വല്ല ചെറുപ്പക്കാരെ അന്വേഷിച്ചിട്ടോ? എടീ പെണ്ണേ! പശുവിനെ കെട്ടാൻ പാടത്ത് പോകുമ്പോ ഇത്ര നല്ല ബ്ലൗസും മററും വേണോ?"

"അമ്മ മിണ്ടാതിരിക്കു! എനിക്ക് മുഷിഞ്ഞ വേഷത്തിൽ നടക്കാൻ പ്രയാസാ!" എന്നു പിറുപിറുത്തുകൊണ്ട് അവൾ പശുവിന്റെ കയർ പിടിച്ച് അവിടന്നു നടന്നു. അവൾ അതിനെ പാടത്ത് ഒരു ഭാഗത്ത് കുററി തറച്ചു കെട്ടി നടവരമ്പിൽക്കൂടി ആലിയുടെ അടുക്കലേക്ക് യാത്രയായി. ഉദ്ദേശം ഒരു ഫർലോങ് ദൂരെവച്ച് അവൾ കണ്ടു, ആലി ത

ൻെറ പിഞ്ഞതമേശമേൽ കൈമുട്ടുകൾക്കുത്തി ഉറക്കംതൂങ്ങുന്നതു്. അവൾ അത്താണിയുടെ മറയിൽക്കൂടി പതുങ്ങിപ്പതുങ്ങി വന്നു.

അടുത്തെത്തിയപ്പോൾ, അവൾ ഒരു ചെറിയ കല്ലെടുത്തു് ആലിയെ ഒരേറു്! പക്ഷേ, ഉന്നംതെററി കല്ലു ഗ്ലാസിന്മേലാണു് കൊണ്ടതു്; അതു ഉരുണ്ടുവീണു ഛിന്നഭിന്നമായി. ആലി ഞെട്ടിയെണീററു് ചുററുപാടും നോക്കി. അവൾ ആയാളുടെ ഗതിയനുസരിച്ചു് അത്താണിയെ മറഞ്ഞുനില്ക്കുവാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. അവളുടെ നിഴൽ അവൾ എങ്ങനെ മറയ്ക്കും? ആളെ മനസ്സിലായപ്പോൾ ആലി സസ്ഥലത്തു ചെന്നിരുന്നു് വിളിച്ചു, "മീനു! വരൂ! എത്ര നാളായി കണ്ടിട്ടു!" അവൾ ആയാളുടെ മുമ്പിൽ കുഴഞ്ഞുനിന്നു. അവൾ നനഞ്ഞ മുടി മുമ്പിലേക്കു് വലിച്ചിട്ടു്, അതിൻെറ അഗ്രം വിരൽകൊണ്ടു് ചുരുട്ടി, ഒരു നേരിയ സ്വരത്തിൽ പറഞ്ഞു, "ക്ഷമിക്കണം, എൻെറ ഉന്നം തെററി ഗ്ലാസിന്മേലാണു് കൊണ്ടതു്. അതിൻെറ വില ഞാൻ തരാം!"

"മീനു! അതു സാരമില്ല. ഞാൻ ഗ്ലാസ്സ് മേശയുടെ അററത്തു് വച്ചതിനാലാണു് മറിഞ്ഞുവീണതു്. ഈ മേശപ്പുറത്തുള്ളതെല്ലാം നീ തല്ലിത്തകർത്താലും ഞാൻ മിണ്ടുകയില്ലല്ലൊ! അതിരിക്കട്ടെ, എന്താണു് വിശേഷം? അമ്മക്കു് സുഖം തന്നെയല്ലെ?"

അവളുടെ ഇമകറുത്ത നയനങ്ങളിൽ ബാഷ്പകണങ്ങൾ നിറഞ്ഞു; കറുത്തിരുണ്ട കൺമണികൾ ഒന്നുകൂടി ഉയന്നു; അവ മേൽപോളകൾക്കിടയിൽ പകുതിയോളം മറഞ്ഞു. അതു സന്താപത്തിൻെറ കണ്ണീരല്ലായിരുന്നു; സന്തോഷത്തിൻേറയുമല്ല; എന്തോ വികാരാധിക്യത്തിൻെറ തിരതല്ലലാൽ പൊട്ടിപ്പുറപ്പെട്ടതാണു്.

അവൾ ചോദിച്ചു: "എന്താണിക്കൊല്ലം ഇത്ര വൈകിയതു്?"

"ഞാൻ ജേഷ്ഠൻെറ അടുക്കലേക്കു് പോയിരുന്നു."

"ജേഷ്ഠൻ എവിടെയാണു്?"

"നീലഗിരിയിലെ ഒരു തേയിലത്തോട്ടത്തിൽ!"

"വിശേഷിച്ചു പോകുവാനുള്ള കാരണം?"

"മീനു! ഈ സവ്വത്തുകച്ചവടംകൊണ്ടു് എങ്ങനെയാണു് കഴിഞ്ഞുകൂടുന്നതു്?"

"ഇതേവരെ ഈ കച്ചവടംകൊണ്ടുതന്നെയല്ലെ കഴിഞ്ഞുകൂടിയതു്?"

ആലി ഒരു പുഞ്ചിരിതൂകി, "അല്ല. മീനു! ഇതേവരെ വാപ്പയുടെ ശമ്പളം കൊണ്ടായിരുന്നു. അദ്ദേഹം മുൻസിഫു് കോടതിയിൽ ഒരു ശിപായിയായിരുന്നു."

"ഇപ്പോഴും വാപ്പക്കു് ജോലിയില്ലേ?"

ആയാൾ ആകാശത്തിലേക്കു ചൂണ്ടിക്കാണിച്ചു, "ഇപ്പോൾ വാപ്പക്കു ജോലി അവിടെയാണു്." ആലി നിശ്ചലനായി തലതാഴ്ത്തി ഏതാനും നിമിഷങ്ങൾ നിന്നു. അപ്പോൾ, സ്മരണകൾ അയാളുടെ ദൃഷ്ടികളിൽ ജലബിന്ദുക്കൾ നിറച്ചു.

"മീനു! വാപ്പ കഴിഞ്ഞ കക്കടകമാസത്തിൽ മരിച്ചുപോയി. ഞാനും അമ്മയും സഹോദരിയും കഷ്ടത്തിലായി."

ആലി തുടന്നു: "മീനു! ജേഷ്ഠൻ തേയിലത്തോട്ടത്തിൽതന്നെ എനിക്കു് ഒരു ജോലിയുണ്ടാക്കിത്തരാമെന്നും, ഒരൊഴിവു് വന്നാൽ എന്നെ എഴുതിയറിയിക്കാമെന്നും ഏററു പറഞ്ഞിട്ടുണ്ടു്."

മീനുവിൻെറ ശബ്ദം പതറി, "അപ്പോൾ, ഇക്കൊല്ലത്തോടുകൂടി കച്ചവടം അവ

സാനിപ്പിക്കയാണോ? ഇനി ഇട്ടിക്കിലേക്ക് വരില്ല, അല്ലേ?"

"മീനു! ജോലികിട്ടുന്നപക്ഷം എങ്ങനെയാണ് ഇങ്ങോട്ടു വരുന്നതു്?"

സൂര്യൻ ചക്രവാളത്തിൻെറ മദ്ധ്യത്തിലായി. കൊയ്ത്തുകാരുടെ 'വടക്കൻപാട്ട്' ഒരേ ഒരു രീതിയിൽ ചുട്ടുപഴുത്ത അന്തരീക്ഷത്തിലേക്കുയന്നുപൊങ്ങി. അവളുടെ തലക്കുമുകളിൽ ആ വൃക്ഷത്തിൻെറ ഇലകൾ എന്തോ പിറുപിറുത്തുകൊണ്ടിരുന്നു. ഒരു നെടുവീപ്പിട്ടുകൊണ്ടു് മീനു അവിടന്നു നടന്നു.

III

അക്കൊല്ലം ഇടവപ്പാതി കഴിഞ്ഞെങ്കിലും മഴ ശക്തിയായി പെയ്യിട്ടുണ്ടായിരുന്നില്ല. അഞ്ചാറു് 'പൊടിമഴ' പെയ്യവസാനിച്ചു. അതുകൊണ്ടൊന്നും ഭൂമിയുടെ ദാഹം ശമിച്ചില്ല. പക്ഷേ, അന്തരീക്ഷത്തിൽ കാർമേഘപടലങ്ങൾ പൊട്ടിവീഴുവാൻ തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു.

ആലി അതൊന്നും വകവയ്ക്കാതെ ആ 'ഉങ്ങ്' മരത്തിൻെറ ചുവട്ടിൽ ഇരുന്നു. രാത്രി മണി എട്ടായിട്ടും ആയാൾ ആ സ്ഥലം വിട്ടില്ല. ഘോരമാരിയുടെ ആഗമനത്തെ വിളിച്ചു പറഞ്ഞുകൊണ്ടു് ശക്തിയുള്ള ഒരു തണുത്ത കാററു് ഓടിയെത്തി. അപ്പോൾ, ആയാളുടെ മേശപ്പുറത്തു് എരിഞ്ഞുകൊണ്ടിരുന്ന 'ഹരിക്കെയിൻ' വിളക്കിൻെറ നാളം കിടുകിടെ വിറച്ചു.

ആയാൾ മീനുവിൻെറ വരവു് കാത്തിരിക്കയാണ്. അവളെ വിളിക്കുവാൻ ആയാൾ വിശ്വസ്തയായ ഒരു വൃദ്ധയെ പറഞ്ഞയച്ചിട്ടുണ്ടു്. പക്ഷേ, മൂന്നു മണിക്കൂറുകൾ കഴിഞ്ഞെങ്കിലും മീനു വന്നില്ല. ആലിക്കു വല്ലാത്തൊരസ്വസ്ഥത തോന്നി. അന്നു് ആയാൾ ആ സ്ഥലം എന്നെന്നേയ്ക്കുമായി വിടുകയാണ്. നീലഗിരിയിൽനിന്നു ആയാളുടെ ജ്യേഷ്ഠൻെറ എഴുത്തുവന്നു. ആലിക്കു പന്ത്രണ്ടുറുപ്പിക ശമ്പളമുള്ള ഒരു ശിപായിപ്പണി കിട്ടിയിരിക്കുന്നുവെന്നും ഉടൻതന്നെ കുടുംബസഹിതം പുറപ്പെടണമെന്നുമായിരുന്നു അതിൽ കാണിച്ചിരുന്നതു്. പക്ഷേ, മീനുവിനെ കണ്ടു യാത്ര പറയാതെ ആയാൾ എങ്ങനെയാണ് അവിടം വിടുന്നതു്? പുലച്ച് മൂന്നു മണിക്ക് ഒരു വണ്ടിയുണ്ടു്. ആ വയൽഘട്ടത്തിൽനിന്നു തീവണ്ടിആപ്പീസിലേക്ക് പത്തുനാഴിക കാണും.

മണി പത്തായി. അടുത്തുള്ള കൃഷീവലന്മാരുടെ ചെറുകുടികളിൽ നിന്നു് അപ്പോഴും 'നന്തുണിക്കൊട്ടും പാട്ടും' ഒരേ ഒരു താളത്തിൽ നിഗ്ഗളിക്കുന്നുണ്ടായിരുന്നു. ആലി ഒരു നെടുവീപ്പിട്ടുകൊണ്ടെണീററു. ആയാളുടെ മുമ്പിൽ ആരോ നിശ്ശബ്ദയായി നില്ക്കുന്നുണ്ടായിരുന്നു.

ആയാൾ ഉൽക്കണ്ഠയോടുകൂടി വിളിച്ചു: "മീനു! മീനു!" പക്ഷേ, ആരും വിളി കേട്ടില്ല. ആയാൾ അങ്ങോട്ടുചെന്നു സൂക്ഷിച്ചുനോക്കി. അതു മീനുതന്നെയായിരുന്നു. ഹൃദയത്തിൻെറ സ്പന്ദനംനിമിത്തം അവൾക്കൊന്നും ശബ്ദിക്കുന്നതിനു സാധിച്ചില്ല.

"മീനു! നീ എന്താണിത്ര വൈകിയതു്?"

"എനിക്ക് അമ്മ അറിയാതെ വരണ്ടേ? അമ്മ ഉറങ്ങി. ഉണരുന്നതിനുമുമ്പ് മടങ്ങിയെത്തണം!"

"ശരി! മീനു, ഞാൻ പോകയാണ്!"

"ആ വിവരം ഞാനറിഞ്ഞു..... എന്നെ ഉപേക്ഷിച്ചു പോകയാണെന്ന്!"

ആലി ഒരു ഗ്ലാസ് സർവ്വത്തെടുത്തു അവൾക്ക് കാട്ടി, "മീനു! ഇതു കുടിക്കു,

ഞാൻ നിനക്ക് വേണ്ടി എടുത്തുവച്ച താണ്."

മീന വസ്ത്രത്തിൻെറ തുമ്പ് കെട്ടഴിച്ച് രണ്ടണയെടുത്ത് ആലിയുടെനേരെ നീട്ടി, "നിങ്ങളുടെ ഒരു ഗ്ലാസ്സ് ഞാൻ ഉടച്ചിട്ടുണ്ട്, ഇതാ അതിൻെറ വില!"

ആലിക്ക കുറച്ചസുഖം തോന്നി, "മീന! നീ ഇങ്ങനെയാണോ എന്നെപ്പററി വിചാരിക്കുന്നത്? എനിക്ക് അണയൊന്നും വേണ്ട. എൻെറ പക്കൽ വണ്ടിക്കൂലിക്കുള്ള പണം മാത്രമേയുള്ളു. അല്ലെങ്കിൽ, ഞാൻ നിനക്കെന്തെങ്കിലും സമ്മാനം തരണമെന്ന് വിചാരിച്ചിട്ടുണ്ടായിരുന്നു. ജ്യേഷ്ഠൻെറ കത്ത് വന്നതു് പെട്ടെന്നായിപ്പോയി. അതിരിക്കട്ടെ; എന്നെ സ്നേഹമുണ്ടെങ്കിൽ ഈ സർബ്ബത്തു കുടിക്കു!"

"നിങ്ങൾ എന്നെ എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ചു പോകയാണല്ലോ. അതിനാൽ നാം തമ്മിൽ യാതൊരു കണക്കും വേണ്ട. ഈ അണ വാങ്ങിക്കു!"

"എനിക്ക് അണയൊന്നും വേണ്ട."

"എന്നാൽ എനിക്ക് സർബ്ബത്തും വേണ്ട."

"മീന! ഈ സർബ്ബത്തു കുടിച്ചാൽ ഞാൻ അണ വാങ്ങിക്കാം."

"അത് കുറുക്കൻ പറഞ്ഞ സൂത്രമല്ലെ? അണ വാങ്ങിച്ചാൽ ഞാൻ സർബ്ബത്തു കുടിക്കാം."

"ഇത്ര വാശിയുള്ള പെൺകുട്ടികളുണ്ടോ?"

"ഇത്ര സ്നേഹമില്ലാത്ത ചെറുപ്പക്കാരുണ്ടോ?"

"മീന! നിന്നോടുള്ള സ്നേഹംകൊണ്ടല്ലേ ഞാനിത്രനേരം ഇവിടെ കാത്തു നിന്നതു്?"

"നിങ്ങളോടുള്ള സ്നേഹം കൊണ്ടല്ലേ ഞാൻ ഈ രാത്രിതന്നെ ഇങ്ങോട്ടോടി വന്നതു്?"

ആലി കുറച്ചുനേരം നിശ്ശബ്ദനായി നിന്നശേഷം ആ ഗ്ലാസ്സ് അത്താണിമേൽ വച്ചു. അടുത്ത നിമിഷംതന്നെ മീന രണ്ടണയും ആ ഗ്ലാസിന്നരികെ വച്ചു. രണ്ടുപേരും ഏതാനും നിമിഷങ്ങൾ അത്താണിമേൽ നോക്കിനിന്നു. വീണ്ടും അവർ തമ്മിൽതമ്മിൽ നോക്കി.

"ആ സർബ്ബത്തു കുടിക്കു!"

"ആ അണ എടുക്കു!"

അങ്ങനെയൊരു വാശി രണ്ടുപേക്കും അതിനുമുമ്പ് ഉണ്ടായിട്ടില്ല. എന്താണാവോ അതിനു കാരണം? അവക്കുതന്നെ അതറിവില്ല.

ആലി തൻെറ സാമാനങ്ങൾ തലയിലെടുത്ത് യാത്രയായി. ആയാൾ ഒരിടറിയ സ്വരത്തിൽ പറഞ്ഞു: "മീന! ആ സർബ്ബത്തു കുടിക്കയില്ല, അല്ലേ?"

"നിങ്ങൾ ആ അണ എടുക്കയില്ല, അല്ലേ?"

"മീന! എന്നാൽ ഞാൻ പോകട്ടെ, എനിയ്ക്കു വണ്ടിതെററും."

"എന്നാൽ ഞാനും പോകട്ടെ. അമ്മ ഉണരും."

അവർ പിരിഞ്ഞു. മീന തിരിഞ്ഞു നോക്കി; ആശ വേർപാടിൻെറ ദീർഘതയിൽ അലിഞ്ഞലിഞ്ഞു പോകുന്നതു പോലെ, ആലിയുടെ വിളക്കിൻെറ ശോഭ ദൂരതയിൽ കുറഞ്ഞുകുറഞ്ഞുപോയി.

പ്രഭാതത്തിൽ, യാത്രക്കാർ ആ അത്താണിമേൽ ഒരു ഗ്ലാസ്സ് സർബ്ബത്തും രണ്ടണയും ഇരിക്കുന്നതുകണ്ടു.

# സ്ത്രീയില്ലാത്ത സാഹിത്യം

ടി. കെ. കുഞ്ഞേലിയാ, ബി. ഏ., ബി. എൽ.

സാഹിത്യമില്ലാത്ത സ്ത്രീകൾ ദുർല്ലഭമല്ലെങ്കിലും, സ്ത്രീയില്ലാത്ത സാഹിത്യം ഇല്ലെന്നുതന്നെ പറയണം. സാഹിത്യം ഒരു സുകുമാര കലയാണെങ്കിൽ, അതിൽ സ്ത്രീയില്ലാതെ നിവൃത്തിയില്ല. കാരണം, കല ജീവിതത്തിന്റെ ഒരു രത്നച്ചുരുക്കവും, സ്ത്രീ ജീവിതത്തിലെ സർവ്വപ്രധാനമായ ഒരു പാത്രവുമാണെന്നതുതന്നെ. ജീവിതത്തിന്റെ ഹൃദയനാഡി സ്ത്രീയായിരിക്കുന്നതുപോലെതന്നെയാണ് സാഹിത്യത്തിന്റെ ജീവനും ശക്തിയും സ്ത്രീയായിരിക്കുന്നതു്. ഹോമർ മഹാകവിയുടെ മഹാകാവ്യത്തിന്റെ അസ്ഥിവാരം 'ട്രോയി'ലെ 'ഹെലൻ' എന്ന വനിതാരത്നമാണെങ്കിൽ, ഭാരതത്തിലെ രാമായണ മണിമേടയും പടുത്തിട്ടുള്ളതു് അസൂയാലുവായ കൈകേയി രാജ്ഞിയുടെ ദുർവ്വാശിയിന്മേലും പതിവ്രതയും സുന്ദരിയുമായ സീതാദേവിയുടെ ചാരിത്രത്തിന്മേലുമാണ്. മഹാഭാരതത്തിലെ മഹായുദ്ധമാകുന്ന കാർമേഘം ഒരുപക്ഷ പാഞ്ചാലീ വസ്ത്രാപഹരണമാകുന്ന കൊടുങ്കാററില്ലായിരുന്നുവെങ്കിൽ വർഷിക്കയില്ലായിരുന്നു. ദമയന്തിയില്ലാത്ത നൈഷധവും ശകുന്തളയില്ലാത്ത ശാകുന്തളവും സാവിത്രിയോ ശീലാവതിയോ ഇല്ലാത്ത ചാരിത്രവും ചിന്തകന്മാരുടെ ചിത്തത്തിൽ സ്ഥലം പിടിക്കയില്ല. പാരത്രികമെന്നു മിക്കവാറും പേരുകേട്ടിട്ടുള്ള മിൽട്ടൺ മഹാകവിയുടെ പറുദീസാനഷ്ടം (Paradise Lost) ത്തിൽപോലും സ്ത്രീയെ തീരെ അവഗണിച്ചിട്ടില്ല. ഷേക്സ്പിയറിന്റെ നാടകങ്ങൾക്ക് സ്ത്രീ നൽകിയിട്ടുള്ള ഉണർവ്വില്ലായിരുന്നുവെങ്കിൽ അവയെ പലരും വായിക്കുകതന്നെയില്ലായിരുന്നു. വിരഹത്തിന്റെ പരിശുദ്ധ വശങ്ങളെ ചിത്രീകരിക്കുവാനുള്ള ആകാംക്ഷയിൽനിന്നാണ് ഇന്നു സംസ്കൃത സാഹിത്യത്തേയും മലയാള സാഹിത്യത്തേയും നിസ്തുല്യമായി അലങ്കരിക്കുന്ന സന്ദേശകാവ്യം ഉണ്ടായതു്. പരിശുദ്ധമായ പ്രേമത്തിന്റെ അഭൗമമായ പാവനസന്ദേശം കുമാരനാശാന്റെ കൊച്ചുപെൺകിടാവായ നളിനിയെക്കൊണ്ടു പാടിക്കുമ്പോൾ, ദുരാചാരത്തിന്റെ വിഷവായു കലന്നിട്ടുള്ള അന്തരീക്ഷത്തിൽപോലും ചാരിത്രത്തിന്റെ പരിമളം നിസ്സഹായതയിൽനിന്നും വിജയിച്ചുപോരുന്ന കൊച്ചുസീതയെക്കൊണ്ടു് വള്ളത്തോൾ മഹാകവി സഹൃദയലോകത്തിന്നു് പ്രദാനം ചെയ്യുന്നു. സ്ത്രീയില്ലാത്ത നാടകമൊ, മഹാകാവ്യമൊ, ഖണ്ഡകാവ്യങ്ങളൊ, സന്ദേശകാവ്യങ്ങളൊ അപൂർവ്വമാകുന്നതിന്റെ കാരണം, കലയെ ജീവിതത്തോടു് സാമ്യപ്പെടുത്തുവാനുള്ള സാഹിത്യകാരന്റെ ഉൽക്കണ്ഠയൊന്നുമാത്രമാണ്.

പുരാതനസാഹിത്യവും നവീനസാഹിത്യവുമായുള്ള വടംവലിയിലും സ്ത്രീയെ സാഹിത്യത്തിൽനിന്നും നിഷ്കാസനം ചെയ്തിട്ടില്ല. പുരാതനസാഹിത്യത്തിലെ കഥാപാത്രങ്ങൾ സമുദായത്തിൽ ഉന്നതസ്ഥാനം കൈക്കൊള്ളുന്ന അസാധാരണ

ന്മാരാകയാൽ തൽസ്ഥാനത്ത് സാധാരണന്മാരെ സൃഷ്ടിക്കണമെന്ന് നവീന സാഹിത്യകാരന്മാർ ഘോഷിക്കുന്നു. എന്നിരുന്നാലും അന്നത്തെ കഥാനായികയുടെ സ്ഥാനത്ത് ഒരു പുരുഷനെ സൃഷ്ടിച്ചുകളയാമെന്ന് ആരും ആഗ്രഹിക്കുന്നില്ല. അന്നത്തെ സാഹിത്യത്തിൽ പ്രത്യക്ഷമാകുന്ന ജീവിതസാഹചര്യങ്ങൾ മാററണമെന്ന് നവീന സാഹിത്യകാരൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും സ്ത്രീയില്ലാത്ത ഒരു സാഹിത്യലോകം അയാൾ സങ്കല്പിക്കുകപോലും ചെയ്യുന്നില്ല. അന്നു സ്ത്രീലോകത്തിന് സന്മാർഗ്ഗതത്വങ്ങളെ നേരിട്ട് ഉപദേശം ചെയ്തിരുന്ന സ്ഥാനത്ത് ഇന്നു വ്യംഗ്യോപദേശം ചെയ്യുവാൻ സാഹിത്യകാരന്മാർ പരിശ്രമിക്കുന്നുണ്ട്. എന്നാൽ ഈ പരിശ്രമത്തിൽനിന്ന് സ്ത്രീയെ തള്ളിക്കളഞ്ഞിട്ടുള്ള ഒരു സാഹിത്യലോകം ഉത്ഭവിച്ചിട്ടില്ല. കാരണം, സാഹിത്യം കച്ചവടമോ, കൈത്തൊഴിലോ, യുദ്ധമോ, കവച്ചയാ അല്ല എന്നുള്ളതുതന്നെ. അതു് അവയെ സ്വീകരിക്കുന്ന മനുഷ്യജീവിതത്തിന്റെ ഹൃദ്യമായ ഒരു ചിത്രീകരണമാണ്. അതിൽ സ്ത്രീക്ക് സ്ഥാനമില്ലാതെ കഴികയുമില്ല.

എന്നാൽ സ്ത്രീ സാഹിത്യത്തിന്റെ അടിമയായിട്ടുള്ളതല്ലാതെ, സാഹിത്യം സ്ത്രീയുടെ അടിമയായി അധികം കണ്ടിട്ടില്ല. പുരുഷന്മാരായ സാഹിത്യകാരന്മാരുടെ ഭാവനാശക്തി പ്രദർശിപ്പിക്കുവാനുള്ള ഒരു കരുവായിട്ടാണ് സ്ത്രീയെ ഉപയോഗിക്കാറുള്ളത്. ആ പരിശ്രമത്തിൽ സ്ത്രീ ഉത്തമയും, അധമയുമായി ഭവിച്ചിട്ടുണ്ട്. പരിശുദ്ധങ്ങളായ ജീവിതാദർശങ്ങളെ സ്ത്രീയെക്കൊണ്ടുതന്നെ പഠിപ്പിക്കുന്നതുപോലെ, അധമങ്ങളായ വശങ്ങളെയും ചിത്രീകരിക്കുന്നതിനു സ്ത്രീയെ ഉപകരണമാക്കിയിട്ടുണ്ട്. ഇതു് ചിലപ്പോൾ സ്ത്രീകൾക്കും പുരുഷന്മാർക്കും തമ്മിലുള്ള ഒരു മത്സരരംഗമായും പ്രത്യക്ഷപ്പെടാതില്ല. ആംഗല സാഹിത്യത്തിൽ, ജോർജ്ജ് എലിയട്ടിന്റെ 'റോമോള' എന്ന ആഖ്യായിക വായിക്കുന്നവർ ആരുംതന്നെ അതിൽ പുരുഷലോകത്തെ അവജ്ഞയോടുകൂടി വീക്ഷിക്കുന്ന ഒരു ഗ്രന്ഥകർത്രിയുടെ തൂലികയുണ്ടെന്ന് പറയാതിരിക്കയില്ല. എന്നാൽ ഈ ഒരു വാസന പുരുഷന്മാരിലായാലും സ്ത്രീകളിലായാലും അത്ര അഭിലഷണീയമല്ലെന്നു മാത്രമല്ല, അതു് സാഹിത്യത്തെ ജീവിതചിത്രത്തിൽനിന്നു വളരെ അധികം അകറുന്ന ഒന്നാണെന്നു സമ്മതിച്ചേതീരൂ.

എങ്കിലും സാഹിത്യത്തെ സ്ത്രീ അലങ്കരിക്കുന്നതിനോടൊപ്പം സ്ത്രീജീവിതത്തിന്റെ ഉന്നമനത്തിന് സാഹിത്യം സഹായിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ട ഒരു ചുമതലകൂടി സാഹിത്യകാരന്മാർക്കുണ്ട്. ചിരകാലമായി സ്ത്രീലോകം, ആവശ്യമായൊ അനാവശ്യമായൊ, അനുഭവിക്കേണ്ടിവന്നിട്ടുള്ളതും, അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ അസമത്വങ്ങളിൽനിന്ന് അവരെ പുനരുദ്ധരിക്കേണ്ട ഉൽകൃഷ്ടമായ ചുമതല സാഹിത്യകാരന്മാർക്കല്ലെ? ഏവംവിധമുള്ള അനഭിലഷണീയമായ മനസ്ഥിതികളെ സാമാന്യ ജനതാമദ്ധ്യത്തിൽനിന്നു ഉന്മൂലനം ചെയ്യുന്നതിന് പര്യാപ്തമായ ഒരു ദിവ്യശക്തി സാഹിത്യകാരന്മാർക്കുള്ളതുപോലെ മററാർക്കാണുള്ളത്?

# ഉപദേശി

പോഞ്ഞിക്കര റാഫി

**ആ** ഉപദേശി അവിടത്തെ അനാഥമായ അധഃകൃത ഗൃഹങ്ങളിൽ നിത്യവും പോകാറുണ്ട്. ചണ്ടും ചളിയും നിറഞ്ഞു ദുർഗ്ഗന്ധം വമിക്കുന്ന പുലയക്കുടിലുകൾ, രാജോചിതമായ വിധത്തിലുള്ള രമ്യഹർമ്മ്യങ്ങളേക്കാൾ അദ്ദേഹത്തിനു അധികം ഇഷ്ടമായിരുന്നു.

അദ്ദേഹത്തിനു ഇരുപത്തെട്ടു വയസ്സു പ്രായം കാണും. വെളുത്ത നിറത്തിലല്പം കൊഴുത്ത ദേഹം; തടിച്ചു ചുകന്ന അധരങ്ങളോടും ചെറിയ കണ്ണുകളോടും കൂടിയ വട്ടമുഖം; ക്രോപ്പുചെയ്തിട്ടുണ്ടെങ്കിലും അശ്രദ്ധയോടിട്ടിരിക്കുന്ന ചുരുണ്ട തലമുടി—ഇതാണദ്ദേഹത്തിന്റെ ആകൃതി.

സഞ്ചാരവേളകളിൽ ഒരു തടിച്ച ബൈബിളും ചെറിയ സുവിശേഷപുസ്തകങ്ങളും മതപ്രചാരണത്തിനായുള്ള ഏതാനും ലഘുലേഖകളും അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരിക്കും. പള്ളിക്കൂടങ്ങളിൽ പോകുന്ന ബാലികാബാലന്മാർക്കു സുവിശേഷപുസ്തകങ്ങളും ലഘുലേഖകളും സമ്മാനിക്കുകയെന്നതും എഴുത്തും വായനയും അറിയുവാൻ പാടില്ലാത്ത 'തള്ള'മാർക്കു ബൈബിളിൽ നിന്നു ചില ഭാഗങ്ങൾ വായിച്ചു സരസമായ വിധത്തിൽ വ്യാഖ്യാനിച്ചു മനസ്സിലാക്കിക്കൊടുക്കുകയെന്നുള്ളതും അദ്ദേഹം തന്റെ ജീവിതോദ്ദേശമായി സ്വീകരിച്ചിരിക്കയാണ്.

II

കുറുമ്പപ്പുലക്കള്ളിയുടെ പുലയൻ മരിച്ചിട്ടു മൂന്നാണ്ടായി. കുറുമ്പയ്ക്കു മൂന്നു മക്കളുണ്ട്—രണ്ടു പെണ്ണും ഒരാണും. മൂത്ത മകളായ താമരയ്ക്കു പതിനേഴു വയസ്സു കഴിഞ്ഞു. താമര ആറാം ക്ലാസ്സുവരെ പഠിച്ചു; പഠനം നിറുത്തി. അവളുടെ താലികെട്ടു കല്യാണം പിറേറ ആഴ്ച നടത്തുവാൻ നിശ്ചയിച്ചിരിക്കയാണ്. 'കണ്ടായൻ' എന്നാണ് വരന്റെ പേർ. അവനു വയസ്സു ഇരുപതു കഴിഞ്ഞു. കരിങ്കല്ലു പണിയാണ് അവന്. കുറുമ്പപ്പുലക്കള്ളി വിധവയായതു മുതൽ അവനാണ് ആ കുടുംബത്തിന് ഒരു താങ്ങ്. അവൻ അവിടെ വരാത്ത ദിവസമില്ല.

"കുഞ്ഞനുണ്ടോ?" പതിവുപോലെ ഉപദേശി കുറുമ്പയുടെ കുടിലിലേക്കു അന്നും കയറിച്ചെന്നു.

"കുഞ്ഞൻ തെക്കേ പീടിയിലേക്കു കയറുംകൊണ്ടു പോയേക്കണ്" മിററത്തു ഒരു കീറപ്പായയിലിരുന്നു ചൂടി പിരിക്കുന്ന കുറുമ്പപ്പുലക്കള്ളി പറഞ്ഞു: "ഇപ്പം വരും. അങ്ങാട്ട് ഇരി."

കുത്തിപ്പൊക്കിയിരുന്ന തട്ടിക്കുട്ടത്തു കിടന്നിരുന്ന പീഞ്ഞപ്പെട്ടിമേൽ ഉപദേശി ആസനമുറപ്പിച്ചു. അടുത്ത മുറിയിൽ നിന്നു ഒരു കുപ്പിവളയുടെ കിലുക്കം! ആ പഴയ പനമ്പുനിരയുടെ പഴുതിൽക്കൂടി രണ്ടു മിഴികൾ!

കയറുമായി കുഞ്ഞൻ മടങ്ങിയെത്തി.

"എന്തേ കയറു കൊടുത്തില്ല?" കുറുമ്പ ചോദിച്ചു.

"കാശു ഇപ്പ ഇല്ല......" കുഞ്ഞൻ മറുപടി പറഞ്ഞു: "നാള വൈന്നേരം ത

രാന്നു പറേണ്. ആ പെട്ടി നെറച്ചും കാശ്ശു കിടക്കണെ ഞാൻ കണ്ടതാ. കഴ വേറി........."

"ആ-ാ-കുഞ്ഞനെത്തിയോ?" ഉപദേശിയുടെ ശബ്ദം കേട്ട കുഞ്ഞൻ തിരിഞ്ഞുനോക്കി. കുഞ്ഞന്റെ മുഖം മ്ലാനമായി. ചീത്ത വാക്കുകൾ പറയരുതെന്നു ഉപദേശി അവനോടു പറഞ്ഞിട്ടുണ്ടായിരുന്നു.

അന്നുച്ചയ്ക്കു ആ കുടുംബം പട്ടിണിയായിരുന്നതും അയൽപക്കത്തുള്ള പലക്കും കടം കൊടുക്കുവാനുള്ളതും മററും കുറുമ്പപ്പുലക്കള്ളി പറഞ്ഞുതുടങ്ങി.

"ഇപ്പം, ഇതേയുള്ളു." ഉപദേശി കീശയിൽനിന്നു ഒരു നാലണത്തുട്ടെടുത്തു കുഞ്ഞന്റെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു: "വേഗം പോയി അരിയും മററും വാങ്ങിച്ചോളു"

ഉപദേശി അവിടെനിന്നു മറെറാരു വീട്ടിലേക്കു നടകൊണ്ടു.

III

ഒരു ചന്ദ്രികയുള്ള രാത്രി. കുത്തിപ്പൊക്കിയിരുന്ന തട്ടിയിലൂടെ താമര പുറത്തേക്കു നോക്കിക്കൊണ്ടിരിക്കയാണ്.

ആ തൈത്തെങ്ങിൻകൂട്ടത്തിന്റെ ഇടയിലൂടെ ഒരു മനുഷ്യൻ വരുന്ന നിഴൽ അവൾക്കു കാണായി. അവളുടെ ഹൃദയം തുടിച്ചു. അവൾ അവിടെ നിന്നെഴുന്നേററു, വാതിൽ പതുക്കെ തുറന്നു, വെളിയിലേക്കിറങ്ങി.

"ഞാൻ താമസിച്ചുവോ?" ആഗതൻ ചോദിച്ചു.

"ഇല്ല." താമര പറഞ്ഞു: "താമസിച്ചിട്ടില്ല."

"അമ്മയെല്ലാം ഉറക്കംപിടിച്ചു, ഇല്ലേ?"

"അതെ—" അവൾ പറഞ്ഞു: "നല്ല ഉറക്കമാ."

പരന്നു പടന്നു കിടന്നിരുന്ന പീച്ചിലിന്റെ മറവിൽ ഒരു ഓലക്കീറിൽ അവർ ഇരുന്നു. ശീതസംവാഹിയായ ഇളം തെന്നൽ അവരെ തലോടി. പാഞ്ഞുവന്ന ഒരു കാർമേഘം ചന്ദ്രനെ മറച്ചുകളഞ്ഞു.

"അയ്യോ!" അവൾ കേണു: "അതു വേണ്ട......"

"സാരമില്ല......" അയാൾ പറഞ്ഞു: "നീ പേടിക്കയൊന്നും വേണ്ട. വരുന്ന ആഴ്ചയിൽ താലികെട്ടു നടത്താമെന്നല്ലേ പറഞ്ഞിരിക്കുന്നതു്?"

"എന്നാലും, ഇപ്പ വേണ്ട......"

"ഛെ! പേടിയ്ക്കാതെ........."

വിനാഴികകൾ അങ്ങനെ കടന്നുപോയി.

പിറെറന്നാൾ ഉച്ചയ്ക്കു പതിവുപോലെയെത്തിയ ഉപദേശിയെ കണ്ടപ്പോൾ കുറുമ്പപ്പുലക്കള്ളി കരഞ്ഞുകൊണ്ടു പറഞ്ഞു:

"എന്തു ചെയ്യാം! തലേലെഴുത്തുപോലെല്ലെ വരുള്ളു!"

"ഞാനിങ്ങോട്ടു വരുന്ന വഴിക്കാണ് ആ കഠിനവാത്തയറിഞ്ഞതു്."

ഉപദേശിയുടെ ശബ്ദം പതറി.

അകത്തുനിന്നു ആ തേങ്ങൽ—താമരയുടെ ഇടവിടാതെയുള്ള വിമ്മൽ—ഉപദേശിയുടെ കണ്ണുകളിൽ വന്നലച്ചു. എങ്കിലും ഉപദേശി അങ്ങോട്ടു നോക്കിയില്ല. അദ്ദേഹത്തിന് തല കറങ്ങുന്നതുപോലെ തോന്നി.

"അല്ലെ, വല്ലോരും നിരൂപിച്ചതാണാ

ഇതിങ്ങനെ ഒണ്ടാക്കുന്ന്." കുറുമ്പ തുടൻ: "പൊറുക്കുന്നായ്ച താലികെട്ട നടത്താമെന്ന തീച്ച്യാക്കീരുന്നതല്ലെ! ഇന്നല ആ കാററും കോളും വന്ന 'ആ മഞ്ചി മുങ്ങാനും ആ കിടാത്തൻ മരിക്കുന്നൊക്കെ നമ്മ വല്ലോരും നിരൂപിച്ചിരുന്നതാണൊ! ഒടേക്കാരാ!"

"ഇന്നലത്തെ കാററു എന്തു ശക്തിയായിരുന്നു!" ഉപദേശി തുടൻ: "ആ വഞ്ചിയിലുണ്ടായിരുന്ന മൂന്നുപേർ മരിച്ചു, ഇല്ലേ? കഷ്ടം!"

"ആ-ാ-ഒരു പെണ്ണും രണ്ടാണും മരിച്ചു. വയസ്സമ്മാരാണെങ്കി സാരോല്ലെന്നു വിശാരിക്കാം. പത്തിരുപതു വയസ്സായ കിടാത്തന്മാരു പോയാപ്പിന്ന ആ ചേതം തീത്താ തീരുപാ?" കുറുമ്പയുടെ തൊണ്ട ഇടറി.

തലേന്നാൾ വൈകുന്നേരം ഉണ്ടായ കാററിലും കോളിലും പെട്ട ഒരു വഞ്ചി—ഹാർബറിൽ പോയിരുന്നതു്—മുങ്ങി മൂന്നുപേർ മരിച്ചകൂട്ടത്തിൽ കണ്ടായനും ഉൾപ്പെട്ടിരുന്നു.

IV

"കല്യാണം കഴിക്കുന്നതുവരെ താമസിക്കുവാൻ അവൾക്കു ക്ഷമയുണ്ടായില്ല. അതിൻെറ ഫലമാണ് അവളിപ്പോൾ ഈ അനുഭവിക്കുന്നതു്."

"അല്ലെങ്കിൽ കാററും കോളും പിടിച്ചു മഞ്ചി മുങ്ങുമായിരുന്നോ?......മനുഷ്യരുടെയെല്ലാം കണ്ണിൽ മണ്ണിടാമായിരിക്കാം. ദൈവത്തിൻെറയോ?"

"ഒരു വേള നാം വിചാരിക്കുംപോലെ ആ പാവപ്പെട്ട കണ്ടായനൊന്നുമായിരിക്കയില്ല. വേറെ വല്ല പൂച്ചസന്യാസികളുമായെന്നു വന്നേക്കാം."

നാട്ടുകാരുടെ സംഭാഷണങ്ങൾ അങ്ങനെ പോകുന്നു.

താമരയ്ക്കു പ്രസവവേദന ആരംഭിച്ചിരിക്കുന്നു. കുഞ്ഞൻ വൈററാട്ടിയെ വിളിക്കാൻ പോയിരിക്കയാണ്.

"മോളെ, കരയുന്നതെന്തിനാ?" കുറുമ്പപ്പുലക്കള്ളി പറഞ്ഞു: "വൈററാട്ടി ഇപ്പം വരുല്ലോ."

"അമ്മെ," താമരയുടെ അന്തരാത്മാവിൽനിന്നുതിൻ: "ഞാൻ ഭാഗ്യംകെട്ടവളാണ്......പാപി...!"

"മോളെ, അങ്ങനെ പറ്യാതെ......" കുറുമ്പപ്പുലക്കള്ളി പറഞ്ഞു: "ദേ, വൈററാട്ടി വന്നല്ലോ."

വൈററാട്ടി താമര കിടന്ന മുറിയിൽ പ്രവേശിച്ചു. കുറുമ്പപ്പുലക്കള്ളിയെ പുറത്താക്കി വാതിലടച്ചു.

കുറുമ്പപ്പുലക്കള്ളി വിചാരിച്ചു: കണ്ടായൻെറ മുഖംപോലെ നീണ്ട മുഖത്തോടും അല്പം വലുതായി വൃത്താകാരത്തിലുള്ള കണ്ണുകളോടും കൂടിയ ഒരു ആൺകുഞ്ഞിനെ താമര പ്രസവിക്കുമെന്ന്; കണ്ടായനെ കാണുന്നതുപോലെ ആ കുഞ്ഞിനെ കണ്ടു കണ്ണു കുളുപ്പിക്കാമെന്ന്.

അടുത്ത നിമിഷത്തിൽ അകത്തുനിന്നു കുഞ്ഞിൻെറ നിലവിളി കേൾക്കായി. കുറുമ്പപ്പുലക്കള്ളിയുടെ ഹൃദയകപോതം ആനന്ദത്തിൻെറ പൊൻചിറകുകൾ വിടത്തി. അവൾ വാതിൽപ്പഴുതിൽക്കൂടി അകത്തേക്കുനോക്കി ഒന്നും വ്യക്തമായി കാണാമായിരുന്നില്ല.

വൈററാട്ടി വാതിൽ തുറന്നു. കുറുമ്പപ്പുലക്കള്ളി അകത്തേക്കു പ്രവേശിച്ചു. താമരയുടെ അരികത്തു വെളുത്തു ചുകന്നു ഒരാൺകുഞ്ഞു കിടന്നു നിലവിളിക്കുന്നു. കുറുമ്പപ്പുലക്കള്ളി ആ കുഞ്ഞിനെ സൂക്ഷി

ച്ചുനോക്കി. താമര മുഖംതിരിച്ചുകളഞ്ഞു.

ചെറിയ കണ്ണുകളോടുകൂടിയ ആ കുഞ്ഞിനെ സസൂക്ഷ്മം നോക്കിക്കൊണ്ടിരുന്ന കുറുമ്പപ്പുലക്കള്ളിയെ വൈററാട്ടി ഒന്നു നോക്കി. അത്ഥഗൎഭമായ ഒരു നോട്ടം!

"ഈ കള്ളന്മാരെ ഒന്നും വിശ്വസിച്ചുടാ" വൈററാട്ടി തുടൎന്നു: "പകലു മുഴവൻ ഉപദേശിവേഷം കെട്ടി നടക്കുന്ന ഈ കള്ളന്മാർ രാത്രിയിൽ എന്തൊക്കെ അതിക്രമങ്ങളാണു് ചെയ്യുന്നതെന്നറിയാമോ!"

കുറുമ്പപ്പുലക്കള്ളി ഒന്നും മിണ്ടിയില്ല; മിണ്ടുവാൻ സാധിച്ചില്ല! കുറുമ്പപ്പുലക്കള്ളിയുടെ ഹൃദയത്തിൽ ഒരു നീററൽ! ഒരു പുതിയ നീററൽ!

"ഇതു ഇവിട മാത്രോല്ല—" വൈററാട്ടി പറഞ്ഞു: "ചിറമ്മേല പാറോതിട മകക്ക ഇപ്പ മാസം അഞ്ചാണു്. പറേണതു രാമച്ചോൻെറ മകൻ കുട്ടപ്പനാണെന്നാണു്. അവൻ ആലപ്പുഴക്ക പോയിട്ട ഇപ്പ ആറു മാസം കഴിഞ്ഞിട്ടുണ്ടു്. പോരേ തമാശ്! പിന്ന വേറെ ഒന്നരണ്ടോട ത്തുക്രുടി ഒണ്ടെന്നാണ കേൾക്കണെതു്."

കുറുമ്പപ്പുലക്കള്ളി ആ കുഞ്ഞിനെ ഒന്നുകൂടി നോക്കി. ആ വട്ടമുഖം! തടിച്ചു ചുകന്ന അധരം! ചെറിയ കണ്ണുകൾ! നേരിയതായി നീണ്ട വിരലുകൾ! ചുരുണ്ടു മിനുങ്ങുന്ന തലമുടി! കൊച്ചുപദേശി!

ആ കുഞ്ഞു വാവിട്ടു കരഞ്ഞു. എങ്കിലും താമര തലതിരിച്ചു നിശ്ചലയായിക്കിടന്നതേയുള്ളു. താമരയോടു ആരും ഒന്നും മിണ്ടിയുമില്ല.

---

വാദ്ധ്യാർ: "ഞാൻ നിൻെറ അച്ഛനു 100-ക. കടം കൊടുക്കുന്നുവെന്നു വിചാരിയ്ക്കുക. മാസംതോറും 20-ക. തിരിച്ചുതരാമെന്നു നിൻെറ അച്ഛൻ വാഗ്ദാനം ചെയ്യുന്നു. എന്നാൽ മൂന്നു മാസം കഴിയുമ്പോൾ ബാക്കിയുണ്ടാകുന്ന കടമെത്ര?"

കുട്ടി: "100-ക."

വാദ്ധ്യാർ: "നിനക്കു് കണക്കറിഞ്ഞുകൂടാ."

കുട്ടി: "സാറിനു് എൻെറ അച്ഛനെ അറിഞ്ഞുകൂടാ."

* * * *

അച്ഛൻ: "എടാ തെമ്മാടി, നിനക്കിന്നു സ്കൂളിൽ എത്ര അടി കിട്ടി?"

മകൻ: "എനിയ്ക്കറിഞ്ഞുകൂടാ, അച്ഛാ,! എൻെറ പിന്നിൽ നടക്കുന്ന സംഭവങ്ങളൊന്നും ഞാനത്ര ഗൗനിയ്ക്കാറില്ല."

* * * *

അദ്ധ്യാപകൻ: (സ്നേഹത്തെപ്പററി പ്രസംഗിയ്ക്കുന്ന മദ്ധ്യേ) "എടാ, തൊമ്മി! ഒരാൾ ഒരു കഴുതയെ വടികൊണ്ടു് അടിയ്ക്കുകയും ഞാനതു തടയുകയും ചെയ്താൽ, അതു എങ്ങനെയുള്ള സ്നേഹമാണു്?"

കുട്ടി: "സഹോദരസ്നേഹം."

* * * *

ജഡ്ജി: "വാദിയെ താൻ റെയിൽവെസ്റ്റേഷനിൽവച്ചു് ആദ്യം ഇടിച്ചതു പോരാഞ്ഞിട്ടു് വീണ്ടും മടങ്ങിവന്നു് ചെകിട്ടത്തു് ഒരടികൊടുത്തു. എന്തിനാണു് അങ്ങനെ ചെയ്തതു്?"

പ്രതി: "വണ്ടി കുറച്ചു വൈകിയാണു് വന്നതു്, യജമാനനെ."

# സാഹിത്യലോകത്തിലേ അപസപ്പ്കന്മാർ

എം. പി. പോൾ, എം. ഏ

## 2 ല്യൂപ്പിൻ

ഒരു തസ്കരനെ ഡിറെറക്ടീവാക്കക യോ? കളവു കണ്ടുപിടിയ്ക്കുവാൻ കള്ള നെത്തന്നെ നിയോഗിയ്ക്കുകയോ? പ ക്ഷേ അങ്ങനെയാണ് ഫ്രഞ്ചുകഥാകാര നായ ലബ് ളാങ് ചെയ്തിട്ടുള്ളതു്. അദ്ദേ ഹത്തിൻെറ കഥാനായകൻ ലോകൈക 'കേഡി'യായ ആഴ്സീൻ ല്യൂപ്പിൻ എ ന്നയാളാണ്. യുവാവ്, സുമുഖൻ, വ ശ്യഭാഷണൻ, രാജ്യാഭിമാനി, ആശ്രിതവ ത്സലൻ, ദരിദ്രബന്ധു, കായികാഭ്യാസപ ടു, നിശിതബുദ്ധി, അഭിനയനിപുണൻ, വേഷവിധാനവിചക്ഷണൻ, കമ്മകുശല ൻ, സാഹസികൻ—എന്നീ നിലകളിൽ ല്യൂപ്പിൻ ആരുടെ ഹൃദയവും അപഹരി യ്ക്കും. സുപ്രസന്നവദനനായിട്ടേ ല്യൂപ്പി നെ നാം കാണാറുള്ളു. മഹാവിപത്തുക ളിലും ദുർഘടസന്ധികളിലുമാണ് അയാ ളുടെ സ്വപ്രത്യയസ്ഥൈര്യവും തന്ത്രവിദ ഗ്ദ്ധതയും കാണേണ്ടതു്. എന്തൊരു അ മാനുഷപ്രഭാവം! എന്നാൽ ഈ അസാ ധാരണഗുണങ്ങൾ ഒത്തിണങ്ങി നമ്മുടെ ഹൃദയങ്ങളെ ആവജ്ജിയ്ക്കുന്ന മനുഷ്യ ൻെറ തൊഴിൽ ഭവനഭേദനവും കൂട്ടായ്മ ക്കവച്ച്യുമാണ്. ചില്ലറപ്പിട്ടങ്ങലൊന്നു മല്ല; ലക്ഷക്കണക്കിനാണ് വരുമാനം. നല്ല നല്ല ചിത്രങ്ങൾ, ലോകോത്തരങ്ങളാ യ ശില്പവിലാസങ്ങൾ, അസുലഭമായ കൈയെഴുത്തുപ്രതികൾ, വിചിത്രതരമാ യ പരവതാനികൾ, മുതലായവയിൽ ല്യൂ പ്പിന് അതിരററ വാസനയാണ്. അവ എവിടെ സൂക്ഷിച്ചുവച്ചാലും ശരി, ഒടുവി ൽ അവ ല്യൂപ്പിൻെറ കൈവശം വന്നു ചേരാതിരിക്കുകയില്ല. ഒരിയ്ക്കൽ കേൾ ക്കാം, ടോക്കിയോവിലെ ഒരു ബാങ്കിൽ പത്തുലക്ഷം 'യെൻ' കാണ്മാനില്ലെന്ന്; ഏറെത്താമസിയാതെ കേൾക്കാം, ന്യൂ യോർക്കിലെ ഒരു രത്നവ്യാപാരശാലയിൽ നിന്ന് ഇരുപതുലക്ഷം ഡോളർ വിലപി ടിയ്ക്കുന്ന ആഭരണങ്ങൾ കളവുപോയെ ന്ന്. പോലീസുകാർ അന്വേഷണത്തി നു ചെല്ലുമ്പോൾ, 'ആഴ്സീൻ ല്യൂപ്പിൻ' എന്നെഴുതിയിട്ടുള്ള ഒരു കാർഡ് മോഷ്ടി യ്ക്കപ്പെട്ട വസ്തുക്കളുടെ സ്ഥാനത്ത് കാ ണാം. മററു തെളിവൊന്നും ഉണ്ടാകയി ല്ല. ലോകത്തിലെവിടെയും ല്യൂപ്പിൻെറ ചാരന്മാരുണ്ട്. ഭരണസൂത്രധാരന്മാർതൊ ട്ട് യാചകന്മാർവരെ ആരെല്ലാമാണ് ല്യൂ പ്പിൻെറ ആജ്ഞാകരന്മാരെന്നു അയാൾ ക്കല്ലാതെ മററാക്കും അറിഞ്ഞുകൂടാ. പാ രീസ് മുൻസിപ്പാലിററിയ്ക്ക് ആണ്ടോടാ ണ്ടുള്ള ചെലവിനേക്കാളധികമാണ് ത ൻെറ ചെലവെന്ന് ല്യൂപ്പിൻ ഒരിയ്ക്കൽ പറയുന്നുണ്ട്.

ല്യൂപ്പിൻെറ മോഷണസംപ്രദായം ഒ ന്നു വേറെയാണ്. ഒരു പ്രഭുവിൻെറ കോട്ടയിൽ അമൂല്യമായ ചില ചിത്രങ്ങളു ണ്ടെന്നിരിയ്ക്കട്ടെ. ഒരു ദിവസം പ്രഭുവി നു ഒരെഴുത്തു കിട്ടും:

"മേൽവിലാസം തൽക്കാലം
സെൻട്രൽ ജെയിൽ, പാരീസ്,
ആഗസ്റ്റ് 3-ാംനു.

പ്രഭോ,

അവിടത്തെ പക്കൽ എനിക്കു കൗതുകം തോന്നിയിട്ടുള്ള ചില ചിത്രങ്ങളുണ്ടെന്നറിയുന്നു. റഫേലിന്റെ 'സ്വർഗ്ഗാരോഹണം' എനിക്ക വളരെ ഇഷ്ടമാണ്. കൊറെജിയോവിന്റെ 'ദേവമാതാവ്', മൈക്കളെഞ്ചലോവിന്റെ 'സൈന്യചിത്രം,' റെംബ്രാണ്ടിന്റെ 'നഗരാധിപൻ,' എന്നീ ചിത്രങ്ങളും എന്നിൽ അഭിനിവേശം ജനിപ്പിച്ചിട്ടുണ്ട്. അതുകളെല്ലാം ഈ മാസം പത്താം തിയ്യതിക്കുമുമ്പ്, 3, ഡെനിസ്സ് തെരുവ്, പാരീസ്സ്, എന്ന മേൽവിലാസത്തിൽ എത്തിച്ചേക്കണം. ബാക്കിയുള്ളതു ഇഷ്ടംപോലെ. മുഖദാവിൽ നന്ദി പ്രദർശിപ്പിക്കുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.

എന്നു, വിധേയൻ,
ആഴ്സീൻ ല്യൂപ്പിൻ (ഒപ്പ്)

P. S. ലിയൊനാർഡോവിന്റെ 'പാതകകൾ തമ്മിലുള്ള യുദ്ധം' എന്നപേരിൽ അങ്ങയുടെ പക്കലുള്ള ചിത്രം കൃത്രിമമായ അനുകരണമാണ്. അതെനിക്കുവേണ്ട."

ഈ എഴുത്തു കിട്ടുമ്പോൾ പ്രഭുവിന്റെ കോപവും പരിഭ്രമവും ഊഹ്യമാണല്ലോ. പോലീസ്സധികാരികളോട് ആലോചിച്ച് അദ്ദേഹം വേണ്ട മുൻകരുതലുകളെല്ലാം ചെയ്യുന്നു. പക്ഷേ ആഗസ്റ്റ് പത്താം തിയ്യതി കഴിഞ്ഞാൽ ചിത്രങ്ങളൊന്നും കാണുകയില്ല. അവയുടെ സ്ഥാനത്ത്, ഒരു കാർഡിൽ, "രത്നങ്ങളൊന്നും എടുക്കണമെന്നു ഞാൻ ആദ്യം വിചാരിച്ചതല്ല. പക്ഷേ ചിത്രങ്ങൾ സമയത്തിന് എത്തിക്കാതിരുന്നതുകൊണ്ട് ഒരു പാഠം പഠിപ്പിക്കേണ്ടിയിരിക്കുന്നു.—എന്നു, വ്യസനസമേതം, ആഴ്സീൻ ല്യൂപ്പിൻ" എന്നൊരു ചെറിയ കുറിപ്പു മാത്രമേ കാണുകയുള്ളൂ.

ഏതെല്ലാം വേഷങ്ങളിലാണ് ല്യൂപ്പിനെ കാണുന്നതെന്ന് എണ്ണുക പ്രയാസം. ഒരിക്കൽ ആഫ്രിക്കയിൽനിന്നു മടങ്ങുന്ന ഒരു പ്രഭുവായിട്ടാണ് അയാളെ കാണുക. (പ്രഭു വാസ്തവത്തിൽ മരിച്ചുപോയിട്ടുണ്ടാകും. പ്രഭുവിന്റെ സ്വത്തുക്കൾ കൈക്കലാക്കുവാൻ ല്യൂപ്പിൻ ആ വേഷം ധരിച്ചിരിക്കുന്നു എന്നേയുള്ളൂ.) മറ്റൊരിക്കൽ വൃദ്ധനായ ഒരു കൂലിപ്പണിക്കാരനായിട്ടായിരിക്കാം ല്യൂപ്പിന്റെ ആവിർഭാവം. കുറേനാൾ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനായി ജോലി നോക്കി ഗവമ്മേണ്ടിന്റെ പ്രീതി സമ്പാദിക്കുന്നുണ്ട്. ല്യൂപ്പിനെ എവിടെ കാണുമെന്നോ, അയാളുടെ ക്ലിപ്തമായ ആകൃതി എങ്ങനെയാണെന്നോ, ഉററവരായ ഏതാനംപേക്കു മാത്രമേ അറിവുള്ളൂ. എങ്ങനെയെല്ലാം ആത്മഗോപനം ചെയ്താലും കണ്ണുകൾ ആളെ വെളിപ്പെടുത്തും. എന്നാൽ ല്യൂപ്പിന്റെ കണ്ണുകൾപോലും ആക്കും തിരിച്ചറിവാൻസാധിക്കുകയില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും ല്യൂപ്പിന് ഒരു ദോഷമുണ്ട്. അയാൾ തരളചിത്തനാണ്. സ്ത്രീയുടെ കണ്ണുനീർ അയാൾക്കു സഹിക്കുവാൻ കഴിയുകയില്ല. ലോകത്തിലെ പ്രധാനനഗരങ്ങളിലെല്ലാം അയാൾക്കു കാമിനിമാരുണ്ട്. അവക്കുവേണ്ടി എന്തും ചെയ്വാൻ അയാൾ സന്നദ്ധനാണ്. സൗന്ദര്യാരാധനം പലപ്പോഴും അയാളെ അപകടത്തിൽ ചാടിക്കുന്നുണ്ട്. ഒരിക്കൽ അമ്മേരിക്കയിലേക്കു പോകും വഴിക്ക് അയാൾ ഒരു യുവതിയുമായി ഒട്ടധികം പരിചയപ്പെടുകയും അതുവഴിയായി അയാളെ പോലീസ്സുകാർ അറസ്റ്റ് ചെയ്യുകയും ചെയ്യുന്നു. എങ്കിലും ല്യൂപ്പിനെ ഏറെനാൾ തടങ്ങലിൽ വയ്ക്കുവാൻ ഉതകുന്ന കാരാഗാരം ഇതേവരെ ലോകത്തിൽ നിമ്മിക്കപ്പെട്ടിട്ടില്ല.

റോബിൻഹുഡ്, കായംകുളം കൊച്ചുണ്ണി, മുതലായ പ്രസിദ്ധതസ്കരന്മാരെപ്പോലെതന്നെ, ല്യൂപ്പിനും ധനവാന്മാരു

ടെ മുതൽ അപഹരിച്ചു ദരിദ്രന്മാക്ക് വിതരണം ചെയ്യുന്നതുകൊണ്ട് വായനക്കാക്ക് അയാളോട്ട അവജ്ഞ തോന്നുന്നില്ല. മാത്രമല്ല, അയാറം യാതൊരു നിഷ്ഠൂരപ്രവൃത്തിയും ചെയ്യുന്നതായി കാണുന്നില്ല. കൊലപാതകത്തോട്ട് അയാറംക്ക് വലിയ വെറുപ്പാണുള്ളതു്. ആയുധമൊന്നും സാധാരണ കൊണ്ടുനടക്കാറില്ല. തന്ത്രം പ്രയോഗിച്ചാണ് മിക്കവാറും കാര്യം സാധിയ്ക്കുന്നതു്. അഗതികളേയും അനന്യശരണരേയും സഹായിയ്ക്കുന്നതിൽ അയാറം സദാ ഉൽസുകനാണ്. പലപ്പോഴും ഘാതകന്മാരെ അന്വേഷിച്ചു കണ്ടുപിടിയ്ക്കുന്നതിൽ അയാറം പോലീസ്സകാരെ സഹായിയ്ക്കാറുണ്ട്. അതുകൊണ്ടാണ് അയാളെ അപസപ്പകന്മാരുടെ കൂട്ടത്തിൽ ഇവിടെ ഉറംപ്പെടുത്തിയിരിയ്ക്കുന്നതു്.

'അജ്ഞാതനായ തീവണ്ടിയാത്രക്കാരൻ' എന്ന കഥ ദൃഷ്ടാന്തമായി എടുക്കാം. ഒരിയ്ക്കൽ ല്യൂപ്പിൻ പാരീസ്സിൽനിന്നു റൂവെനിലേയ്ക്കു പോകുന്ന വണ്ടിയിൽ കയറി. ഫ്രാൻസിലേ പോലീസ്സൈന്യം മുഴുവനും അയാളെ അന്വേഷിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. ല്യൂപ്പിൻ ആ വണ്ടിയിലുണ്ടെന്ന് അവക്ക എങ്ങനെയോ അറിവുകിട്ടി. പക്ഷേ അതുകൊണ്ടൊന്നും കലുങ്ങാതെ, വില്യം ബെർലാ എന്ന നാമം ധരിച്ചുകൊണ്ട് ല്യൂപ്പിൻ തീവണ്ടിയിൽ കയറി. അയാറം കയറിയ മുറിയിൽ ഒരു സ്ത്രീ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ സ്ത്രീയുടെ ഭർത്താവ് ഒരു ജെയിൽസൂപ്രണ്ടായിരുന്നു. അയാറം ഭാര്യയെ യാത്ര അയക്കുവാൻ അവിടെ വന്നിട്ടുണ്ടായിരുന്നു. ല്യൂപ്പിനെ കണ്ടപ്പോറം സ്ത്രീക്ക് അല്പം പരുങ്ങലുണ്ടായെങ്കിലും, ജെയിൽസൂപ്രണ്ടിൻെറ നോട്ടത്തിൽ ആഗതൻ മാന്യനായ ഒരു യാത്രക്കാരനാണെന്നു തോന്നിയതുകൊണ്ട്, അപകടമൊന്നുമില്ലെന്നു പറഞ്ഞു് ഭാര്യയെ സമാശ്വസിപ്പിച്ച്, അയാറം യാത്ര പറഞ്ഞു പിരിഞ്ഞു.

വണ്ടി ഇളകിത്തുടങ്ങി. പെട്ടെന്ന് ഒരാറം ആ മുറിയിൽ ചാടിക്കയറി ഒരു മൂലയിൽ സ്ഥാനമുറപ്പിച്ചു. അയാറം വണ്ടിയിലുണ്ടായിരുന്നവരെ അലക്ഷ്യമായി ഒന്നു നോക്കിയതേ ഉള്ളു. സ്ത്രീയുടെ പരിഭ്രമവും ഭീതിയും പ്രത്യക്ഷമായിരുന്നു. ആഗതനെ ല്യൂപ്പിൻ കേശാദിപാദം പരിശോധിച്ചു. ബലിഷ്ഠകായൻ! മുഖം എവിടെയോ കണ്ടിട്ടുണ്ടെന്നു ല്യൂപ്പിനു തോന്നി. ഈ പരിശോധനയ്ക്കിടയിൽ സ്ത്രീ ല്യൂപ്പിൻെറ സമീപം വന്നിരുന്ന് ചെവിയിൽ മന്ത്രിച്ചു:

"ആയാളാണതു്"

"ആരു്?"

"ല്യൂപ്പിൻ!"

"ഹെയ്! ല്യൂപ്പിൻ ഇവിടെയെങ്ങുമില്ല."

"നിങ്ങളെന്തറിഞ്ഞു! ല്യൂപ്പിൻ ഈ വണ്ടിയിൽതന്നെയുണ്ട്."

"ആരു് പറഞ്ഞു?"

"തീവണ്ടിയാപ്പീസിൽവച്ച് കേട്ടതാണ്."

"എന്നാൽ പോലീസുകാർ അയാളെ പിടിച്ചുകൊള്ളും."

"ല്യൂപ്പിനേയോ? അവൻ ആക്കും പിടികൊടുക്കുകയില്ല."

"ഈ വണ്ടിയിൽനിന്ന് എങ്ങനെ രക്ഷപ്പെടാനാണ്? റൂവെനിൽ ചെല്ലുമ്പോറം അവനെ അറസ്റ്റ് ചെയ്യും."

ഇതു കേട്ടിട്ടും സ്ത്രീക്ക് സമാധാനമുണ്ടായില്ല. അവറം ഇടയ്ക്കിടയ്ക്ക് ആഗതനെ പകച്ചുനോക്കിക്കൊണ്ടിരുന്നു. ല്യൂപ്പിനാകട്ടെ, തലേദിവസത്തെ സാഹസ

ങ്ങൾനിമിത്തം കലശലായ ക്ഷീണം തോന്നി, ഒന്നു മയങ്ങിപ്പോയി. ജെയിൽ സൂപ്രണ്ടിൻെറ ഭാര്യ അയാളെ തട്ടിയുണർത്തി, "എന്തു്! ഉറങ്ങുന്നുവോ, ഈ പെരുംകള്ളൻ വണ്ടിയിലിരിക്കുമ്പോൾ?" എന്നു ശാസിച്ചു. എങ്കിലും ല്യൂപ്പിൻ വകവച്ചില്ല. അയാൾ ഉറങ്ങിപ്പോയി.

നെഞ്ചിൽ എന്തോ ഭാരം തോന്നി ല്യൂപ്പിൻ കണ്ണുതുറന്നു. അയാളുടെ മാറിൽ, വണ്ടിയുടെ മൂലയിലിരുന്നിരുന്ന യാത്രക്കാരൻ മുട്ടുകളുറപ്പിച്ചു് കഴുത്തുപിടിച്ചു ഞെരിക്കുകയായിരുന്നു. ഏതാനും നിമിഷത്തിനുള്ളിൽ ല്യൂപ്പിൻെറ കൈകാലുകൾ ബന്ധനത്തിലാക്കി, വായിൽ ഒരുമുഴം തുണി തിരുകി, യാത്രക്കാരൻ ല്യൂപ്പിൻെറ വസ്ത്രത്തിനിടയിൽനിന്നു പോക്കററ് ബുക്കും പഴ്സും കൈക്കലാക്കി. നിസ്സഹായയായി മിഴിച്ചു നോക്കിക്കൊണ്ടിരുന്ന സ്ത്രീ, യാതൊന്നും ഉരിയാടാതെ, തൻെറ ആഭരണങ്ങളും പണക്കിഴിയും തസ്കരനെ ഏല്പിച്ചു. അവൻ വീണ്ടും ഒരു മൂല പോയി ഇരിപ്പായി. തീവണ്ടി അതിവേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു.

ല്യൂപ്പിൻെറ അവസ്ഥ ഒന്നാലോചിച്ചു നോക്കുക. ഭുവനൈകചോരനായ അയാളെ സാധാരണക്കാരനായ ഒരു കള്ളൻ ഭാണ്ഡംപോലെയാക്കി, കൈയിലുണ്ടായിരുന്ന പണമെല്ലാം അപഹരിച്ചു്, നിശ്ചേഷ്ടനാക്കിയിരിക്കുന്നു. വണ്ടി ഉദ്ദിഷ്ടദിക്കിലെത്തുമ്പോൾ, പോലീസുകാരുടെ കൈയിൽ ഒരു പാഴ്സലുപോലെ അയാൾ വന്നുചേരും.

കുറേക്കഴിഞ്ഞു്, കള്ളൻ, ല്യൂപ്പിൻ കൊണ്ടുവന്നിരുന്ന റയിൽവേഗൈഡ് (വണ്ടികളുടെ സമയവിവരപ്പട്ടിക) എടുത്തു പരിശോധിച്ചു. അനന്തരം അവൻ വണ്ടിയുടെ കതകുതുറന്നു ചവിട്ടുപടിയിൽ നിലയുറപ്പിച്ചു. എന്തു്! അവിടെനിന്നു് എടുത്തു ചാടുകയോ? ഇത്രവേഗം പാഞ്ഞുകൊണ്ടിരിക്കുന്ന വണ്ടിയിൽനിന്നു ചാടിയാൽ മരണം തീർച്ചയാണ്.

തീവണ്ടി ഒരു തുരങ്കത്തിൽ പ്രവേശിച്ചു. തുരങ്കത്തിനപ്പുറത്തു് കൂലിക്കാർ റയിൽപ്പാതയുടെ കേടു തീർക്കുന്നുണ്ടായിരുന്നു. വണ്ടിയുടെ ഗതിവേഗം ക്രമേണ കുറഞ്ഞു. ഇഴഞ്ഞിഴഞ്ഞു പോകുന്ന വണ്ടിയിൽനിന്നു് കള്ളൻ എടുത്തു ചാടി. വണ്ടിയുടെ ഗതി അവിടെവച്ചു് മന്ദീഭവിക്കുമെന്നു അവനു നിശ്ചയമുണ്ടായിരുന്നിരിക്കണം.

അവൻ പോയ ഉടനെ, സ്ത്രീയുടെ ശ്വാസം നേരെ വീണു. അവൾ ല്യൂപ്പിൻെറ അടുത്തുവന്നു്, വായിൽ തിരുകിയിരുന്ന തുണിഎടുത്തുമാററി. കൈകാലുകളുടെ കെട്ടഴിക്കുവാൻ ഭാവിച്ചപ്പോൾ, ല്യൂപ്പിൻ, "വേണ്ട. പോലീസ്സുകാർ എന്നെ ഈ നിലയിൽത്തന്നെ കാണട്ടെ"എന്നു വിലക്കി.

ല്യൂപ്പിൻ തുടർന്നു: "രണ്ടു മിനിട്ടിനുള്ളിൽ വണ്ടി സ്റ്റേഷനിൽ ചെല്ലും. ഉടനെ മുറവിളി കൂട്ടണം. ഞാൻ ആരാണെന്നും മററും അന്വേഷിച്ചു സമയം നഷ്ടപ്പെടുത്തിയാൽ കള്ളൻ കടന്നുകളയും. അതുകൊണ്ടു് ഞാൻ നിങ്ങളുടെ ഭർത്താവിൻെറ ആത്മമിത്രമാണെന്നു പറഞ്ഞേക്കണം. എൻെറ പേരു് വില്യം ബെർലാ—കേട്ടോ?—വില്യം ബെർലാ. ല്യൂപ്പിൻ എന്നെ ബന്ധനത്തിലാക്കി പണവും ആഭരണവും മററുംകൊണ്ടു കടന്നുകളഞ്ഞെന്നു പോലീസ്സുകാരെ അറിയിക്കണം."

വണ്ടി സ്റ്റേഷനിൽ നിന്നപ്പോൾ സ്ത്രീ നിലവിളി തുടങ്ങി യാത്രക്കാരും പോലീസ്സുകാരും ഓടിക്കൂടി. ല്യൂപ്പിൻ പറഞ്ഞതുപോലെതന്നെ അവൾ ഉണർത്തിച്ചു. "ഇദ്ദേഹം എൻെറ ഭർത്താവിൻെറ ആപ്തമിത്രമാണ്. വേഗം! വേഗമാകു

ട്ടെ! ഇപ്പോഠംതന്നെ പിന്തുടന്നാൽ കള്ളനെ പിടികിട്ടും. അയാഠം അകലെയെങ്ങും പോയിട്ടില്ല."

ല്യൂപ്പിൻ കടന്നുപറഞ്ഞു: "അയാഠം എന്റെ റയിൽവേഗൈഡ് എടുത്തു നോക്കുന്നതുകണ്ടു. ഇവിടെനിന്നു അരമൈൽ അകലെ റൂവെനിൽനിന്നു പുറപ്പെടുന്ന വേറൊരു തീവണ്ടിപ്പാതയും അതിന്റെ ഒരു സ്റ്റേഷനും ഉണ്ട്. അവൻ അവിടെച്ചെന്ന് മടക്കവണ്ടിയിൽ കയറിയിട്ടുണ്ടാവും."

പോലീസ്സിൻസ്പെക്ടൎക്ക് ഇതു കേട്ടപ്പോഠം ഏതാണ്ടൊരു സംശയംതോന്നി, ല്യൂപ്പിനെ സൂക്ഷിച്ചുനോക്കി: "നിങ്ങളുടെ വാക്കു കേട്ടാൽ നിങ്ങഠം ഒരു ഡിറെറക്ടീവാണെന്നു തോന്നുമല്ലൊ."

അതിബുദ്ധി അപകടഹേതുവാണെന്നു ല്യൂപ്പിനു തോന്നി. അയാഠം പറഞ്ഞു: "എന്റെ പണവുംകൊണ്ടല്ലേ കടന്നുകളഞ്ഞതു്? ധനനാശം ആരുടെ ബുദ്ധിയ്ക്കും കൂൎമ്മതയുണ്ടാക്കും. എന്റെ കാർ തീവണ്ടിയാപ്പീസിനുപുറത്തു് നില്ക്കുന്നുണ്ട്. രണ്ടു പോലീസുകാരെ എന്റെകൂടെ അയച്ചാൽ ഞാൻ കള്ളനെ പിടിയ്ക്കാം."

ജെയിൽസൂപ്രണ്ടിന്റെ ഭാൎയ്യ നിർബ്ബന്ധിച്ചു: "സമയം കളയല്ലേ, ഇൻസ്പെക്ടറേ. ഇദ്ദേഹം പറയുന്നതുപോലെ ചെയ്യൂ."

സൂപ്രണ്ടിന്റെ ഭാൎയ്യയുടെ വാക്കു കേട്ടപ്പോഠം പോലീസ്സിൻസ്പെക്ടറുടെ ബീജപ്രായമായ സംശയമൊടുങ്ങി. ല്യൂപ്പിനെ സഹായിയ്ക്കുവാൻ അയാഠം രണ്ടു പോലീസുകാരെ നിയോഗിച്ചു. ല്യൂപ്പിൻ കാറിൽ കയറി മറേറ തീവണ്ടിപ്പാതയുടെ ഗതിയനുസരിച്ചു കാർ പറപ്പിച്ചുതുടങ്ങി. തീവണ്ടിയും കാറും ഏതാണ്ടു ഒരേ വേഗത്തിലാണ് പാഞ്ഞുകൊണ്ടിരുന്നതു്. അടുത്ത സ്റ്റേഷനിൽ ല്യൂപ്പിൻ കാർ നിൎത്തി യാത്രക്കാരെ പരിശോധിച്ചതിൽ തസ്കരനെ കാൺമാനുണ്ടായിരുന്നില്ല.

"അവൻ നമ്മളെ പററിച്ചു. നമ്മഠം അവനെ അനുഗമിയ്ക്കുന്നതു അവൻ കണ്ടിരിയ്ക്കണം. വണ്ടി നില്ക്കുന്നതിനുമുമ്പ് അവൻ വെളിയ്ക്കു കടന്നു. നോക്കൂ! അവനാണാ ഓടിപ്പോകുന്നതു്!"

ല്യൂപ്പിനും പോലീസുകാരുംകൂടി തസ്കരനെ അനുധാവനംചെയ്തു. തസ്കരൻ ഒരു ചെറിയ കാട്ടിനുള്ളിൽ മറഞ്ഞു. ല്യൂപ്പിന് അപ്പോഠം ഒരുപായം തോന്നി. പോലീസുകാരേയുംകൊണ്ട് കാട്ടിനുള്ളിൽ കടന്ന് കള്ളനെ പിടിച്ചാൽ, കള്ളന്റെ പക്കലുള്ള തൊണ്ടിയെല്ലാം പോലീസ് ബന്ധവസ്സിലാകുമല്ലോ. അക്കൂട്ടത്തിൽ ല്യൂപ്പിന്റെ പോക്കററ് ബുക്കും ഉഠംപ്പെട്ടിരുന്നു. അതു പോലീസുകാരുടെ കൈയിൽ പെട്ടാൽ ല്യൂപ്പിന്റെ കള്ളി വെളിച്ചത്താകും.

അയാഠം കൂട്ടുകാരോടു പറഞ്ഞു: "നോക്കൂ! കാട്ടിലേയ്ക്കു മൂന്നു വഴികളുണ്ട്. ഒന്ന് ഇതു്. മററു രണ്ടു വഴികളും കാട്ടിന്റെ പിന്നിലാണ്. നിങ്ങഠം ഓരോരുത്തനും ഓരോ വഴിയുടെ അററത്ത് ചെന്നുനില്ക്കു. ഞാൻ ഇതിലെ പോയി കള്ളനെ പുറത്തു ചാടിയ്ക്കാം. അപകടം വല്ലതും നേരിട്ടാൽ ഞാൻ തോക്കിന്റെ നിറയൊഴിച്ചു ഒച്ചയുണ്ടാക്കാം. അപ്പോഠം ഓടിയെത്തിക്കൊള്ളണം."

പോലീസുകാർ അപ്രകാരം ചെയ്തു. ല്യൂപ്പിൻ മെല്ലെമെല്ലെ കാട്ടിനുള്ളിൽ നിശ്ശബ്ദമായി കടന്നു. അതിന്റെ നടുക്ക് ഒരു ചെറിയ കുടിലുണ്ടായിരുന്നു. കള്ളൻ അതിനകത്തു പതുങ്ങിയിരിയ്ക്കുകയാണെന്ന് ല്യൂപ്പിനു മനസ്സിലായി. കള്ളന്റെ പിന്നിൽകൂടി ചെന്ന്, രണ്ടു കതി

കൊണ്ട് ല്യൂപ്പിൻ അവന്റെ മേൽ ചാടിവീണു. ഒററയ്ക്കു ല്യൂപ്പിനോട എതിരിടുവാൻ ആക്കും സാധിയ്ക്കുകയില്ല. കള്ളന്റെ കൈ രണ്ടും ഇടറി, അവൻ നിലത്തു മലന്നടിച്ചുവീണു. ല്യൂപ്പിൻ അവന്റെ മാറിൽ മുട്ടുറപ്പിച്ചു പറഞ്ഞു: "കേൾക്കെടോ! താൻ മിടുക്കൻതന്നെ! തന്റെ സാമത്ഥ്യം എനിയ്ക്കു നന്നേ ബോദ്ധ്യമായിട്ടുണ്ട്. ഞാൻ ആരാണെന്നറിയുമോ? ആഴ്സീൻ ല്യൂപ്പിൻ! തന്നെ ഞാൻ എന്റെ അനുചരന്മാരിലൊരാളാക്കാം. എനിയ്ക്കു പററിയ കൂട്ടുകാരനാണു് താൻ. എന്തുപറയുന്നു? ഉവ്വ്, ഇല്ല, ഏതാണു്?"

"ഉവ്വ്" എന്നു കള്ളൻ ഞരങ്ങി.

ല്യൂപ്പിൻ പിടിവിട്ടു. കള്ളൻ കീശയിൽനിന്നു് ഒരു കഠാരിയെടുത്തു് ഓങ്ങി.

"എടാ മഠയാ! കഴുതേ!" എന്നുപറഞ്ഞു ല്യൂപ്പിൻ ഒരൊററ തട്ട്! മമ്മകോവിദനായ ല്യൂപ്പിന്റെ പ്രഹരമേററ് അവൻ തടിപോലെ മറിഞ്ഞു. ല്യൂപ്പിൻ പണക്കിഴിയും പോക്കററ് ബുക്കും ആഭരണങ്ങളും കൈക്കലാക്കി. കള്ളന്റെ പോക്കററ് ബുക്ക് പരിശോധിച്ചപ്പോൾ അവന്റെ മേൽവിലാസം എഴുതിയിരുന്ന ഒരു ലക്കോട്ടുകണ്ടു. ആളെ മനസ്സിലായി. രണ്ടു മൂന്നു കൊലപാതകങ്ങൾ ചെയ്തിട്ടുണ്ടായിരുന്ന 'പിയർ' എന്ന പേരായ ഒരു ഘാതകനായിരുന്നു അതു്.

ഒരു ലക്കോട്ടിൽ ഇരുനൂറു ഫ്രാങ്കിന്റെ നോട്ടും "കൂട്ടുകാക്ക് ആഴ്സീൻ ല്യൂപ്പിന്റെ ഒരു ചെറിയ പാരിതോഷികം" എന്നെഴുതിയ ഒരു കാർഡും ഇട്ട്, മേശപ്പുറത്തു വച്ചിട്ട് ല്യൂപ്പിൻ തോക്കിന്റെ നിറയൊഴിച്ച്, കാട്ടിൽനിന്നു പുറത്തുവന്നു്, നേരേ കാറിൽ കയറി, പാരീസ്സിലേയ്ക്കു് തിരിച്ചുപോന്നു.

പിറേറദിവസം പത്രത്തിൽ ഒരു കുറിപ്പു ചേത്തിരുന്നതിങ്ങനെയാണു്: "ആഴ്സീൻ ല്യൂപ്പിന്റെ സഹായത്താൽ കുപ്രസിദ്ധ ഘാതകനായ പിയറിനെ പോലീസുകാക്ക് പിടികിട്ടിയിരിയ്ക്കുന്നു. അവനെ പിടിയ്ക്കുവാൻ സഹായിച്ച പോലീസുകാക്ക് ല്യൂപ്പിൻ ഉദാരമായ സംഭാവന ചെയ്തിരിയ്ക്കുന്നു."

ഇങ്ങനെയാണു് കള്ളനെ പിടിയ്ക്കുവാൻ കള്ളൻതന്നെ നിയുക്തനായിരിയ്ക്കുന്നതു്. ആഴ്സീൻ ല്യൂപ്പിൻ, റോബിൻഹുഡ്, കായംകുളം കൊച്ചുണ്ണി, മുതലായ സമുദായശത്രുക്കളുടെ പരാക്രമങ്ങളെക്കുറിച്ചു വായിയ്ക്കുമ്പോൾ, നമുക്കു വെറുപ്പും കോപവും ഉണ്ടാകുന്നതിനു പകരം, നാം അവരെ ബഹുമാനിയ്ക്കുകയും അവക്ക് ആപത്തൊന്നും സംഭവിയ്ക്കാതിരിയ്ക്കട്ടെ എന്നു അന്തരാത്മനാ പ്രാത്ഥിയ്ക്കുകയും ചെയ്യുന്നതു് എന്തുകൊണ്ടാണു്? നമ്മുടെ സാമുദായികബോധം അപൂണ്ണമായതുകൊണ്ടോ? നമ്മുടെ പൌരമര്യാദ തൊലിപ്പുറമെ മാത്രമേ ഉള്ളു എന്നുവരുമോ? ആക്കറിയാം?

# സോക്രട്ടീസ്

പി. എച്ച്. എസ്സ്.

മുഖം കണ്ടാൽതന്നെ ആൾ വിരൂപനും, അടക്കമില്ലാത്തവനും, സ്ത്രീജിതനും, നീചനും, [illegible], ദുർമ്മാർഗ്ഗിയും, നികൃഷ്ടനും, ദുഷ്ടനുമാണെന്നു തീരുമാനിക്കാമെന്ന് ഒരിക്കൽ ഒരാൾ പ്രസ്താവിക്കുകയുണ്ടായി. കോപാക്രാന്തരായിത്തീൎന്ന സോക്രട്ടീസിൻെറ സ്നേഹിതന്മാർ ആ നിമിഷത്തിൽതന്നെ അയാളെ വലിച്ചുകീറിക്കളയുമായിരുന്നു. എന്നാൽ സോക്രട്ടീസ് അവരെ സമാധാനപ്പെടുത്തി. ആ മനുഷ്യൻ പറഞ്ഞതെല്ലാം പരമാൎത്ഥമാണെന്നും, എന്നാൽ തൻെറ ദുഷ്ടവ്യാപാരങ്ങളെയെല്ലാം സന്മാൎഗ്ഗബോധംകൊണ്ടും യുക്തിവാദംകൊണ്ടും മൎദ്ദിച്ചു കീഴടക്കുകയാണ് താൻ ചെയ്തിട്ടുള്ളതെന്നും അദ്ദേഹം സമ്മതിച്ചു.

സോക്രട്ടീസിൻെറ ധൎമ്മോഹങ്ങളേയും ധൎമ്മാൎഗ്ഗതൽപരതയേയും അടക്കുന്നതിനു സഹായിച്ചതു സന്മാൎഗ്ഗബോധവും യുക്തിവാദവും മാത്രമായിരുന്നില്ലെന്നും, ഇന്നും ലോകം അദ്ദേഹത്തിനെ വാഴ്ത്തുകയും സ്മരിക്കുകയും ചെയ്യുന്നതു് അദ്ദേഹത്തിൻെറ ആത്മീയമാഹാത്മ്യവും മഹാമനസ്കതയുംകൊണ്ടാണെന്നും പറയാവുന്നതാണ്.

സോക്രട്ടീസ് സുമുഖനായിരുന്നില്ല. അദ്ദേഹത്തിൻെറ പതിഞ്ഞ മൂക്കും, കുടവയറും, തുറിച്ചുനോക്കുന്ന കണ്ണുകളും, ഹ്രസ്വമായ ശരീരവും സ്വതേയുണ്ടായിരുന്ന വൈരൂപ്യത്തെ വൎദ്ധിപ്പിച്ചു. സോക്രട്ടീസ് ഒരു എഴുത്തുകാരനായിരുന്നില്ല. എന്നാൽ അദ്ദേഹം ആതെൻസുരാജ്യത്തു ജനിച്ച നിരവധി മഹാന്മാരിൽ അഗ്രഗണ്യനായിരുന്നു. അദ്ദേഹത്തിൻെറ ജ്ഞാനം അദ്ദേഹത്തെ സുപ്രസിദ്ധനാക്കി. അദ്ദേഹത്തിൻെറ സൽഗ്ഗുണങ്ങളും പരോപകാരേച്ഛയും അദ്ദേഹത്തിൻെറ അപമൃത്യുവിനു കാരണങ്ങളായി. സത്യസന്ധനു ലോകത്തിൽ സ്ഥാനമില്ലെന്നുള്ളതു് പ്രസിദ്ധമാണല്ലൊ. അന്ധകാരമയമായ ലോകജീവിതത്തെ പ്രശോഭിപ്പിക്കുന്ന ഒരു ദീപമാകുന്നു അദ്ദേഹത്തിൻെറ ജീവചരിത്രം.

സോക്രട്ടീസിനെക്കുറിച്ചു നാം അറിയുന്നതെല്ലാം പ്ലേറ്റൊ, സെനൊഫൺ എന്നിവരുടെ ഗ്രന്ഥങ്ങളിൽനിന്നു സംഗ്രഹിക്കാവുന്നതുമാത്രമാണ്. പ്ലേറ്റൊ എഴുതിയ സംഭാഷണങ്ങളിൽ ജീവനുള്ള സോക്രട്ടീസിനെ നാം കാണുന്നു. അദ്ദേഹത്തിൻെറ വാക്കുകൾ, വാദപ്രതിവാദങ്ങൾ, ചോദ്യോത്തരങ്ങൾ മുഖേന പ്രസ്പഷ്ടമാക്കപ്പെട്ടിട്ടുള്ള സത്യാന്വേഷണങ്ങൾ, അഭിപ്രായങ്ങൾ, മനുഷ്യജീവിതം, മരണം, ഇവയെല്ലാം അവയിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു. ചുരുക്കം ചില സ്നേഹിതന്മാരോടും ശിഷ്യരോടും മാത്രമേ അദ്ദേഹം സംസാരിച്ചിരുന്നുള്ളു; എങ്കിലും ആ വാക്കുകളുടെ പ്രതിധ്വനി ലോകാവസാനംവരെ കേൾക്കാവുന്നതും കേൾക്കപ്പെടേണ്ടതുമാണ്.

ക്രിസ്ത്വബ്ദത്തിനു 460 സംവത്സരങ്ങൾക്കുമുൻപു ജാതനായ സോക്രട്ടീസ് ആതെൻസു സാമ്രാജ്യത്തിൻെറ പ്രാബല്യദശയിൽ അതിൻെറ ഭംഗിയേറിയ ഭൂഷണമായി പ്രകാശിച്ചു. യവനരുടെ മറ്റെ

ല്ലാ രാജ്യങ്ങളേയുമപേക്ഷിച്ച് ജ്ഞാനം, കലകഠം, വാണിജ്യം എന്നിവയിൽ മുന്നണിയിൽ നിന്നിരുന്നതും, മററാരാലും എത്തിനോക്കുന്നതിനുപോലും സാധ്യമാകാത്തവിധത്തിലുള്ള മഹോന്നതസ്ഥാനത്തെ പ്രാപിച്ചിരുന്നതും ആതെൻസുനഗരമായിരുന്നുവെന്നു ചരിത്രം ഘോഷിക്കുന്നു. കല്ലുകളിൽ ചിത്രമെഴുതി ഉപജീവിച്ചിരുന്ന പിതാവിൻെറ തൊഴിലിനെത്തന്നെയാണു് സോക്രട്ടീസും യൗവനദശയിൽ അവലംബിച്ചിരുന്നതു്. അദ്ദേഹത്തിൻെറ മാതാവു ഒരു സൂതികമ്മിണിയായിരുന്നു. തൻെറ ചോദ്യോത്തരങ്ങളിൽ ആ സ്ത്രീരത്നത്തെയാണു താൻ മാതൃകയായി സ്വീകരിച്ചതെന്നും തൻെറ ആത്മീയഗവേഷണങ്ങളിൽ താൻ ഒരു സൂതികമ്മിണിതന്നെയായിരുന്നുവെന്നും അദ്ദേഹം സ്വാരസ്യത്തോടുകൂടി പറഞ്ഞുവരാറുണ്ടായിരുന്നു.

ആതെൻസുപട്ടണത്തിൽ ജനിച്ച മററുള്ളവരെപ്പോലെ സോക്രട്ടീസും സൈന്യത്തിൽ ചേരുകയും പൊട്ടിഡയായുദ്ധങ്ങളിൽ ധൈര്യസമേതം പങ്കെടുക്കുകയും ചെയ്തു. ഈ കാലത്തിൽ നടന്ന ഒരു യുദ്ധത്തിൽ, പിന്നീടു തൻെറ സ്നേഹിതനും ശിഷ്യനുമായിത്തീൎന്ന വിശ്രുതനായ ആൽസിബിയാഡിസിനെ മരണത്തിൽനിന്നു രക്ഷിക്കുന്നതിനിടയായി ഡേലിയം, അംഫിപോലീസ്, എന്ന സ്ഥലങ്ങളിൽവച്ച് പിന്നീടു നടന്ന യുദ്ധങ്ങളിലും സോക്രട്ടീസിനു സ്തുത്യൎഹമായ പങ്കുണ്ടായിരുന്നു.

സോക്രട്ടീസു തൻെറ ജീവിതശേഷം മുഴുവനും സംഭാഷണത്തിനായി അൎപ്പണം ചെയ്തു ഇതുപോലെ സംഭാഷിച്ച മറെറാരുവനും അന്നുണ്ടായിരുന്നില്ല; ഇതുവരെ ഉണ്ടായിട്ടുമില്ല. പ്രതിപാദ്യവിഷയങ്ങളുടെ പ്രാധാന്യവും ഗൗരവവും നിമിത്തം ലോകത്തിലെ ഏററവും വലിയ ബുദ്ധിമാനെന്നു അദ്ദേഹം ഗണിക്കപ്പെട്ടുംവന്നു.

പ്രഭാതത്തിലെഴുന്നേററു ചുററിലുമുണ്ടായിരുന്ന മൈതാനങ്ങളിൽ അദ്ദേഹം നടക്കുക പതിവായിരുന്നു. പഴന്തുണിപോലെയുള്ള ആടകളണിഞ്ഞ അദ്ദേഹത്തിൻെറ സ്വരൂപം ആതെൻസുപട്ടണത്തിനു സുപരിചിതമായിരുന്നു. വേനലിലും ശരി, വർഷത്തിലും [illegible]പ്രായം ഇടുക എന്ന പതിവില്ലായിരുന്നു. പാദങ്ങഠം ആച്ഛാദനം ചെയ്തിരുന്നുമില്ല. ഈ ദരിദ്രവേഷം പകിട്ടിനോ, ആഡംബരത്തിനോ സ്വീകരിക്കപ്പെട്ടതായിരുന്നില്ല. ശരീരക്ലേശങ്ങളനുഭവിക്കുന്നതിനുള്ള സന്നദ്ധത മാനസികവും ആത്മീയവുമായുള്ള കാൎയ്യങ്ങളിലുണ്ടായിരുന്ന താല്പൎയ്യത്തിൽനിന്നു സമുത്ഭവിച്ചതുമാത്രമായിരുന്നു. സോക്രട്ടീസിൻെറ ജീവിതക്രമം അടിമകഠംക്കുപോലും സഹിക്കത്തക്കതായിരുന്നില്ല എന്നു് ആൻറിഫോൺ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

സോക്രട്ടീസ് ദാരിദ്ര്യത്തെ ഭയന്നു് ഒളിച്ചോടിയില്ല. രാജ്യവും അതിൻെറ ഭരണവും അദ്ദേഹത്തിൻെറ ചിന്താവിഷയങ്ങളായിരുന്നില്ല. പുരുഷന്മാരിലും സ്ത്രീകളിലുമാണു് അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞതു്. അവരോടു തനിക്കു് ഒരു ദൌത്യം വഹിക്കുവാനുണ്ടായിരുന്നുവെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. റോഡുകളിലും തെരുവുകളിലും ചന്തകളിലും ജനങ്ങഠം സമ്മേളിക്കുന്ന സ്ഥലങ്ങളിലും ഹാജരാവുക അദ്ദേഹത്തിൻെറ പതിവായിരുന്നു. കണ്ടവരോടെല്ലാം അദ്ദേഹം സംസാരിക്കും. ഇതൊന്നല്ലാതെ വേറെ ജോലിയൊന്നും ചെയ്തിരുന്നില്ല. ധനവാനും ദരിദ്രനും, ഉയൎന്നവനും താഴ്ന്നവനും, മുതലാളിയും തൊഴിലാളിയും, അദ്ദേഹത്തിൻെറ വാക്കുകളെ ശ്രദ്ധയോടുകൂടി ശ്ര

വിക്കകയും അദ്ദേഹത്തിൻെറ ചോദ്യങ്ങ ൾക്ക് മറുപടി പറയുകയോ, അല്ലെങ്കിൽ പറയുന്നതിന് ശ്രമിക്കുകയോ ചെയ്യുകയും പതിവായിരുന്നു.

ഏതു വാദപ്രതിവാദങ്ങളിലും താനൊരു മൂഢനാണെന്ന് അഭിനയിക്കുക സോക്രട്ടീസിനു സ്വാഭാവികമായിരുന്നു. സംഭാഷണ[illegible]ങ്ങളായ ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കും; പ്രക്ഷോഭജനകങ്ങൾ എന്നുവരികിലും മറുപടി പറയുവാൻ എളുപ്പമെന്നു തോന്നിക്കുന്ന ചോദ്യങ്ങൾ സന്ദർഭോചിതമായി ചോദിച്ച്, തൻെറ വാക്കുകൾ കേൾക്കുന്നവരുടെ ഹൃദയങ്ങളിൽ നന്മയെക്കുറിച്ചുള്ള ചിന്തകൾ ഉൽപാദിപ്പിച്ചുവന്നു. നന്മയെ പ്രാപിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ഏക ലക്ഷ്യം; എന്തെന്നാൽ: നന്മ കണികാണ്മാൻപോലുമില്ലാത്ത മനുഷ്യൻ മനുഷ്യൻ എന്ന പേരിനെ അർഹിക്കുന്നില്ല; നന്മയെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം ഉണ്ടെങ്കിൽ നന്മയെ തേടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല എന്നു സോക്രട്ടീസ് പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു. പുണ്യം എന്നറിയപ്പെടുന്നതു് നന്മയെക്കുറിച്ചുള്ള അറിവാണെന്നും പാപം എന്നറിയപ്പെടുന്നതു് നന്മയെക്കുറിച്ചുള്ള അറിവില്ലായ്മയാണെന്നും ആയിരുന്നു അദ്ദേഹത്തിൻെറ മതം.

ആതെൻസ് വാസികൾ സാമൂഹ്യജീവിതത്തിൽ പ്രദർശിപ്പിച്ചിരുന്ന ജിജ്ഞാസ സോക്രട്ടീസിൽ കണ്ടിരുന്നില്ല. എപ്പോഴെങ്കിലും പൊതുക്കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പറയേണ്ടതായി വന്നാൽ ഒരു ദാക്ഷിണ്യവുംകൂടാതെ ധൈര്യസമേതം പരമാർത്ഥമെന്നും ന്യായമെന്നും തനിക്കു തോന്നിയിരുന്ന അഭിപ്രായത്തെ, വേണ്ടിവന്നാൽ പൊതുജനാഭിപ്രായത്തെ അവഗണിച്ചും, അദ്ദേഹം പരസ്യപ്പെടുത്തിയിരുന്നു.

ഒരിയ്ക്കൽ സോക്രട്ടീസും ആതെൻസു പട്ടണത്തിലെ ഭരണസഭയിലെ ഒരംഗമായിരുന്നു. സഭയ്ക്കു മുമ്പാകെ കുറേ സേനാനികൾ കുററം ചുമത്തപ്പെട്ടു. കേസ്സു വിസ്താരം കഴിഞ്ഞതിൻെറശേഷം ഈ സേനാനികൾ ശിക്ഷാർഹരെന്നു വിധി പ്രസ്താവിക്കപ്പെട്ടു. ഈ വിധി ന്യായരഹിതമായിരുന്നു. പൊതുജനങ്ങളുടെ അപ്രീതിക്കു പാത്രമായതല്ലാതെ വേറെ കുററം ഒന്നും അവർ ചെയ്തിരുന്നില്ല. അനീതിയെന്നറിഞ്ഞിരുന്നിട്ടും സഭാംഗങ്ങൾ പൊതുജനവിരോധത്തെ ഭയപ്പെട്ട് ഇങ്ങനെ ചെയ്തു. സഭയിൽ സോക്രട്ടീസു മാത്രം ഈ വിധിയെ എതിർത്തു. ജനങ്ങളുടെ അട്ടഹാസങ്ങളെ അദ്ദേഹം കൂട്ടാക്കിയില്ല. അവരുടെ കൂക്കുവിളികേട്ട് കുലുങ്ങാതെ, നടപ്പിലിരുന്ന ചട്ടവരമ്പുകളെ കടന്നുകൂടാ എന്ന് നിബന്ധിച്ച്, അദ്ദേഹം നീതിയും ചട്ടവും അലംഘനീയമെന്ന് സകാരണം സമർത്ഥിച്ചു.

ക്രിസ്ത്വബ്ദത്തിനു 404 സംവത്സരങ്ങൾക്കുമുൻപ് അത്തേനിയ സാമ്രാജ്യം അന്ത്യശ്വാസം വലിച്ചുകൊണ്ടിരുപ്പോൾ ആതെൻസിനെ ഭരിച്ചിരുന്നതു് മുപ്പതംഗങ്ങളടങ്ങിയ ഒരു സഭയായിരുന്നു. ഈ സഭ ന്യായരഹിതമായി കുറെ ആളുകളെ ബന്ധനസ്ഥരാക്കേണ്ട ഭാരത്തെ സോക്രട്ടീസിനെ ഏല്പിച്ചു. ഈ കല്പനയനുസരിച്ചു പ്രവർത്തിക്കാത്തപക്ഷം തൻെറ മേൽ മരണശിക്ഷ വിധിക്കപ്പെടുമെന്നുള്ള വസ്തുത അറിഞ്ഞിരുന്നിട്ടും, നീതിവിരുദ്ധമായ കാര്യം താൻ ചെയ്യുന്നതല്ലെന്ന് സോക്രട്ടീസു ധൈര്യത്തോടുകൂടി മേലധികാരികളെ അറിയിച്ചു. പൊതുജനങ്ങളുടെ ഭയാനകമായ വിപ്ലവമന

സ്ഥിതിയും മുപ്പതുപേരടങ്ങിയ സഭയുടെ അധികാരസമാപ്തിയും മാത്രമായിരുന്നു സോക്രട്ടീസിനെ ആ അത്യാപത്തിൽനിന്നു രക്ഷിച്ചതു്.

മൃത്യുഭയം സോക്രട്ടീസിനു ലവലേശവും ഇല്ലായിരുന്നു. ആത്മാവു മരിക്കുന്നില്ലെന്നും ശരീരം മാത്രമേ നശിക്കുന്നുള്ളു എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. സമകാലീനരായ ജനങ്ങളെപ്പോലെ പുരാണകഥകളിലെ ദേവതകൾക്കായി ചെയ്തുവന്ന ആരാധനകളിൽ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. ആതെൻസു പട്ടണത്തിൽ പ്രചാരത്തിലിരുന്ന മതവിശ്വാസങ്ങളേയും അനാചാരങ്ങളേയും പ്രതിഷേധിക്കുകയാണു് അദ്ദേഹം ചെയ്തതു്. ശ്രദ്ധിച്ചുനോക്കുന്നതായാൽ സോക്രട്ടീസിന്റെ മതപരമായ നിർദ്ദേശങ്ങൾ മിക്കവാറും ക്രിസ്തുമതനിർദ്ദേശങ്ങളോടു സാമ്യം വഹിക്കുന്നതായി കാണാവുന്നതാണു്.

സോക്രട്ടീസു ഒരു 'മിസ്റ്റിക്കാ'യിരുന്നുവെന്നുതന്നെ പറയാം. എങ്കിലും തന്റെ ചിന്താഫലങ്ങളെ അനുഷ്ഠാനത്തിൽ കൊണ്ടുവരുന്നതിന് അദ്ദേഹം അനവരതം ശ്രമിച്ചുവന്നു. ഒരിക്കൽ ഇരുപത്തിനാലു മണിക്കൂർനേരം അനങ്ങാതെ ഒരേ നിലയിൽതന്നെ അദ്ദേഹം നിന്നതായി രേഖപ്പെടുത്തിക്കാണുന്നുണ്ടു്. എത്ര ബുദ്ധിമാനായാലും പൊതുജനങ്ങൾക്കു നീരസം തോന്നിക്കത്തക്ക വാഗ്വാദങ്ങൾ നടത്തുകയും അതേസമയം അവരെല്ലാവരുടേയും വാത്സല്യത്തിനു പാത്രമാവുകയും ചെയ്യുന്നതു അസാധാരണമാണു്. യഥാർത്ഥത്തിൽ തന്റെ അഭിപ്രായങ്ങളെ മറവു കൂടാതെ പച്ചയായ ഭാഷയിൽ തുറന്നു പറഞ്ഞുവന്നതുകൊണ്ടു് അദ്ദേഹം അനവധി നാട്ടുപ്രമാണികളുടെ ശത്രുവായിത്തീർന്നു. രസകരങ്ങളായ അസംഖ്യം നാടകങ്ങളുടെ കർത്താവാ[illegible] അരിസ്റ്റോഫനീസ് ബി. സി. 423-[illegible]മാണ്ടു "മേഘങ്ങൾ" എന്ന പേരോടുകൂടി ഒരു നാടകമെഴുതി, അതിൽ സോക്രട്ടീസിനെ അമിതമായി പരിഹസിച്ചു. യുവാക്കന്മാരെ മര്യാദകേടും അന്ധവിശ്വാസവും പരിശീലിപ്പിക്കുന്നതിനുള്ള ഒരു വ്യാപാരശാലയുടെ ഉട[illegible] അര[illegible]ക്കനും, വയോവൃദ്ധനുമായ ഒരാളായി[illegible]ട്ടാണു് അദ്ദേഹം സോക്രട്ടീസിനെ നാടകത്തിൽ വിവരിച്ചിരിക്കുന്നതു്. ഈ അഭിപ്രായത്തോടു യോജിച്ചിരുന്ന അനവധി ജനങ്ങൾ ആതെൻസു പട്ടണത്തിൽ ഉണ്ടായിരുന്നിരിക്കാം. എന്നാൽ കാലക്രമേണ സോക്രട്ടീസിന്റെ ശിഷ്യസ്ഥാനമാഗ്രഹിച്ചു പലരും അദ്ദേഹത്തിന്റെ സമീപം ചെന്നുചേന്നു. ഈ ശിഷ്യഗണത്തിൽ ചിലർ അലങ്കാരവും തക്ശാസ്ത്രവും അഭ്യസിക്കുന്നതിനും മററുചിലർ അദ്ദേഹത്തിന്റെ ജീവിതാദർശങ്ങളെ അനുകരിച്ചു സന്മാർഗ്ഗജീവിതം നയിക്കുന്നതിനുമാണു് അവിടെ ചെന്നതു്. പലതരത്തിലുള്ള ആളുകളും ഈ ഗണത്തിലുണ്ടായിരുന്നു. മുപ്പതുപേരടങ്ങിയ സഭയിലെ അംഗമായിരുന്ന ക്രിട്ടിയാസ്; അതിവിദഗ്ദ്ധനെങ്കിലും ദുർമ്മാർഗ്ഗിയായ അൽസിബിയാഡിസ്; ക്രിറേറാ; പ്ലേറേറാ; സെനൊഫൺ ചെറിയ പെറിക്ലിസ്; തീബിലെ തത്വജ്ഞാനിയായ സിബിസ്; ശോകനാടക രചനയിൽ മഹാനിപുണനായ യൂറിപ്പിഡിസ്; —ഇവരെല്ലാം അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിലുൾപ്പെട്ടവരായിരുന്നു. ശിഷ്യന്മാർ അവരുടെ ഇഷ്ടവും സൗകര്യവുമനുസരിച്ചുമാത്രമേ ഹാജരായിരുന്നുള്ളൂ. സോക്രട്ടീസ് വിദ്യാമന്ദിരമൊ പള്ളിക്കൂടമൊ ഒന്നുംതന്നെ സ്ഥാപിച്ചിരുന്നില്ല. തന്റെ അടുക്കൽ വന്നവരോടു പല കാര്യങ്ങളെക്കുറിച്ചും ചോദിച്ചു്, അവരുടെ മ

രുപടികളെത്തന്നെ അടിസ്ഥാനമാക്കി അവരിൽ സന്മാർഗ്ഗബോധമുണ്ടാക്കി ഉത്തമജീവിതത്തിലേക്ക് അവരെ നയിക്കുന്നതായിരുന്നു സോക്രട്ടീസിൻെറ ഉദ്ദേശം.

സോക്രട്ടീസ് ആദ്യം വിവാഹംചെയ്ത സ്ത്രീ മിർടോൺ ആയിരുന്നു. പ്രഥമ ദാമ്പത്യജീവിതത്തിൻെറ ഫലം രണ്ട് ആൺമക്കളായിരുന്നു. അദ്ദേഹത്തിൻെറ അടുത്ത ഭാര്യ [illegible]ന്തിപ്പെ ആയിരുന്നു. ഈ വിവാഹത്തിൽനിന്ന് ഒരു പുത്രൻ ജനിച്ചു. സാന്തിപ്പെ കോപിഷ്ഠയായിരുന്നുവെന്നു പറയപ്പെടുന്നു. അവളുടെ കോപം പലപ്പോഴും പ്രത്യക്ഷപ്പെട്ടതായി രേഖകളുണ്ട്. എങ്കിലും കേവലം ദരിദ്രനായ ഒരു തത്വജ്ഞാനി, നിരന്തര താക്കികൻ, എന്നീ നിലകഠം ഏതു സ്ത്രീയുടെ ക്ഷമയെയാണ് ശിഥിലീകരിയ്ക്കാത്തത്?

ബി. സി. 399-ാമാണ്ട്, സോക്രട്ടിസിനു എഴുപതു വയസ്സു പ്രായം ആയപ്പോഴാണ് അദ്ദേഹത്തിൻെറ ശത്രുക്കളുടെ ആഗ്രഹം സാധിച്ചത്. രണ്ടു കുററങ്ങളാണ് അവർ അദ്ദേഹത്തിൽ ആരോപിച്ചത്. ആതെൻസിലെ ദേവതകളെ നിരസിച്ച് അപഹസിച്ചുവെന്നതും പട്ടണത്തിലുള്ള യുവാക്കന്മാരെ ദുർമ്മാർഗ്ഗപഥത്തിൽക്കൂടി നയിച്ചുവെന്നതും ആയിരുന്നു ഈ ആരോപണങ്ങഠം.

ആ കാലത്തുണ്ടായിരുന്ന ഉജ്ജ്വലവാഗ്മികളിൽ അഗ്രഗണ്യനായിരുന്ന ലൈസിയാസ് സോക്രട്ടീസിൻെറ ശത്രുക്കളെ പരാജയപ്പെടുത്തുന്നതിനു പററിയ ഒരു പ്രസംഗം എഴുതി അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തു. സോക്രട്ടീസ് അതു വായിച്ചുനോക്കി ലൈസിയാസിനു നന്ദി പറഞ്ഞുവെങ്കിലും അതു് ഉപയോഗിക്കുന്നതിനു സമ്മതിച്ചില്ല. ഇതുപോലെ എഴുതി തയാർ ചെയ്യപ്പെട്ട പ്രസംഗം തൻെറ പൗരുഷത്തിനു ഭംഗം വരുത്തുമെന്ന് അദ്ദേഹം വിചാരിച്ചു. സിക്കിയോണിലുണ്ടാക്കപ്പെട്ട ചെരുപ്പുകഠംപോലെ കാലിനു ചേന്നതെങ്കിലും സ്ത്രീത്വത്തിൻെറ ലക്ഷണമാണ് അതിൽ കണ്ടിരുന്നത്. അദ്ദേഹത്തിനെപ്പോലുള്ള ഒരു തത്വജ്ഞാനി സ്ഥിരനിശ്ചയവും മഹാമനസ്കതയും പ്രദശിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമായിരുന്നു.

കോടതി മുൻപാകെ സോക്രട്ടീസു വാദമാരംഭിച്ചതു് ഇപ്രകാരമായിരുന്നു: "ആതെൻസു നിവാസികളെ, നിങ്ങഠം എൻെറ ശത്രുക്കളുടെ മായാവലയിൽ എത്ര ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്ന് എനിക്കു നിശ്ചയമില്ല. അവരുടെ യുക്തിവാദങ്ങളുടെ തന്മയത്വത്താൽ ഞാൻതന്നെ അപഹൃതചിത്തനായിരിക്കുന്നു; എങ്കിലും സത്യമായ ഒരൊററ വാക്കുപോലും അവർ ഇതുവരെ പറഞ്ഞിട്ടില്ല."

ശത്രുക്കളുടെ വാദങ്ങഠം സോക്രട്ടീസ് എതിർത്തില്ല. തൻെറ ജീവിതോദ്ദേശങ്ങളെ സരസവും ലളിതവുമായ ഭാഷയിൽ പ്രസ്താവിക്കുക മാത്രമാണ് ചെയ്തതു്:

"സത്യാന്വേഷണങ്ങളെ ഞാൻ നിറുത്തി, എൻെറ ഗവേഷണഫലങ്ങളെ ഉപേക്ഷിക്കുകയാണെങ്കിൽ എന്നെ വിട്ടയിക്കാമെന്നു നിങ്ങഠം പറയുന്നപക്ഷം, 'ഓ, ആതെൻസു മഹാജനങ്ങളെ! നിങ്ങഠംക്കു വന്ദനം. ഞാൻ ദൈവകല്പനയെ അനുസരിക്കുകമാത്രമാണ് ചെയ്യുന്നതു്. അവിടത്തെ ആജ്ഞയനുസരിച്ചാണ് ഞാൻ ജ്ഞാനോപദേശം നൽകുന്നതു്' എന്നു ഞാൻ മറുപടി പറയും. എൻെറ ശരീരത്തിൽ കെല്പുള്ളിടത്തോളംകാലം, അന്ത്യശ്വാസം എന്നിൽനിന്നകലുന്നതുവരെ, പരമാത്ഥതത്വങ്ങളെക്കുറിച്ചുള്ള ഗവേഷണം ഞാൻ നിറുത്തുന്നതല്ല. എ

ന്റെ പതിവുപോലെ, കാണുന്നവരോടെല്ലാം, 'ശാശ്വതവും അനശ്വരവുമായ ആത്മജ്ഞാനം, തത്വബോധം, സത്യം, സന്മാൎഗ്ഗജീവിതം എന്നിവയോടുള്ള മൈത്രിയെ ത്യജിച്ച്, ധനം, സ്ഥാനമാനങ്ങൾ മുതലായവ നേടുന്നതിനായിമാത്രം ജീവിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ലജ്ജിക്കുന്നില്ലയോ?' എന്നു ചോദിക്കുന്നതായിരിക്കും. മൃത്യുവിനെക്കുറിച്ച് ഒരറിവും എനിക്കില്ല. അതു നല്ലതായിരുന്നേക്കാം. അതിനെ ഞാൻ ലവലേശവും ഭയപ്പെടുന്നില്ല. എന്നാൽ അവനവന്റെ കടമയെ നിൎവ്വഹിക്കാതെ അതിൽനിന്ന് പുറം കാണിച്ചോടുന്നതു് കേവലം ഭീരുത്വവും മൌഢ്യവുമാണെന്ന് എനിക്കറിയാം. അതുകൊണ്ട് തിന്മയെന്നു നല്ലവണ്ണം ബോദ്ധ്യമായ ഒരു കാൎയ്യം ചെയ്യുന്നതിനേക്കാൾ നന്മയായിരുന്നേക്കാവുന്നതായ മരണത്തെ ഞാൻ പൂൎണ്ണഹൃദയത്തോടെ വരിക്കുന്നു"—ഇതായിരുന്നു സോക്രട്ടീസിന്റെ പ്രസ്താവനയുടെ ചുരുക്കം.

സോക്രട്ടീസു കുററക്കാരനെന്നു കോടതി വിധിച്ചു. നീതിപതികളിൽ അനേകർ ഈ തീൎപ്പിനോടു യോജിച്ചില്ലെങ്കിലും ഭൂരിപക്ഷവും ശത്രുകക്ഷിക്കാരായിരുന്നു. മരണശിക്ഷയാണു വിധിച്ചതു്. ചട്ടപ്രകാരം മരണശിക്ഷയെ നാടുകടത്തലായി ലഘൂകരിക്കുന്നതിനുള്ള അപേക്ഷ കുററക്കാരൻതന്നെ ബോധിപ്പിക്കേണ്ടിയിരുന്നു. തനിക്കു വിധിച്ച ശിക്ഷയെ മാററമാറാകണമെന്നു സോക്രട്ടീസ് ആവശ്യപ്പെട്ടു. വാസ്തവത്തിൽ താൻ ഒരു പൊതുജനോപകാരിയാണെന്നും, തന്നെ ഗവൎമ്മെന്റിന്റെ ചെലവിൽ ഒരു പൊതുജനോപകാരിയെയെന്നപോലെ, അഥവാ ദേശീയമത്സരക്കളികളിൽ വിജയിയെ എന്നപോലെ സൽക്കരിച്ചു, ബഹുമാനിയ്ക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു. അവസാനത്തിൽ ചില സ്നേഹിതന്മാരുടെ ഹിതമനുസരിച്ച് ഒരു മീന—ഏകദേശം നാല്പതുരൂപ—പിഴ സ്വീകരിയ്ക്കാമെന്നു സോക്രട്ടീസു സമ്മതിച്ചു. എന്നാൽ അപരാധത്തുകയെ മുപ്പതു മീനയാക്കണമെന്ന അവരുടെ ഉപദേശത്തെ അദ്ദേഹം വകവച്ചില്ല.

ഇത്രയുമായപ്പോൾ കേ[illegible]യുടെ ക്രമയും അവസാനിച്ചു. ലൌകികമായ ബുദ്ധിയെ അപഹസിക്കുകയാണത്രെ സോക്രട്ടീസു ചെയ്തതു്. അദ്ദേഹം വിഷം കുടിച്ചു മരിക്കേണ്ടതാണെന്നായിരുന്നു വിധിയിൽ പറഞ്ഞിരുന്നതു്. ഇതിനെ സംബന്ധിച്ചു സോക്രട്ടീസ് ഒരു മറുപടിയും പറഞ്ഞില്ല. തന്റെ പ്രസ്താവന തുടൎന്നു, "ഇപ്പോൾ നാം തമ്മിൽ പിരിയേണ്ട സമയം ആയിരിക്കുന്നു. മരിക്കേണ്ടതിനായി ഞാനും ജീവിക്കുന്നതിനായി നിങ്ങളും പോകുന്നു. എന്നാൽ ശാശ്വതമായ ഭാഗ്യാവസ്ഥയിലേക്കു പ്രവേശിക്കുവാൻ പോകുന്നതു നിങ്ങളോ, ഞാനോ എന്നതു ദൈവത്തിനുമാത്രമല്ലാതെ വേറെയാൎക്കും പറയാവുന്നതല്ല" എന്നു പറഞ്ഞു അവസാനിപ്പിച്ചു.

ചില ആഘോഷദിവസങ്ങൾ ഇടയിൽ വന്നു ചേൎന്നതുകൊണ്ടു മരണശിക്ഷ നിറവേററുന്നതിനു മുന്നാഴ്ച താമസംവന്നു. ഈ ദിവസങ്ങളെല്ലാം ഇരുമ്പുവിലങ്ങുകൾ ധരിച്ചു കാരാഗൃഹത്തിൽ വസിച്ചുവന്നുവെങ്കിലും സോക്രട്ടീസു തന്റെ സ്നേഹിതന്മാരുമായി സന്തോഷത്തോടുകൂടി സംഭാഷിക്കുകയും അവരെ സൽക്കരിക്കുകയും ചെയ്തുവന്നു. തന്റെ പ്രത്യേക വാത്സല്യത്തിനു പാത്രവാനായിരുന്ന ക്രിറേറാ കാരാഗൃഹത്തിൽ ചെന്ന്, ഗുരുനാഥൻ രക്ഷപ്രാപിക്കുന്നതിന് ആവശ്യമുള്ള സകല

ഏപ്പാടുകളും ചെയ്യുവന്നിട്ടുള്ളതായി അദ്ദേഹത്തിനെ അറിയിച്ചു. ദേശത്തിൽ നിതി പരിപാലിക്കുന്നതിനുവേണ്ടി ഏപ്പെടുത്തപ്പെട്ടിട്ടുള്ള കോടതി മുൻപാകെ ശിക്ഷിക്കപ്പെട്ട താൻ ചട്ടത്തെ അവഗണിച്ച് ഒരിക്കലും ഒളിച്ചോടി പോകുന്നതല്ല എന്നായിരുന്നു സോക്രട്ടീസിൻെറ മറുപടി.

അവസാനഘട്ടത്തെ പ്ലേറെറാ വിവരിച്ചിട്ടുണ്ട്. അന്നും കുറെ സ്നേഹിതന്മാർ അദ്ദേഹത്തെ സന്ദശിച്ചു. അവസാനദിവസമായിരുന്നതുകൊണ്ടു വിലങ്ങുകളെല്ലാം അഴിച്ചുമാററപ്പെട്ടിരുന്നു. സാന്തിപ്പെയും മകനും അരികിലുണ്ടായിരുന്നു. അവൾ കരയുകയായിരുന്നു. "സോക്രട്ടീസേ, ഇപ്പോൾ ഈ സ്നേഹിതന്മാർ നിങ്ങളോടും, നിങ്ങൾ അവരോടും സംസാരിക്കുന്നതായിരിക്കുമല്ലൊ, നിങ്ങളുടെ ഈ ലോകത്തിലെ അന്ത്യസംഭാഷണം" എന്നു പറഞ്ഞു അവൾ കരഞ്ഞു. "ഇവളെ ആരെങ്കിലും വീട്ടിൽ കൊണ്ടുചെന്നാക്കട്ടെ" എന്നു സോക്രട്ടീസു ക്രിറെറാവിനോടു പറഞ്ഞു, സാന്ത്വനവാക്കുകളാൽ സമാധാനപ്പെടുത്തി അവരെ അവിടെ നിന്നയച്ചു. അവർ പോയതിൻെറശേഷം, ഏതാനും മണിക്കൂറുകൾക്കുള്ളിൽ മരണശിക്ഷയനുഭവിപ്പാൻ പോകുന്ന അദ്ദേഹം തൻെറ കിടക്കയിൽ എഴുനേററിരുന്നു. വിലങ്ങുകൾ ധരിച്ചിരുന്നതുകൊണ്ടു മരവിച്ചുപോയിരുന്ന ഭാഗങ്ങളെ തിരുമ്മിക്കൊണ്ട്, അവിടെ വന്നിരുന്ന സ്നേഹിതന്മാരോടു സുഖം, ദുഃഖം ഇവയുടെ ബന്ധത്തെക്കുറിച്ചും ജീവിതം, മരണം, അഴിവില്ലാത്ത ആത്മാവു ഇവയെക്കുറിച്ചും സംഭാഷിച്ചു. വൈകുന്നതിനുമുൻപു പോയി കുളിച്ചുവന്നു. സൂയ്യാസ്തമനസമയമായിരുന്നു വിഷം കുടിക്കുന്നതിനുള്ള നിശ്ചിതസമയം.

അപ്പോൾ ഒരു ഗവമ്മേണ്ടുദ്യോഗസ്ഥൻ അകത്തുകടന്നു താൻ ചെയ്യുവാൻപോകുന്ന പ്രവൃത്തിക്കായി തന്നോട് ക്ഷമിക്കണമെന്നഭ്യത്ഥിച്ചു. തന്നോടു കോപിക്കരുതെന്നപേക്ഷിച്ചുകൊണ്ട് ആ ഉദ്യോഗസ്ഥൻ മുഖം തിരിച്ച് ഒരു ശിശുവിനെപ്പോലെ പ്രലപിച്ചു ഇനിയും സമയമുണ്ടെന്നു ക്രീറെറാ പറഞ്ഞതു കൂട്ടാക്കാതെ വിഷം പകന്നു തരാൻ സോക്രട്ടീസ് ഉദ്യോഗസ്ഥനെ ക്ഷണിച്ചു. വിഷം വച്ചിരുന്ന കിണ്ണം കൈയിലെടുത്ത്, അതിൽനിന്നു സ്വല്പം ദൈവത്തെ ധ്യാനിച്ചു ഭൂമിയിലൊഴിച്ചിട്ട് ബാക്കിയുണ്ടായിരുന്നതു മുഴുവനും കുടിച്ചു. ചുററിനിന്നിരുന്ന സ്നേഹിതന്മാർ പരിഭ്രാന്തരായി വിഷാദിച്ചു വിറച്ചു. അവരുടെ ദയനീയത സോക്രട്ടീസിനു അസഹ്യമായിത്തോന്നി. "നിങ്ങൾ ചെയ്യുന്നതെന്താണ്? ഈ വിധം ഭീരുത്വവും ബുദ്ധിഹീനതയും കാണിക്കരുതെന്നു വിചാരിച്ചല്ലയോ സ്ത്രീജനങ്ങളെ ഞാൻ വീട്ടിലേക്കയച്ചതു? മരണസമയത്ത് ശകുനങ്ങൾ നന്നായിരിക്കണം. അതുകൊണ്ടു പരിഭ്രമിക്കാതെ ശാന്തരായിരിപ്പിൻ" എന്നു അവരോടു അപേക്ഷിച്ചു

വിഷം രക്തത്തോടു കലന്നു, നാഡിഞരമ്പുകളിൽ പ്രവേശിച്ചു, കൈകാലുകളെ അചേതനങ്ങളാക്കിത്തീത്തു. സ്വബോധം മറയുന്നതിനുമുൻപു താൻ നേച്ച് ചെയ്തിരുന്നതും മറന്നുപോയതുമായ ഒരു ബലിയെക്കുറിച്ച് അദ്ദേഹം നിദ്ദേശം നല്കി.

"തൻെറ സമകാലീനരിൽ ഉത്തമനും നമ്മുടെ അറിവിൽപെട്ട സകലരേയും ന്യായബോധത്തിലും സത്യസന്ധതയിലും ബുദ്ധിചാതുയ്യത്തിലും അതിശയിക്കുന്നവനുമായ നമ്മുടെ സ്നേഹിതൻെറ മരണം ഈ പ്രകാരമായിരുന്നു" എന്നാണ് പ്ലേ

ററാ ഈ സംഭവത്തെ വൎണ്ണിച്ചിരിക്കുന്നതു്.

സോക്രട്ടീസിൻെറ ശവസംസ്കാരം കഴിഞ്ഞ ഉടൻതന്നെ ആതെൻസുവാസികൾ പശ്ചാത്താപം പ്രദൎശിപ്പിക്കുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ ശത്രുക്കൾ പൊതുപ്രവൎത്തനങ്ങളിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. അവരിൽ ചിലരെല്ലാം നിരാശയുടെ മൂൎദ്ധന്യത്തിൽ ആത്മഹത്യചെയ്തു. സോക്രട്ടീസിൻെറ പ്രതിമ നിൎമ്മിക്കുവാൻ പൊതുജനങ്ങൾ ലൈസിപ്പസിനെ ഭരമേല്പിക്കുകയുംചെയ്തു.

സോക്രട്ടീസിൻെറ ജീവിതം, അദ്ദേഹത്തിൻെറ ആദൎശങ്ങൾ അനുഭവസാദ്ധ്യമായിരുന്നു എന്നുള്ളതിനു ദൃഷ്ടാന്തമാണ്. സിസെറൊ പറഞ്ഞിട്ടുള്ളതുപോലെ, അദ്ദേഹം തത്വബോധത്തെ സ്വൎഗ്ഗത്തിൽനിന്നു കൊണ്ടുവന്നു ഭൂമിയിൽ അവതരിപ്പിക്കുകയാണു ചെയ്തതു്. സോക്രട്ടീസ് സന്മാൎഗ്ഗപരമായ തത്വജ്ഞാനത്തെയാണ് സ്ഥാപിച്ചതും ലോകത്തിനു ഉപദേശിച്ചതും. സന്മാൎഗ്ഗവിയുക്തമായ മാനസികശാസ്ത്രം പൊതുജനങ്ങൾക്കു പ്രയോജനമുള്ളതായി അദ്ദേഹം കരുതിയില്ല. മനുഷ്യജീവിതത്തിന് ഉപയുക്തമായും സാന്മാൎഗ്ഗികമായും ഉള്ള കാൎയ്യങ്ങളിൽ മാത്രമാണ് അദ്ദേ[illegible]ഷണങ്ങൾ നടത്തിയതു്. സാമാന്യജീവിതത്തി[illegible]നിന്നു ഉദാഹരണങ്ങൾ ഉദ്ധരിച്ചതുനിമിത്തം അദ്ദേഹം പലരുടെയും പരിഹാസത്തിനു പാത്രീഭൂതനായി; എങ്കിലും സാമാന്യജനതയിൽ സത്യവും സാന്മാൎഗ്ഗികവും മോഹനവുമായ ജീവിതക്രമത്തിനോടുള്ള ആസക്തി വൎദ്ധിപ്പിച്ചു് ആത്മീയകാൎയ്യങ്ങളിൽ മുന്നേറുന്നതിന് അവരെ സഹായിക്കുന്നതിനായിട്ടു മാത്രമായിരുന്നു അദ്ദേഹം തൻെറ ജീവിതത്തെ യുക്തിപൂൎവ്വം ക്രമീകരിച്ചതു്.

GLUCOSE BISCUITS
FOR
*Your Babies.*
COCHIN BAKERY,
ERNAKULAM.

നിങ്ങൾക്ക് എന്തു

ആഭരണങ്ങളോ? സ്വർണ്ണം വേണമോ, വെ

സി. കെ. ലോനപ്പൻ ആൻ

സ്വർണ്ണക്കച്ചവടം ആഭരണ വ്യാപാരം ബ്രോഡ് വെ

**Ornaments and Jewels as Presents,**

NEAT & PROMPT & FAITHFUL EXECUTIO

**C. K. LONAPPAN & BROS.**

**BROADWAY, ERNAKULAM.**

---

***Who is***
***your own Photographer?***
**why it is**

**Malabar Photo Studio,**
**Alumkadavu, Ernakulam.**

**The** thinking man knows why
practical man knows how
artistic man knows where

***Colour Photographs,***
***a real specialty!***

**മലബാർ**
**ഫോട്ടോ സ്ററഡിയോ,**
ആലുങ്കടവ്, എറണാകുളം.

---

**T. K. MADHAVA**

**TIMBER MERCHANT,**

ERNAKULAM.

**ടി. കെ. മാധവൻ,**

**മരക്കച്ചവടം,**

**എറണാകുളം.**


---

# സ്റ്റാലിൻ ജീവചരിത്രം

ഗ്രന്ഥകർത്താ:

കെ. ജെ. ജോസഫ് തേറാട്ടിൽ, എം. ഏ., ബി. എൽ.

എ റ ണാ കു ളം.

പുസ്തകത്തിന്ന് ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസങ്ങളിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

1 മാനേജർ, പ്രകാശം പ്രിൻറിംഗ് വർക്സ്,
ബ്രോഡ് വേ, എറണാകുളം.

2 സി. എൽ. മാത്യു, കെമിസ്റ്റ്, തൃശ്ശൂർ.

Editors { M. P. Paul, M. A. / K. J. Joseph Therattil M. A., B. L.

റൊ ഈ സംഭവത്തെ വ...
ന്നു.

സോക്രട്ടീസിൻെറ ശ...
ഴിഞ്ഞ ഉടൻതന്നെ ...
കം പശ്ചാത്താപ...
ത്തുടങ്ങി. അ...
പൊതുപ്ര...
രിക്ക...
രാശയ...
ശ്ശ. ഒ...
...

Subscription Rates for A Year.

ഉദയംമാസിക—വരിസംഖ്യ ഒരു കൊല്ലത്തേക്ക്

Advance.

| | | |
|---|---|---|
| അഞ്ചലിൽ (Anchal) | Rs. | 2—8—0 ക. |
| തപാലിൽ (Post) | Rs. | 2—12—0 ക. |
| ഇന്ത്യക്കു പുറമെ (Outside India) | Rs. | 5—0—0 ക. |

... മുൻകൂർ.

പരസ്യനിരക്ക്. (ADVERTISEMENT RATES)

COVER PAGE FOR ONE YEAR Rs. 200. മുഴുവൻ കവർപേജ ഒരു... ...200

| | Months. 12 മാസം. | Months. 6 മാസം. | Months. 3 മാസം. | Single Insertion. ഒരു പ്രാവശ്യം. |
|---|---|---|---|---|
| page മുഴുവൻ പേജ് | Rs. 100 ക. | Rs. 60 ക. | Rs. 40 ക. | Rs. 12 ക. |
| page അര പേജ് | Rs. 60 ക. | Rs. 40 ക. | Rs. 25 ക. | Rs. 8 ക. |
| ...rter page കാൽപേജ് | Rs. 36 ക. | Rs. 24 ക. | Rs. 15 ക. | Rs. 5 ക. |

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

ADDRESS:

*Udayam Office,*
*Ernakulam.*

അപേക്ഷിക്കേണ്ടും മേൽവിലാസം:

ഉദയം ആപ്പീസ്,
എറണാകുളം.


# M. P. PAUL'S COLLEGE,

**ERNAKULAM.**

**OFFERS INSERTION FOR THE FOLL:—**

City and Guilds (London) Examination in Radio communications.
Bombay Government Examination in Radio Engineering (R. E.)
City and Guilds Examination in Electrical Technology.
A. M. I. E. E. Examination of London.
Government of India Examination in Wireless Operators Test.
**B. A., B. Sc., Intermediate and Cambridge Senior.**

For details apply to :—

M. P. PAUL M. A.,
PRINCIPAL.

## സ്റ്റാലിൻ

തൊഴിലാളിപ്പതിപ്പ് തയ്യാറായിവരുന്നു.

വില. 1ണ. 6പൈ.

ഗ്രന്ഥകർത്താ:

കെ. ജെ. ജോസഫ് തേറാട്ടിൽ,
എം. ഏ., ബി. എൽ.
എറണാകുളം.

## ബാഷ്പധാര.

ശോകാത്മകമായ ഒരു ഖണ്ഡകാവ്യം.

(IN PRESS).

ഗ്രന്ഥകർത്താ:

സരസഗായകകവി
വിദ്വാൻ പുത്തൻകാവ് മാത്തൻതരകൻ,
ബി. ഒ. എൽ.


Edited, Printed and Published by K. J. Joseph Therattil, M. A., B. L.
at the Prakasam Printing Works, Broadway, Ernakulam.